I.ഇ.ബി. XIIകേരള നിയമസഭ/VIII-2

**പന്ത്രണ്ടാം കേരള നിയമസഭ**

എട്ടാം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2008 ജൂൺ 24, ചൊവ്വ

നിയമസഭ രാവിലെ 8.30 -ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**അടിയന്തിരപ്രമേയം**

വിവാദ പാഠപുസ്തകം പിൻവലിക്കണമെന്ന ആവശ്യം

മി. സ്പീക്കർ: ഈ വർഷത്തെ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്കൂൾ പാഠപുസ്തകങ്ങൾ പൊതുവേയും 7-ാം സ്റ്റാന്റേർഡിന്റെ സാമൂഹ്യ ശാസ്ത്രം പ്രത്യേകിച്ചും ഈശ്വര ചിന്തയും മതവിശ്വാസവും നിഷേധിക്കുന്നതും കമ്മ്യൂണിസ്റ്റ്വൽക്കരണത്തിന് വഴിതെളിക്കുന്നതും ദേശീയ കാഴ്ചപ്പാടില്ലാത്തതുമായ പ്രസ്തുത പാഠപുസ്തകങ്ങൾ പിൻവലിക്കണമെന്ന് ആവശ്യപ്പെട്ട് വിവിധ സംഘടനകൾ സമരരംഗത്ത് വന്നതുമൂലം ഉളവായിട്ടുള്ള ഗുരുതരമായ സ്ഥിതിവിശേഷം സംബന്ധിച്ച് സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ കെ.എം.മാണി, കെ.സി. ജോസഫ്, സി.ടി. അഹമ്മദ് അലി, കെ.ബി. ഗണേഷ്

കുമാർ, കെ.കെ. ഷാജു എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി) : ഏഴാം ക്ലാസ്സിലെ സാമൂഹ്യശാസ്ത്രം എന്ന പാഠപുസ്തകം കമ്മ്യൂണിസ്റ്റ് ആശയം പ്രചരിപ്പിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതും മതവിരുദ്ധവും നിരീശ്വരവാദപരവുമായ ആശയങ്ങൾ ഉൾക്കൊള്ളുന്നതുമാണെന്നാണ് ബഹുമാനപ്പെട്ട കെ.എം. മാണിയും മറ്റ് എം.എൽ.എ. മാരും വിമർശനം ഉന്നയിച്ചിട്ടുള്ളത്. ഏതാനും നാളുകളായി കേരളത്തിൽ നടന്നുവരുന്ന പ്രക്ഷോഭങ്ങളും മാധ്യമങ്ങളിലൂടെ ഉന്നയിച്ചിട്ടുള്ള വാദമുഖങ്ങളും വഴി പ്രസ്തുത പാഠപുസ്തകത്തെക്കുറിച്ച് ജനങ്ങൾക്കിടയിൽ തെറ്റായ ഒരു ധാരണ ഉണ്ടായിട്ടുണ്ട്. ഇവിടെ ഉന്നയിച്ചിരിക്കുന്ന വാദമുഖങ്ങൾ വസ്തുതയുമായി യാതൊരു ബന്ധവുമില്ലാത്തതാണെന്ന് വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്. ഈ പുസ്തകത്തിൽ കമ്മ്യൂണിസത്തെക്കുറിച്ച് എവിടെയാണ് പ്രതിപാദിച്ചിരിക്കുന്നതെന്ന് ശ്രീ. കെ. എം. മാണി വ്യക്തമാക്കണം. എൻ.സി.ഇ.ആർ.ടി. യുടെ ആഭിമുഖ്യത്തിൽ പ്രൊഫ. യശ്പാൽ നേതൃത്വം കൊടുത്ത 2005-ലെ ദേശീയ പാഠ്യപദ്ധതി ചട്ടക്കൂടിന്റെ ചുവട് പിടിച്ചുകൊണ്ടാണ് 2007-ൽ കേരള പാഠ്യപദ്ധതി ചട്ടക്കൂട് തയ്യാറാക്കിയിട്ടുള്ളത്. ഓരോ സംസ്ഥാനവും അവരുടേതായ പാഠ്യപദ്ധതി ചട്ടക്കൂട് ആവിഷ്ക്കരിക്കുന്നത് ദേശീയ പാഠ്യപദ്ധതി ചട്ടക്കൂടിന്റെ ആശയങ്ങൾ ഉൾക്കൊണ്ടുകൊണ്ടാകണം. ചരിത്രത്തിലാദ്യമായി ഒരു പാഠ്യപദ്ധതി ചട്ടക്കൂട് സ്കൂൾതലം വരെ ചർച്ച ചെയ്യാനുള്ള അവസരം കേരളത്തിൽ ഉണ്ടായിരിക്കുന്നു. പ്രസ്തുത ചർച്ചയുടെ ഉൽഘാടനം നിർവ്വഹിച്ചത് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവാണ്. ഇത് ഒരു സമീപന രേഖയാണ്. അതിന്റെ അടിസ്ഥാനത്തിൽ എഴുതിത്തയ്യാറാക്കിയ പുസ്തകമാണിത്.

ഇത്തവണ 1, 3, 5 7 എന്നീ ക്ലാസ്സുകളിലേയ്ക്കാണ് പുതിയ സിലബസ്സിലുള്ള പുസ്തകങ്ങൾ അച്ചടിച്ചത്. ഒന്നാം ക്ലാസ്സൊഴികെയുള്ള മറ്റ് ക്ലാസ്സുകളിലെ കുട്ടികൾ വലിയ പാഠപുസ്തകങ്ങൾ കൊണ്ടുപോകുന്നത് വിഷമകരമാണെന്നുകണ്ട് 2 ഭാഗങ്ങളായിട്ടാണ് അച്ചടിച്ചിട്ടുള്ളത്. തർക്കവിഷയമായ ഒന്നാം ഭാഗത്തിൽ ദേശീയ സ്വാതന്ത്ര്യ പ്രസ്ഥാനത്തിന് അർഹമായ പ്രാധാന്യം കൊടുത്തിട്ടുണ്ട്. മഹാത്മാ ഗാന്ധിയെക്കുറിച്ച് എത്ര തവണ പ്രതിപാദിച്ചിട്ടുണ്ടെന്ന് ഈ പുസ്തകം വായിച്ചാൽ മനസ്സിലാകുന്നതാണ്. കൂടാതെ വൈക്കം സത്യാഗ്രഹത്തെക്കുറിച്ചും ഗുരുവായൂർ സത്യാഗ്രഹത്തെക്കുറിച്ചും ഇതിൽ പ്രതിപാദിച്ചിട്ടുണ്ട്. ഈ വസ്തുതകൾ മറച്ചുവച്ചുകൊണ്ടുള്ള കാര്യങ്ങൾ ഇല്ലെന്നും ഇല്ലാത്ത കാര്യങ്ങൾ ഉണ്ടെന്നും പറഞ്ഞ് വളരെ അപഹാസ്യമായ രീതിയിലാണ് ബഹളമുണ്ടാക്കിക്കൊണ്ടിരിക്കുന്നത്. ഏറ്റവും കൂടുതൽ വിവാദമുണ്ടാക്കുന്നത് ഒരു വിദ്യാർത്ഥിയെ സ്കൂളിൽ ചേർക്കാൻ കൊണ്ടുചെല്ലുമ്പോഴുള്ള രംഗം ചിത്രീകരിച്ചതിലാണ്. കുട്ടിയുടെ മതം രേഖപ്പെടുത്തേണ്ടത് ഏതാണെന്ന് ഹെഡ്മാസ്റ്റർ മാതാപിതാക്കളോട് ചോദിച്ചപ്പോൾ വളർന്നു വലുതാകുമ്പോൾ അവന് ഇഷ്ടമുള്ള മതം സ്വീകരിക്കട്ടെ എന്നാണ് ഹെഡ്മാസ്റ്ററോട് ആ മാതാപിതാക്കൾ പറഞ്ഞത്. പണ്ഡിറ്റ് ജവഹർലാൽ നെഹ്റു അദ്ദേഹത്തിന്റെ ഒസ്യത്തിൽ തന്റെ മരണശേഷം മതപരമായ കർമ്മങ്ങൾ നടത്തരുത് എന്ന് എഴുതിയിട്ടുള്ള കാര്യവും പാഠപുസ്തകത്തിന്റെ ഭാഗമായി ചേർത്തിട്ടുണ്ട്. മഹാഭാരതത്തിലെയും, ബൈബിളിലെയും ഉദ്ധരണിയുമുണ്ട്. നബിവചനവും ഗുരുനാനാക്കിന്റെ വചനവും കൊടുത്തിട്ടുണ്ട്. ബുദ്ധന്റെ വചനം കൂടി ഇതിൽ ചേർക്കാത്തത് ഒരു പോരായ്മയായി ഞാൻ കാണുന്നു. അതു കൊണ്ടുതന്നെ നൂറ് ശതമാനം കുറ്റമറ്റതാണ് ഈ പാഠപുസ്തകമെന്ന

അഭിപ്രായം ഇല്ല. മലബാർ സ്വാതന്ത്ര്യ സമരത്തിൽ കുഞ്ഞഹമ്മദ് ഹാജിയും ആലി മുസലിയാരും വഹിച്ച പങ്കിനെക്കുറിച്ച് പാഠ പുസ്തകത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. ഒരിടത്തും നിരീശ്വരവാദത്തെക്കുറിച്ച് പറഞ്ഞിട്ടില്ല. പാഠപുസ്തകത്തെക്കുറിച്ച് ജനങ്ങൾക്ക് കൂടുതൽ അറിയാൻ സാധിക്കുമെന്നുള്ളതു കൊണ്ട് ഉചിതമായ സമയം നിശ്ചയിച്ച് ഈ വിഷയം ചർച്ച ചെയ്യാൻ സർക്കാർ തയ്യാറാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി): ചർച്ച ചെയ്യുന്നതിനായി ചട്ടമനുസരിച്ചുള്ള സമയം ഇന്നു തന്നെ തീരുമാനിക്കണം.

മി. സ്പീക്കർ: പ്രതിപക്ഷ നേതാവും മുഖ്യമന്ത്രിയുമായി ആലോചിച്ച് സമയം നിശ്ചയിക്കാം.

**ശ്രദ്ധ ക്ഷണിക്കൽ:**

(1) ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്

പ്രൊഫ. കെ. വി. തോമസ്: 2005-06-ൽ 141 കോടി രൂപയുടെ വിറ്റുവരവുണ്ടാക്കി ലാഭത്തിൽ പ്രവർത്തിച്ചിരുന്ന അമ്പതു വർഷത്തെ പാരമ്പര്യമുള്ള ഒരു പൊതുമേഖലാ സ്ഥാപനമായ തിരുവനന്തപുരത്തെ ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ് കഴിഞ്ഞ ഏതാനും വർഷങ്ങളായി വലിയ പ്രതിസന്ധിയിലാണ്. 1545 ജീവനക്കാരുണ്ടായിരുന്നതിൽ ഇപ്പോൾ 916 പേർ മാത്രമാണുള്ളത്. യാതൊരു പ്രൊഡക്ഷനും നടക്കാത്തതിനാൽ അവിടെ ആർക്കും തൊഴിലും ഇല്ല. ഇതിനെക്കുറിച്ച് മുഖ്യമന്ത്രിയുമായി തിരുവനന്തപുരം ജില്ലയിലെ ജനപ്രതിനിധികളും യൂണിയൻ പ്രതിനിധികളും സംസാരിച്ചിരുന്നു. പല പ്രാവശ്യം വ്യവസായ വകുപ്പുമന്ത്രിയുമായി ചർച്ച നടത്തുകയും ചെയ്തിരുന്നു. അതിന്റെയെല്ലാം അടിസ്ഥാനത്തിലുണ്ടായ ധാരണ ഈ സ്ഥാപനത്തിന്റെ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകുന്നതി

നായി ആദ്യഗഡുവായി സംസ്ഥാന ഗവൺമെന്റ് 10 കോടി രൂപ നൽകുമെന്നാണ്. കഴിഞ്ഞയാഴ്ച 3 കോടി രൂപ കൊടുക്കാമെന്ന് മന്ത്രിസഭ തീരുമാനിച്ചുവെങ്കിലും ഇതുവരെ ആ തുക കൊടുത്തിട്ടില്ല. കഴിഞ്ഞ ഒരു മാസമായി ട്രേഡ് യൂണിയൻ പ്രതിനിധികൾ സെക്രട്ടേറിയറ്റിനു മുമ്പിൽ സമരത്തിലാണ്. ഇന്ന് നിയമസഭാ മാർച്ചും നടത്തുന്നുണ്ട്. ഇക്കാര്യമെല്ലാം ഗൗരവമായി കണ്ടുകൊണ്ട് ഈ സ്ഥാപനം മുന്നോട്ടു പോകുന്നതിനുവേണ്ടിയുള്ള അടിയന്തിര നടപടികൾ സ്വീകരിക്കണം.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ.എളമരം കരീം) : ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡിന്റെ മുഖ്യ അസംസ്കൃത വസ്തുക്കളുടെ അതിഭീമമായ വിലവർദ്ധന കമ്പനിയെ ഗുരുതരമായ പ്രതിസന്ധിയിലാക്കിയിരിക്കുകയാണ്. ചില അസംസ്കൃത വസ്തുക്കൾക്ക് വിപണിയിൽ ദൗർലഭ്യം നേരിടുന്നുമുണ്ട്. ടി. ടി. പി. യുടെ പ്രതിമാസ ഉൽപ്പാദനത്തിന് ഉദ്ദേശം 2500 ടൺ സൾഫർ ആവശ്യമുണ്ട്. 2007 ഏപ്രിലിൽ ഒരു ടൺ സൾഫറിന് 5000 രൂപ വിലയായിരുന്നത് 2008 ഏപ്രിലിൽ 29,500 രൂപയായി ഉയർന്നു. ഒരു ടൺ സൾഫർ ഏകദേശം 8000 രൂപയ്ക്ക് ലഭ്യമായാൽ മാത്രമേ കമ്പനിക്ക് നഷ്ടമുണ്ടാകാതെ പ്രവർത്തിക്കാനാവൂ. ടി.ടി.പി.യുടെ ഉൽപ്പാദനത്തിനാവശ്യമായ 2500 ടൺ സൾഫറിൽ 1000 ടൺ ബി. പി. സി. എൽ.-ൽ നിന്നാണ് വാങ്ങിക്കൊണ്ടിരുന്നത്. എന്നാൽ ഇപ്പോൾ ബി.പി. സി. എൽ-ൽനിന്ന് ഒരു മാസം 600 മുതൽ 900 ടൺ വരെ സൾഫർ മാത്രമാണ് ലഭിക്കുന്നത്. കമ്പനിയുടെ അസംസ്കൃത വസ്തുക്കളായ പൊട്രോളിയം ഉൽപ്പന്നങ്ങളുടേയും വില ക്രമാതീതമായി വർദ്ധിച്ചിരിക്കുകയാണ്. ഫർണസ് ഓയിലിന്റെയും മണ്ണെണ്ണയുടെയും വിലയിൽ 40 ശതമാനം വർദ്ധനവുണ്ടായിട്ടുണ്ട്. അസംസ്കൃത

വസ്തുക്കളുടെ ഇന്നത്തെ വിലനിലവാരം അനുസരിച്ച് ഒരു ടൺ ടൈറ്റാനിയം ഡയോക്സൈഡിന്റെ ഉൽപ്പാദനച്ചെലവ് ഒരുലക്ഷത്തി പതിനായിരം രൂപയാണ്. ടൈറ്റാനിയം ഡയോക്സൈഡിന്റെ ഇറക്കുമതിച്ചു ങ്കത്തിലുണ്ടായ കുറവുമൂലം ഇന്ത്യൻ വിപണിയിൽ വൻതോതിൽ ഈ ചരക്ക് കടന്നുവരുന്നുണ്ട്. വിപണിയിൽ ടൈറ്റാനിയം ഡയോക്സൈഡിന്റെ ഇപ്പോഴുള്ള വില 90,000 രൂപയാണ്. പ്രതിമാസം 1500 ടൺ ഉൽപ്പാദനം നടത്തുന്ന ടി.ടി.പി. ക്ക് ഏകദേശം മൂന്നരക്കോടിയോളം രൂപ പ്രതിമാസം നഷ്ടമുണ്ട്. കമ്പനിയുടെ പ്രധാന അസംസ്കൃത വസ്തുവായ ഇൽമനൈറ്റ് ചവറയിലുള്ള ഐ. ആർ. ഇ.- യിൽനിന്നാണ് ലഭിക്കുന്നത്. ഐ. ആർ. ഇ. യിലുണ്ടായ സമരംമൂലം ഇൽമനൈറ്റ് ലഭിക്കാതെ വരികയും ടി.ടി.പി. പ്രതിസന്ധിയിലാകുകയും ചെയ്തു. സമരം അവസാനിച്ചശേഷവും ലോറികളുടെ ക്ഷാമംമൂലം ഇൽമനൈറ്റ് ശേഖരിക്കുവാൻ കാലതാമസം ഉണ്ടായി. ഈ സാഹചര്യം കണക്കിലെടുത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ വ്യവസായ വകുപ്പുമന്ത്രി, നിയമവകുപ്പുമന്ത്രി എന്നിവരുടെ സാന്നിദ്ധ്യത്തിൽ തിരുവനന്തപുരം ജില്ലയിലെ എം. എൽ. എ.- മാരും സർക്കാരിലെ ഉന്നത ഉദ്യോഗസ്ഥരും ടൈറ്റാനിയം മാനേജ്മെന്റുമടങ്ങുന്ന ഒരു യോഗം 9-4-2008-ൽ വിളിച്ചുകൂട്ടി പ്രശ്നങ്ങൾ വിശദമായി ചർച്ച ചെയ്യുകയും സുപ്രധാന തീരുമാനങ്ങളെടുക്കുകയും ചെയ്തു. കുവൈറ്റിൽനിന്ന് കുറഞ്ഞ വിലയ്ക്ക് സൾഫർ ലഭിക്കാൻ സാധ്യതയുണ്ടെന്ന വിവരത്തിന്റെ അടിസ്ഥാനത്തിൽ അതിനെക്കുറിച്ചന്വേഷിക്കാൻ വ്യവസായ വകുപ്പ് സെക്രട്ടറിയെയും ഒരു ഉയർന്ന ഉദ്യോഗസ്ഥനേയും കുവൈറ്റിലേയ്ക്ക് അയച്ചു. സൾഫർ ദൗർലഭ്യം അനുഭവപ്പെടുന്ന ആലുവയിലെ ഫാക്ടുമായിച്ചേർന്ന് സൾഫർ ഇറക്കുമതി

ചെയ്യാൻ കുവൈറ്റ് പെട്രോളിയം കമ്പനിയുമായി ഒരു ദീർഘകാല കരാർ ഉണ്ടാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്. ദീർഘകാലപദ്ധതിയുടെ ഭാഗമായി ടി.ടി.പി.യിൽ നിലവിലുള്ളതിനുപകരം മറ്റേതെങ്കിലും പ്രവർത്തനരീതി കണ്ടെത്തുക, ഉൽപ്പന്ന വൈവിദ്ധ്യവൽക്കരണം നടത്തുക, നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന മലിനീകരണ നിവാരണ പദ്ധതികളുടെ പ്രായോഗികത എന്നിവയെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിലേയ്ക്കായി ചെന്നൈ ഐ. ഐ. ടി. യിലെ പ്രൊഫസർ പുഷ്പവനത്തിന്റെ അദ്ധ്യക്ഷതയിൽ ആറംഗ വിദഗ്ദ്ധ സമിതിയെ നിയോഗിച്ചു.. വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് ലഭിക്കുന്നതുവരെ കമ്പനി പ്രവർത്തിപ്പിക്കുവാൻ 10 കോടി രൂപ നൽകുവാൻ ധാരണയായി. ആദ്യഗഡുവായ 3 കോടി രൂപ നൽകാൻ ഉത്തരവായിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് സൾഫറിന്റെയും ഇൽമനൈറ്റിന്റെയും ശേഖരണം ത്വരിതപ്പെടുത്തി ടി.ടി.പി.യിൽ എത്രയുംവേഗം ഉൽപ്പാദനം പുനരാരംഭിക്കാനുള്ള ശ്രമത്തിലാണ്. മലിനീകരണ നിയന്ത്രണത്തിന് വേണ്ടിയുള്ള 131 കോടി രൂപയുടെ മൂന്നാംഘട്ട പദ്ധതി പരിശോധിക്കുകയും അതിനുവേണ്ടി ഒരു ബൃഹത് പ്രോജക്ടിന് രൂപം നൽകുന്ന കാര്യത്തെക്കുറിച്ച് ഇപ്പോൾ നിയോഗിച്ചിട്ടുള്ള വിദഗ്ദ്ധ സമിതിയോട് ഗവൺമെന്റിലേയ്ക്ക് റിപ്പോർട്ട് നൽകാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. വിദഗ്ദ്ധസമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ യുക്തമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(2) സാമൂഹിക-സാംസ്ക്കാരിക സംഘടനകളുടെ കൈവശത്തിലുള്ള സർക്കാർ ഭൂമി തിരിച്ചെടുക്കാൻ നടപടി

ശ്രീ. വി. ശിവൻകുട്ടി : സംസ്ഥാനത്ത് പല സാമൂഹ്യ-സാംസ്ക്കാരിക -കായിക സംഘടനകൾക്കും മാനദണ്ഡങ്ങൾക്ക് വിധേയമായി പാട്ടക്കരാർ വ്യവസ്ഥയിൽ സർക്കാർ ഭൂമി നൽകിയിട്ടുണ്ട്. തുച്ഛമായ പാട്ടത്തിനാണ് ഇത്തരം സംഘടനകൾക്ക് ഭൂമി നൽകിയിട്ടുള്ളത്. എന്നാൽ അവർ ഈ ഭൂമി പാട്ടക്കരാർ ലംഘിച്ച് വ്യവസായ-വാണിജ്യാവശ്യത്തിന് ഉപയോഗിക്കുകയാണ്. തിരുവനന്തപുരം താലൂക്കിൽ 100 കോടിയോളം രൂപ പാട്ടക്കുടിശ്ശികയിനത്തിൽ ലഭിക്കാനുണ്ട്. ഗോൾഫ് ക്ളബ്ബിന്റെ കൈവശം 25 ഏക്കർ ഭൂമിയാണുള്ളത്. സർക്കാർ രേഖകളനുസരിച്ച് ഗോൾഫ് കളിക്കാണ് സ്ഥലം പ്രയോജനപ്പെടുത്തേണ്ടതെങ്കിലും വിവാഹസൽക്കാരം, സിനിമ, സീരിയൽ ഷൂട്ടിംഗ്, വൻ കമ്പനിയുടെ ആഘോഷങ്ങൾ തുടങ്ങിയവ നടത്തി വൻ തുകകളാണ് ഈടാക്കിക്കൊണ്ടിരിക്കുന്നത്. സമൂഹത്തിലെ ഉന്നതമായ സ്ഥാനത്തിരിക്കുന്ന വ്യക്തികളുടെ സ്വകാര്യ ആവശ്യങ്ങൾ നിറവേറ്റുന്ന കേന്ദ്രമായി സർക്കാർ ഭൂമികളും അനുബന്ധ സ്ഥാപനങ്ങളും മാറിക്കൊണ്ടിരിക്കുകയാണ്. കായികരംഗം പ്രോത്സാഹിപ്പിക്കാനുള്ള ക്ലബ്ബുകളിൽ മദ്യഷാപ്പുകൾ പോലും പ്രവർത്തിപ്പിക്കുകയാണ്. സർക്കാർ ബാർ ലൈസൻസ് ഫീസായി 25 ലക്ഷം രൂപ ഈടാക്കുമ്പോൾ സമ്പന്നൻമാരുടെയും ഉന്നത ഉദ്യോഗസ്ഥരുടേയും ക്ലബുകൾക്ക് അഞ്ച് ലക്ഷം രൂപ മാത്രമാണ് ഈടാക്കുന്നത്. ചരിത്രപ്രാധാന്യമുള്ള തിരുവനന്തപുരം ഗോൾഫ് ക്ലബ് സംരക്ഷിക്കുന്നതിന് പി.ഡബ്ല്യു.ഡി.യും ടൂറിസം ഡിപ്പാർട്ട്മെന്റും പ്രതിവർഷം ലക്ഷക്കണക്കിന് രൂപയാണ് ചെലവഴിക്കുന്നത്. വ്യക്തമായ കരാർപോലും നിലവിലില്ലാത്ത പല

സംഘടനകളും അന്യായമായി സർക്കാർ ഭൂമി കൈവശം വച്ചിരിക്കുകയാണ്. സർക്കാർ ഇത്തരം സ്ഥാപനങ്ങൾക്കെതിരെ പലപ്പോഴും താൽക്കാലികമായി നടപടികൾ സ്വീകരിക്കുന്നുണ്ടെങ്കിലും കോടതിയിൽ പരാജയപ്പെടുകയാണ് ചെയ്യുന്നത്. ഇക്കാര്യത്തിൽ ഗവൺമെന്റ് പ്രതിനിധികളിൽനിന്നും ബോധപൂർവ്വമായ വീഴ്ച ഉണ്ടായിട്ടുണ്ടോ എന്ന് പരിശോധിക്കണം. കരാർ ലംഘനം നടത്തുകയും പാട്ടത്തുകയിൽ കുടിശ്ശിക വരുത്തുകയും ചെയ്ത എല്ലാ സ്ഥാപനങ്ങളുടെയും കൈവശമുള്ള സർക്കാർ ഭൂമി ഏറ്റെടുക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) : സംസ്ഥാനത്താകെ 1539 സ്ഥാപനങ്ങൾക്കും 4476 വ്യക്തികൾക്കുമായി 4479.52 ഏക്കർ സർക്കാർ ഭൂമി പാട്ടത്തിന് നൽകിയിട്ടുണ്ട്. 5 സെന്റ് മുതൽ 250 ഏക്കറിന് മുകളിൽ വരെയുള്ള കേസ്സുകളിലാണ് ഇത്രയും ഭൂമി പാട്ടത്തിന് നൽകിയിട്ടുള്ളത്. വ്യാവസായിക ആവശ്യങ്ങൾക്കും വൻകിട തോട്ടങ്ങൾക്കും മറ്റും പാട്ടത്തിന് നൽകിയ ഭൂമി ഇതിൽ ഉൾപ്പെടുന്നില്ല. സാമൂഹ്യ-കായിക-കലാ -സാംസ്ക്കാരിക സംഘടനകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വാണിജ്യ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, ജീവകാരുണ്യ പ്രവർത്തനത്തിലേർപ്പെട്ടിരിക്കുന്ന ആശുപത്രികൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ, തദ്ദേശ ഭരണ സ്ഥാപനങ്ങൾ, അർദ്ധ-സർക്കാർ സ്ഥാപനങ്ങൾ എന്നിവയൊക്കെ ഇതിൽപ്പെടും. ഏറ്റവും കൂടുതൽ സ്ഥലം പാട്ടത്തിന് നൽകിയിട്ടുള്ളത് തിരുവനന്തപുരം ജില്ലയിലാണ്. 863 സ്ഥാപനങ്ങളും ക്ലബ്ബുകളുമടക്കം 954 കേസ്സുകളിലായി 1222.67 ഏക്കർ സ്ഥലം പാട്ടത്തിന് നൽകിയിട്ടുണ്ട്. ഏറ്റവും കുറവ് വയനാട് ജില്ലയിലാണ്. അവിടെ 3 വ്യക്തികൾക്കും 2 സ്ഥാപനങ്ങൾക്കുമായി 19 സെന്റ് ഭൂമി മാത്രമേ പാട്ടത്തിന്

നൽകിയിട്ടുള്ളൂ. 3030 കേസ്സുകളിൽ പാട്ടക്കാലാവധി അവസാനിച്ചു. ഇതിൽ 744 കേസ്സുകളിൽ മാത്രമാണ് പാട്ടം പുതുക്കിനൽകിയിട്ടുള്ളത്. പാട്ടക്കുടിശ്ശിക അടയ്ക്കാത്തതുൾപ്പെടെ വ്യവസ്ഥകൾ ലംഘിച്ച 1626 കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പാട്ടത്തിന് സർക്കാർ ഭൂമി അനുവദിച്ച ചില കേസ്സുകളിൽ പാട്ടവ്യവസ്ഥയ്ക്ക് വിരുദ്ധമായി മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഭൂമി അനധികൃതമായി കൈമാറുക, സബ്‌ലീസിന് നൽകുക, പാട്ടത്തുക ഒടുക്കുന്നതിൽ വീഴ്ച വരുത്തുക, അനുവദിച്ച ആവശ്യങ്ങൾക്കല്ലാതെ മറ്റ് കാര്യങ്ങൾക്ക് സ്ഥലം ഉപയുക്തമാക്കുക, കാലാവധി കഴിഞ്ഞ പാട്ടക്കരാർ പുതുക്കാതിരിക്കുക തുടങ്ങി നിരവധി വ്യവസ്ഥാ ലംഘനങ്ങൾ ഇത്തരം ക്ലബ്ബുകളും സംഘടനകളും നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പാട്ടവ്യവസ്ഥ ലംഘിച്ചതിന്റെ പേരിൽ 35 പേരിൽനിന്നും 114.37 ഏക്കർ സ്ഥലം തിരിച്ചുപിടിച്ച് സർക്കാർ ലാന്റ് ബാങ്കിൽ നിക്ഷേപിച്ചിട്ടുണ്ട്. 57 കേസ്സുകൾ കോടതികളിലുണ്ട്. സംസ്ഥാനത്തെ മിക്കവാറും എല്ലാ ജില്ലകളിലും സാമൂഹ്യ-കലാ-കായിക-സാംസ്ക്കാരിക സ്ഥാപനങ്ങൾക്കും ക്ലബുകൾക്കും സർക്കാർ സ്ഥലം പാട്ടത്തിന് നൽകിയിട്ടുണ്ട്. ഇതിൽ നഗരങ്ങളിൽ പ്രവർത്തിക്കുന്ന ഏതാനും വൻകിട ക്ലബ്ബുകൾ ഒഴികെ മറ്റുള്ളവയെല്ലാം ചെറുകിട ആർട്ട്സ് ആന്റ് സ്പോർട്ട്സ് ക്ലബ്ബുകളാണ്. തിരുവനന്തപുരത്തെ ഗോൾഫ് ക്ലബ്, തൃശ്ശൂരിലെ ബാനർജി ക്ലബ് എന്നിവ പാട്ടക്കരാറോ നിയതമായ വ്യവസ്ഥകളോ ഇല്ലാതെ സർക്കാർ ഭൂമി കൈവശം വച്ചിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പാട്ടത്തുക ഒടുക്കാത്തതുകാരണം സർക്കാരിന് ഭീമമായ നഷ്ടം ഉണ്ടാകുന്നുണ്ട്. പാട്ടത്തുകയായി കഴിഞ്ഞ വർഷം 2 കോടി 18 ലക്ഷം രൂപ മാത്രമാണ് പിരിച്ചെടുക്കാനായത്.

ഈയിനത്തിൽ 55 കോടി 31 ലക്ഷം രൂപ സർക്കാരിന് ലഭിക്കാനുണ്ട്. ഇത് സംബന്ധിച്ച് ഹൈക്കോടതിയിൽ കേസ് നിലനിൽക്കുകയാണ്. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ കീഴിലുള്ള സ്ഥാപനങ്ങളിൽനിന്നും പാട്ടത്തുക കിട്ടാനുണ്ട്. പാട്ടമായി നിശ്ചയിച്ചിട്ടുള്ള നിസ്സാര തുകപോലും സർക്കാരിലേയ്ക്ക് ഇവർ അടയ്ക്കുന്നില്ല. പൊതുജനങ്ങളിൽ നിന്ന് സൗജന്യങ്ങൾ പറ്റി ചുരുക്കം ചില വ്യക്തികളുടെ ഉല്ലാസത്തിനായി പ്രവർത്തിക്കുന്ന ഇത്തരം ക്ലബ്ബുകൾക്ക് ആനുകൂല്യം നൽകേണ്ടതില്ലെന്നതാണ് സർക്കാർ നയം. വ്യവസ്ഥകൾ ലംഘിച്ച് സർക്കാർ ഭൂമി കൈവശം വച്ചിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സർക്കാർ ഭൂമി നിയമവിധേയമായി തിരിച്ചുപിടിക്കാൻ വില്ലേജ്തലം മുതൽ സർക്കാർ തലം വരെ ഊർജ്ജിതമായ നടപടികളാണ് കൈക്കൊണ്ടുവരുന്നത്. റവന്യൂ റിക്കവറി നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ചതും കാലാവധി കഴിഞ്ഞതും പാട്ടക്കരാർ പുതുക്കാത്തതുമായ കേസ്സുകളിൽ പട്ടയം റദ്ദ് ചെയ്ത് ഭൂമി ഏറ്റെടുക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൊതുമുതൽ സ്വകാര്യ ലാഭത്തിനായി ഉപയോഗിക്കുന്ന പ്രവണത സർക്കാർ അംഗീകരിക്കുകയില്ല. നിയമവിരുദ്ധമായി പാട്ടക്കരാർ ലംഘിച്ച് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുന്നതിനും ആവശ്യമെങ്കിൽ നിയമനിർമ്മാണം നടത്തുന്നതിനും ഗവൺമെന്റ് ആലോചിക്കുന്നുണ്ട്.

**സബ്മിഷൻ**

(1) <u>കശുവണ്ടി തൊഴിലാളികളുടെ പ്രശ്നങ്ങൾ</u>

(ഈ വിഷയം സംബന്ധിച്ച് ശ്രീ. ബി. രാഘവനും നോട്ടീസ് നൽകിയിട്ടുണ്ട്).

<u>ശ്രീ. എ. എ. അസീസ്</u>: കശുവണ്ടി വികസന കോർപ്പറേഷന്റെ കീഴിലുള്ള അടഞ്ഞുകിടന്നിരുന്ന ആറ് ഫാക്ടറികളിൽ രണ്ട് ഫാക്ടറികൾ സുപ്രീം കോടതി വിധി പ്രകാരം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. എഴുകോൺ, കൊട്ടാരക്കര, നെടുവത്തൂർ എന്നി ഫാക്ടറികൾ കഴിഞ്ഞ ആറ് വർഷമായി പൂട്ടിക്കിടക്കുകയാണ്. അടഞ്ഞുകിടക്കുന്ന ഫാക്ടറികൾ ഏറ്റെടുത്ത വ്യവസായികളെക്കൊണ്ട് തുറപ്പിക്കുകയോ ഗവൺമെന്റ് ഏറ്റെടുത്ത് കശുവണ്ടി വികസന കോർപ്പറേഷനേയോ കാപ്പക്സിനേയോ ഏൽപ്പിക്കുകയോ ചെയ്യണം. ആറ് വർഷമായി പൂട്ടിക്കിടക്കുന്നു എന്ന കാരണത്താൽ ഈ ഫാക്ടറികളിലെ തൊഴിലാളികൾക്ക് ഗ്രാറ്റ്യൂവിറ്റി ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നിഷേധിക്കപ്പെട്ടിരിക്കുകയാണ്. ഇ.എസ്.ഐ, പി.എഫ്. എന്നിവയുടെ ആനുകൂല്യങ്ങളും ഈ മേഖലയിലെ തൊഴിലാളികൾക്ക് ലഭിക്കുന്നില്ല. തൊഴിലാളികൾ രോഗംമൂലം അവധിയെടുത്താൽ അവർക്ക് ലീവ് ആനുകൂല്യം നിഷേധിക്കപ്പെടുന്നു. പെൻഷൻ കഴിഞ്ഞ നാല് വർഷമായി വർദ്ധിപ്പിച്ചിട്ടില്ല. പെൻഷൻ കമ്മ്യൂട്ട് ചെയ്തവർക്ക് അതിന്റെ കാലാവധി കഴിഞ്ഞശേഷം പഴയ പെൻഷൻ പുന:സ്ഥാപിച്ചുകൊടുക്കണം അതിന് നിയമത്തിൽ ഭേദഗതി വരുത്തുന്നതിന് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണം. കാപ്പെക്സിലെ പിരിച്ചുവിട്ട പതിമൂവ്വായിരത്തിൽപ്പരം തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി ഇനത്തിൽ കൊടുക്കാനുള്ള 41 കോടി രൂപ കൊടുക്കുന്നതിനുവേണ്ടി തുക ബഡ്ജറ്റിൽ വകയിരുത്തണം.

<u>ശ്രീ. ബി. രാഘവൻ</u>: കാഷ്യൂ കോർപ്പറേഷനിലും കാപ്പെക്സിലും പണിയെടുക്കുന്ന തൊഴിലാളികൾക്ക് പെൻഷൻ പറ്റി 10 വർഷം കഴിഞ്ഞിട്ടും പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നില്ല. ഏകദേശം പതിമൂവ്വായിരത്തോളം വരുന്ന ഈ വിഭാഗം തൊഴിലാളികൾക്ക് പെൻഷൻ ആനുകൂല്യം കൊടുക്കുന്നതിനായി ബഡ്ജറ്റിൽ അനുവദിച്ച തുകയ്ക്ക് പുറമേ 10 കോടി രൂപ കൂടി അനുവദിച്ചുകൊണ്ട് ഗ്രാറ്റുവിറ്റി ആനുകൂല്യം വിതരണം ചെയ്യാനാവശ്യമായ നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പു മന്ത്രി <u>(ശ്രീ. പി.കെ. ഗുരുദാസൻ):</u> 1998 മുതൽ കാഷ്യു കോർപ്പറേഷനിലെ 9893 തൊഴിലാളികൾക്ക് കുടിശ്ശികയായി 38 കോടി രൂപയും കാപ്പക്സിലെ 2210 തൊഴിലാളികൾക്ക് 4.11 കോടി രൂപയും കൊടുക്കാനുണ്ട്. കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച 6 കോടി രൂപ സപ്ലിമെന്ററി ഡിമാന്റ്സിൽ കൊടുക്കാമെന്ന് ധനകാര്യവകുപ്പുമന്ത്രി പറഞ്ഞിട്ടുണ്ട്. ഇ.പി.എഫിന്റെ പലിശ നിരക്ക് വർദ്ധിപ്പിക്കണമെന്നും അഡ്വാൻസ് പെൻഷൻ തുക ലഭ്യമാക്കണം എന്നുമുള്ള ആവശ്യം സംബന്ധിച്ച് ഇൻഡസ്ട്രിയൽ റിലേഷൻസ് കമ്മിറ്റി യോഗത്തിൽ തൊഴിലാളി സംഘടനാ പ്രതിനിധികളുടേയും ഉടമാ പ്രതിനിധികളുടേയും അഭിപ്രായം കേട്ടശേഷം ന്യായമായ തീരുമാനം കേന്ദ്ര ഗവൺമെന്റും ഇ.പി.എഫ് ട്രസ്റ്റും എടുക്കണമെന്ന ആവശ്യം ഉന്നയിക്കുന്നുണ്ട്. ഇ.എസ്.ഐ. ബ്രാഞ്ച് ആഫീസുകൾ നിറുത്തൽ ചെയ്യുന്നു എന്ന 2004-ലെ തീരുമാനം നടപ്പിലാക്കരുത് എന്ന് കേന്ദ്രഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്. പൂട്ടിക്കിടന്ന ആറ് ഫാക്ടറികളിൽ രണ്ടെണ്ണം സുപ്രീം കോടതി വിധിയുടെയടിസ്ഥാനത്തിൽ തുറന്നിട്ടുണ്ട്. മറ്റുള്ള ഫാക്ടറിയുടെ

കാര്യത്തിൽ പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്. വിധി വന്നാലുടൻ തന്നെ അതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(2) കെട്ടിട നികുതി

ശ്രീ. എം. മുരളി: സംസ്ഥാനത്തെ വിമുക്ത ഭടന്മാർക്കും അവരുടെ വിധവകൾക്കും 2000 സ്ക്വയർ ഫീറ്റു വരെയുള്ള വീടുകളെ കെട്ടിട നികുതിയിൽനിന്നും പൂർണ്ണമായും ഒഴിവാക്കിക്കൊണ്ട് യു.ഡി.എഫ്. ഗവൺമെന്റ് പുറപ്പെടുവിച്ച ഉത്തരവനുസരിച്ച് 360000-ത്തോളം പേർക്ക് അതിന്റെ ആനുകൂല്യം ലഭിക്കുന്നുണ്ട്. എന്നാൽ കഴിഞ്ഞ മേയ് 28-ന് ഇറക്കിയ ഉത്തരവിലൂടെ ഏറ്റുമുട്ടലിൽ മരിച്ച ആളുകളുടെ വിധവകൾക്കും അംഗഭംഗം വന്നവർക്കും മാത്രമായി ഈ ആനുകൂല്യം പരിമിതപ്പെടുത്തിയിരിക്കുകയാണ്. ആ ഉത്തരവ് പിൻവലിച്ച് സൈനിക സേവനം നടത്തുന്നവരെക്കൂടി ഉൾപ്പെടുത്തി പുതിയ ഉത്തരവിറക്കാൻ നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) : വിമുക്ത ഭടന്മാരുടെ വിധവകൾ താമസിക്കുന്ന വീടുകളെ കെട്ടിട നികുതിയിൽനിന്ന് ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ട് ധാരാളം പരാതി വന്ന സാഹചര്യത്തിൽ 25.6.2008-ന് ബന്ധപ്പെട്ട സംഘടനകളുമായി ഒരു യോഗം ചേരുന്നുണ്ട്. ആ യോഗത്തിൽ തൃപ്തികരമായ ഒരു തീരുമാനമെടുക്കാൻ കഴിയുമെന്ന് വിശ്വസിക്കുന്നു.

(3) പെൺകുട്ടികളുടെ തിരോധാനം

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ: കേരളത്തിലെ പെൺകുട്ടികൾക്കു നേരെ നിരന്തരമായി അതിക്രമങ്ങൾ ഉണ്ടാകുന്നു. ഇതുമായി ബന്ധപ്പെട്ട് പല ഭാഗങ്ങളിൽനിന്നും സെക്സ് റാക്കറ്റുകളെ പിടികൂടി അന്വേഷണം നടക്കുന്നു

ണ്ടെന്നുള്ളത് ആശ്വാസകരമാണ്. അത് കുറേക്കൂടി ഗൗരവമായിട്ടെടുക്കണം. കാസർഗോഡ് നിന്നും സഫിയ, സബിത, കൊല്ലം കൊട്ടിയം സ്വദേശിനികളായ രശ്മി, സബിത എന്നിവരെ കാണാതായിട്ടുണ്ട്. സബിത എന്ന പെൺകുട്ടി അനാശാസ്യ പ്രവർത്തനവുമായി ബന്ധപ്പെട്ടിട്ടുണ്ടോ എന്ന് സംശയിക്കുന്നു. രക്ഷകർത്താക്കൾ പരാതി നൽകിയെങ്കിലും കുട്ടികളെ കണ്ടെത്താൻ സാധിച്ചിട്ടില്ല. നാലാം ക്ലാസ്സിൽ പഠിക്കുന്ന ഒരു പെൺകിട്ടിയെ കൊലപ്പെടുത്തി ചാക്കിൽ കെട്ടി വീടിനകത്ത് വച്ചിരുന്ന സംഭവമുണ്ടായി ട്ടുണ്ട്. ആഭ്യന്തര വകുപ്പ് ഇടപെട്ട് അന്വേഷണം വ്യാപിപ്പിച്ച് കാണാതായ പെൺകുട്ടികളെ കണ്ടെത്താൻ നടപടിയുണ്ടാകണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): കഴിഞ്ഞ രണ്ടു വർഷ കാലയളവിൽ പെൺകുട്ടികളെ കാണാതായതുമായി ബന്ധപ്പെട്ട് 4942 കേസുകൾ രജിസ്റ്റർ ചെയ്തതിൽ 4487 പെൺകുട്ടികളെ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. എല്ലാ കേസിലും പോലീസ് അന്വേഷണം നടത്തിവരുന്നു. കുറ്റാലം, ചെങ്കോട്ട, തെങ്കാശ്ശി തുടങ്ങിയ ഭാഗങ്ങളിൽ റെയ്ഡ് നടത്തുകയും കൊല്ലം ജില്ലയിൽ ലുക്ക്ഔട്ട് നോട്ടീസ് പതിക്കുകയും പത്രങ്ങളിൽ ഫോട്ടോ കൊടുക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരം കേസുകൾ ശ്രദ്ധിച്ച് കൈകാര്യം ചെയ്യാൻ പോലീസിന് പ്രത്യേകം നിർദ്ദേശം നൽകിയിട്ടുണ്ട്.

(4) കേരള സർവ്വകലാശാലയിലെ അസിസ്റ്റന്റ് നിയമനം

ശ്രീ. കെ.സി. വേണുഗോപാൽ കേരള സർവ്വകലാശാലയിൽ 40,000 ത്തോളം പേർ എഴുതിയ അസിസ്റ്റന്റ് ഗ്രേഡ്-II പരീക്ഷയിൽ 1401 പേരെ ഇന്റർവ്യൂവിന് വിളിക്കുകയും 200 പേർക്ക് നിയമന ഉത്തരവ് നൽകുകയും.

178 പേർ ജോയിൻ ചെയ്യുകയും ചെയ്തിട്ടുണ്ട്. നിയമന കാര്യത്തിൽ അഴിമതി നടന്നിട്ടുണ്ട്. സർവ്വകലാശാലാ നിയമനങ്ങൾ പി.എസ്.സി.ക്ക് വിടുന്ന കാര്യം ആലോചിക്കുമെന്ന് പറഞ്ഞ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഇതുസംബന്ധിച്ച് മറുപടി പറയാനുള്ള ബാദ്ധ്യതയുണ്ട്. അതുകൊണ്ട് അഴിമതി നിറഞ്ഞതും ക്രമരഹിതവുമായ ഈ നിയമനം ഗവൺമെന്റ് ഇടപെട്ട് റദ്ദാക്കി അതിനെക്കുറിച്ച് സി.ബി.ഐ. എൻക്വയറിയോ ജുഡീഷ്യൽ എൻക്വയറിയോ നടത്തി കുറ്റവാളികളെ ശിക്ഷിക്കാൻ നടപടിയുണ്ടാകണം.

വിദ്യാഭ്യാസവും സാസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): സർവ്വകലാശാലയിൽ കുറേക്കാലമായി ജിവനക്കാരുടെ നിയമനം നടത്തിയിരുന്നില്ല. കേരളത്തിലെ മിക്കവാറും എല്ലാ സർവ്വകലാശാലകളിലും അപൂർവ്വം ചിലരൊഴികെ ബാക്കിയുള്ളവരെല്ലാം താൽക്കാലിക ജോലിക്കാരാണ്. വളരെ സുപ്രധാനമായ ജോലികൾ താൽക്കാലിക ജീവനക്കാരെ വച്ച് ചെയ്യാൻ കഴിയില്ല. സർവ്വകലാശാലയിലെ ജിവനക്കാരെ വ്യവസ്ഥാപിതമായി നിയമിക്കാൻ നിയമനടപടി ആരംഭിക്കാൻ കഴിഞ്ഞില്ലെങ്കിൽ പുതിയതായി വരുന്ന ജീവനക്കാർക്ക് ജോലി പറഞ്ഞു കൊടുക്കാൻ പ്രഗൽഭരായവർ ഉണ്ടാകാത്ത അപകടകരമായ സ്ഥിതിയുണ്ടാകും. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പു മന്ത്രിയുമായി ഇക്കാര്യം ചർച്ച ചെയ്ത് താൽക്കാലികാടിസ്ഥാനത്തിൽ ഇപ്പോൾ ജോലി ചെയ്തുകൊണ്ടിരിക്കുന്നവർക്ക് ചെലവഴിക്കുന്ന തുകയ്ക്ക് തുല്യമായ തുകകൊണ്ട് സ്ഥിരം ജീവനക്കാരെ തൽക്കാലം നിയമിക്കുക എന്നുള്ള ധാരണയുടെ അടിസ്ഥാനത്തിലാണ് ജീവനക്കാരെ നിയമിക്കാനുള്ള അനുമതി കൊടുത്തത്. ഓരോ സർവ്വകലാശാലയിലും നിലവിലുള്ള നിയമ പ്രകാരമാണ് ഇപ്പോൾ നിയമനം നടത്തുന്നത്. കേരള സർവ്വകലാശാലയുടെ

ചട്ടപ്രകാരം നടപടിക്രമങ്ങളെല്ലാം പൂർണ്ണമായി പാലിച്ചുകൊണ്ടാണ് പ്രസ്തുത നിയമനങ്ങളെല്ലാം നടത്തിയിട്ടുള്ളത്. ഇത് സംബന്ധിച്ച് ലഭിച്ച ചില പരാതികൾ ലോകായുക്തയുടെ പരിഗണനയിലാണ്. ഇതിന്റെ ഉത്തരക്കടലാസ് ഹാജരാക്കണമെന്ന് ലോകായുക്ത നിർദ്ദേശിച്ചിട്ടുണ്ട്. ഉത്തരക്കടലാസ് ഹാജരാക്കുന്നതിന്റെയും സർവ്വകലാശാല ചട്ടങ്ങളും ലോകായുക്തയുടെ വിധിയും അനുസരിച്ച് ഈ പ്രശ്നം കൈകാര്യം ചെയ്യുന്നതിന്റെയും ചുമതല സർവ്വകലാശാല നിർവ്വഹിക്കും.

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻചാണ്ടി): ലോകായുക്തയ്ക്ക് ഉത്തരക്കടലാസ് ആവശ്യപ്പെടാൻ അധികാരമില്ല എന്നുപറഞ്ഞ് അപ്പീലിന് പോയത് ജനങ്ങളുടെ ഇടയിൽ വലിയ സംശയത്തിന് ഇടയാക്കിയിട്ടുണ്ട്. സുതാര്യമായിട്ടാണോ നിയമനം നടന്നതെന്നറിയാൻ അപ്പീൽ പിൻവലിപ്പിച്ച് ഉത്തരക്കടലാസ്സുകൾ ലോകായുക്ത മുമ്പാകെ ഹാജരാക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): ലോകായുക്തയുടെയും സർവ്വകലാശാലയുടെയും നിയമത്തിനുള്ളിൽ നിന്നുകൊണ്ട് ലോകായുക്തയ്ക്ക് നൽകേണ്ടത് എന്തൊക്കെയാണോ അതൊക്കെ നൽകാൻ സർവ്വകലാശാലയ്ക്ക് ചുമതലയുണ്ട്. സർവ്വകലാശാല അങ്ങനെ ചുമതലയെടുക്കാൻ പാടില്ല എന്ന നിലപാട് സർക്കാർ എടുക്കുന്ന പ്രശ്നമേയില്ല.

(5) സ്കോളർഷിപ്പ് പദ്ധതിയിലെ അപാകതകൾ

ശ്രീ. എ. എം. ആരിഫ്: പ്രധാനമന്ത്രിയുടെ പ്രത്യേക പദ്ധതി പ്രകാരം സുനാമി ബാധിത കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് അപാകതകൾ പരിഹരിച്ച് അർഹതപ്പെട്ട എല്ലാ കുട്ടികൾക്കും നൽകുന്നതി നുള്ള സത്വര നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): സുനാമി ദുരന്തത്തിൽ ജീവനും ജീവനോപാധികളും നഷ്ടപ്പെട്ട കുടുംബങ്ങളിലെ ഒന്നു മുതൽ പത്തു വരെ ക്ളാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കായി പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായത്തോടുകൂടി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് പ്രധാനമന്ത്രിയുടെ സ്കോളർഷിപ്പ് സ്കീം. പ്രതിമാസം 300 രൂപ വീതം കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതിയിൽ അർഹരായവരെ കണ്ടെത്തുന്നതിന് സർക്കാർ വിശദമായ മാനദണ്ഡം പുറപ്പെടുവിച്ചിട്ടുണ്ട്. 2005-06 അധ്യയന വർഷത്തിൽ 2045 കുട്ടികൾക്കാണ് ആലപ്പുഴ ജില്ലയിൽ സ്കോളർഷിപ്പ് അനുവദിച്ചിട്ടുള്ളത്. 2006-07, 2007-08 അധ്യയന വർഷങ്ങളിൽ 7500 കുട്ടികൾക്ക് വീതം അനുവദിച്ച സ്കോളർഷിപ്പ് തുക 24-03-08-ന് ജില്ലാ കളക്ടർമാർക്ക് അനുവദിക്കുകയുണ്ടായി. ആലപ്പുഴ ജില്ലയിൽ സ്കോളർഷിപ്പ് സ്കീമിന് അർഹരായവരെ കണ്ടെത്തുന്നതിന് പഞ്ചായത്തുതല സ്ക്രീനിംഗ് കമ്മിറ്റി രൂപീകരിക്കുകയും കമ്മിറ്റി തയ്യാറാക്കുന്ന ലിസ്റ്റ് സുനാമി ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി പരിശോധിച്ചതിനു ശേഷം അന്തിമ തീരുമാനമെടുക്കുകയും ചെയ്യുമെന്ന് ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. സ്കോളർഷിപ്പ് വിതരണത്തിന് വേണ്ട നടപടി സ്വീകരിച്ചുകൊണ്ടിരിക്കെ നിരവധി പരാതികളുണ്ടായ സാഹചര്യത്തിൽ 12-06-2008-ൽ കൂടിയ സുനാമി ജില്ലാതല മോണിട്ടറിംഗ് കമ്മിറ്റി യോഗത്തിൽ ലഭിച്ചിട്ടുള്ള മുഴുവൻ അപേക്ഷകളും റവന്യൂ, ഫിഷറീസ്, വിദ്യാഭ്യാസ വകുപ്പുകളിലെ സൂപ്പർവൈസറി തസ്തികകളിലുള്ള ഓഫീസർമാരും ബന്ധപ്പെട്ട പഞ്ചായത്ത് പ്രസിഡന്റുമാരും വില്ലേജ് ഓഫീസർമാരും ഉൾപ്പെടുന്ന സംയുക്ത സമിതി വിശദമായി പരിശോധിച്ച്

മാനദണ്ഡങ്ങൾക്കനുസൃതമായി അർഹരെന്ന് കണ്ടെത്തുന്ന കുട്ടികളുടെ ലിസ്റ്റ് തയ്യാറാക്കി സമർപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടെന്ന് ജില്ലാ കളക്ടർമാർ അറിയിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ഒമ്പത് ജില്ലകളിലായി നടപ്പിലാക്കുന്ന ഈ പദ്ധതിയിൽ ആലപ്പുഴ ജില്ലയിൽ മാത്രമാണ് ഇത് കൊടുക്കാൻ കഴിയാത്ത സ്ഥിതിവിശേഷമുള്ളത്. 2005-2006 -ൽ ആറാട്ടുപുഴ, തൃക്കുന്നപ്പുഴ പഞ്ചായ ത്തുകൾ ഉൾപ്പെടുന്ന കാർത്തികപ്പിള്ളി താലൂക്കിൽ 1455 കുട്ടികൾക്കും അമ്പലപ്പുഴ താലൂക്കിൽ 77 കുട്ടികൾക്കും ചേർത്തല താലൂക്കിൽ 664 കുട്ടി കൾക്കും സ്കോളർഷിപ്പ് വിതരണം ചെയ്തിട്ടുണ്ട്. വിതരണം ചെയ്തതിലുണ്ടായ പരാതികൾ പരിഹരിക്കുന്നതിന് കാലതാമസം നേരി ട്ടിട്ടുണ്ട്. പ്രധാനമന്ത്രിയുടെ ഓഫീസുമായി നടത്തിയ നിരന്തര ചർച്ചകളുടെ അടിസ്ഥാനത്തിലാണ് കുട്ടികളുടെ എണ്ണം വർദ്ധിപ്പിച്ചത്.

(6) <u>തൃപ്രയാർ ശ്രീരാമസ്വാമി ക്ഷേത്രത്തിലെ കവർച്ച</u>

<u>ശ്രീ. ടി. എൻ. പ്രതാപൻ</u> : തൃശ്ശൂർ തൃപ്രയാർ ശ്രീരാമ സ്വാമിക്ഷേത്രത്തിൽ മേയ് 30-ാം തീയതി വെള്ളിയാഴ്ച പുലർച്ചെയുണ്ടായ കവർച്ച സംബന്ധിച്ച് പ്രത്യേക പോലീസ് സംവിധാനം ഉണ്ടാക്കി അന്വേഷണം ഊർജ്ജിതപ്പെടുത്തണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ. കോടിയേരി ബാലകൃഷ്ണൻ)</u> : ക്ഷേത്ര ദേവസ്വം മാനേജരുടെ പരാതിയുടെ അടിസ്ഥാനത്തിൽ വലപ്പാട് പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇരിഞ്ഞാലക്കുട ഡിവൈ.എസ്. പി. യുടെ നേതൃത്വത്തിലുള്ള സ്പെഷ്യൽ ടീം ആണ് ഇപ്പോൾ അന്വേഷണം നടത്തിക്കൊണ്ടിരിക്കുന്നത്. ഫിംഗർ പ്രിന്റ് എക്സ്പെർട്ട്, ഡോഗ് സ്ക്വാഡ് എന്നീ സംവിധാനങ്ങൾ ഫല പ്രദമായി ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്. ഈ കേസിന്റെ അന്വേഷണ

വുമായി ബന്ധപ്പെട്ട് മലപ്പുറം, തൃശ്ശൂർ, പാലക്കാട് എന്നീ ജില്ലകളിലെ വിവിധ ക്ഷേത്രങ്ങളിലായി നടന്ന 25 -ഓളം കേസുകൾ തെളിയിക്കപ്പെട്ടിട്ടുണ്ട്. ബാംഗ്ലൂർ, മംഗലാപുരം, ചെന്നൈ, കോയമ്പത്തൂർ തുടങ്ങിയ നഗരങ്ങൾ കേന്ദ്രീകരിച്ച് അന്വേഷണം നടത്തിവരികയാണ്. ഇപ്പോഴത്തെ പോലീസ് സേനയുടെ പ്രവർത്തനം ഫലപ്രദമല്ലെന്ന് ബോധ്യപ്പെടുകയാണെങ്കിൽ പ്രത്യേക പോലീസ് സേനയെ നിയോഗിക്കുന്ന കാര്യം ആലോചിക്കുന്നതാണ്.

(7) തൃശൂർ ജില്ലയിലെ നെൽകർഷകരുടെ ബുദ്ധിമുട്ടുകൾ

ശ്രീ. മുരളി പെരുനെല്ലി : തൃശൂർ ജില്ലയിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന സംഭരിച്ച നെല്ലിന് 10 കോടി രൂപയോളം കുടിശ്ശിക കൊടുത്തുതീർക്കാനുണ്ട്. വേനൽ മഴയിൽ കൃഷി നശിച്ച കർഷകർക്കും യാതൊരു സഹായവും ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ നെൽ കർഷകർക്ക് അടിയന്തിരമായി വില ലഭിക്കാനാവശ്യമായ നടപടികൾ കൈകൊള്ളണം.

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) : 2007-08 വർഷത്തിൽ രണ്ടാം വിളവെടുപ്പ് സീസണിൽ തൃശൂർ, ആലപ്പുഴ, പാലക്കാട്, പത്തനംതിട്ട ജില്ലകളിൽനിന്നായി 1703711 ക്വിന്റൽ നെല്ല് സംഭരിക്കുകയും ഇതിന്റെ വിലയായ 170.37 കോടി രൂപയിൽ 121.39 കോടി രൂപ നൽകിയിട്ടുണ്ട്. ബൃഹത്തായ ഈ പദ്ധതിക്ക് 100 കോടി രൂപ ബാങ്ക് വായ്പയും എടുത്തിട്ടുണ്ട്. തൃശൂർ ജില്ലയിൽനിന്ന് 147990 ക്വിന്റൽ നെല്ല് സംഭരിച്ചിട്ടുണ്ട്. രജിസ്റ്റർ ചെയ്യാത്ത കർഷകരിൽനിന്ന് സംഭരിച്ച നെല്ലിന് വില നൽകാൻ കുറച്ച് കാലതാമസം നേരിട്ടെങ്കിലും 14.80 കോടി രൂപ നൽകാനുള്ളതിൽ 10.18 കോടി രൂപ നൽകിയിട്ടുണ്ട്. ബാക്കി 4.60 കോടി രൂപ വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(8) <u>പെരുമ്പാവൂരിലെ മൃഗശാല</u>

<u>ശ്രീ. സാജു പോൾ :</u> പെരുമ്പാവൂരിലെ കോടനാട് ആനക്കളരിയോടനുബന്ധിച്ചുള്ള വന്യജീവി സങ്കേതം വനം വകുപ്പിന്റെ കീഴിലുള്ള കപ്രിക്കാട്ടെ 100 ഏക്കർ ഭൂമിയിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി <u>(ശ്രീ. ബിനോയ് വിശ്വം)</u>: കോടനാട്ടെ മൃഗശാലയിൽ ഇപ്പോഴുള്ള സ്ഥലം തികച്ചും അപര്യാപ്തമായതിനാൽ കേന്ദ്ര സൂ അതോറിറ്റി അതിന്റെ അംഗീകാരം റദ്ദാക്കുകയുണ്ടായി. കപ്രിക്കാട് ഉദ്ദേശം 100 ഹെക്ടർ സ്ഥലത്ത് മൃഗശാല മാറ്റി സ്ഥാപിക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്. ഇതിന് എം.എൽ.എ.യുടേയും എം.പി.യുടേയും ഫണ്ടിൽ നിന്നുള്ള സഹായവാഗ്ദാനവുമുണ്ട്.

(9) <u>കോട്ടയ്ക്കൽ വനിതാ പോളീടെക്നിക്കിൽ നിറുത്തലാക്കിയ കോഴ്സ്</u>

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി:</u> സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് വനിതകളുടെ ഉന്നമനം ലക്ഷ്യമാക്കി സ്ഥാപിച്ച കോട്ടയ്ക്കൽ ഉൾപ്പെടെ കേരളത്തിലെ 6 വനിതാ പോളീടെക്നിക്കുകളിലെ നിറുത്തലാക്കിയ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ ആൻഡ് ബിസിനസ് മാനേജുമെന്റ് കോഴ്സ് നിലനിർത്തുന്നതിനും പ്രസ്തുത കോഴ്സിന് പി.എസ്.സി. അംഗീകാരം ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് ഗവൺമെന്റ് നിയോഗിച്ച എക്സ്പെർട്ട് കമ്മിറ്റിയുടെ പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിന് എത്രയും പെട്ടെന്ന് തീരുമാനമെടുക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി <u>(ശ്രീ. എം.എ. ബേബി)</u>: കമ്പ്യൂട്ടർ ആപ്ലിക്കേഷൻ ആൻഡ് ബിസിനസ് മാനേജുമെന്റ് കോഴ്സിന് പി.എസ്.സി. അംഗീകാരം നേടിയെടുക്കുന്നതിന് നിർദ്ദേശം

നൽകുന്നതിനായി രൂപീകരിച്ചിട്ടുള്ള എക്സ്പെർട്ട് കമ്മിറ്റിയുടെ പ്രവർത്തനം സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കുകയും ഈ വർഷവും പ്രസ്തുത സ്ഥാപനങ്ങളിൽ ഈ കോഴ്സിൽ അഡ്മിഷൻ നടത്താനാവശ്യമായ നിർദ്ദേശം കൊടുക്കുകയും ചെയ്യുന്നതാണ്.

(10) സഫിയയുടെ തിരോധാനം

ശ്രീ. സി.എച്ച്. കുഞ്ഞമ്പു: ചെർക്കളത്തെ ഒരു കരാറുകാരന്റെ വീട്ടിൽ വീട്ടുജോലിക്കുനിന്ന ഒന്നരവർഷംമുമ്പ് കാണാതായ കർണാടകയിലെ മടിക്കേരി സ്വദേശിനിയായ 14 വയസ്സുള്ള സഫിയയുടെ തിരോധാനത്തിനുത്തരവാദിയായ കരാറുകാരനേയും ബന്ധപ്പെട്ടവരേയും എത്രയും വേഗം അറസ്റ്റുചെയ്യണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): കാസർഗോഡ് മൂളിയാർ സ്വദേശിയും ഗോവയിലെ കോൺട്രാക്ടറുമായ ഹംസയുടെ വീട്ടിൽ ജോലിക്കുനിന്നിരുന്ന കർണ്ണാടക സ്വദേശിനിയായ സഫിയയെ 2006 ഡിസംബർ 20 മുതൽ കാണാതായതായി ആഴൂർ പോലീസ് സ്റ്റേഷനിൽ മാതാപിതാക്കൾ പരാതിപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ക്രൈം 214/2006 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയെങ്കിലും കുട്ടിയെ കണ്ടെത്താൻ കഴിയാത്തതിനാൽ പ്രസ്തുത കേസിന്റെ അന്വേഷണം ക്രൈം ബ്രാഞ്ചിനെ ഏൽപ്പിക്കുകയും 20-5-2008 മുതൽ ക്രൈം ബ്രാഞ്ച് എസ്.പി.യുടെ നേരിട്ടുള്ള മേൽനോട്ടത്തിൽ സി.ബി.സി.ഐ.ഡി. അന്വേഷണം നടത്തിവരികയുമാണ്.

(11) <u>വിദ്യാർത്ഥികൾക്കുനേരെ നടന്ന പോലീസ് അതിക്രമം</u>

<u>ശ്രീ. ജി. കാർത്തികേയൻ:</u> വിദ്യാർത്ഥികളും യൂത്ത് കോൺഗ്രസ്സുകാരും നടത്തിവരുന്ന സമരത്തിൽ കേരളത്തിലെ പോലീസും ഡി.വൈ.എഫ്.ഐ.ക്കാരും ബോധപൂർവ്വമായി അക്രമം അഴിച്ചുവിട്ടിരിക്കുകയാണ്. സമരം നടത്തുന്ന വിദ്യാർത്ഥികളെ ഡി.വൈ.എഫ്.ഐ.ക്കാർ കല്ലെറിയുകയും പോലീസുകാർ മൃഗീയമായി ലാത്തിച്ചാർജ്ജ് ചെയ്യുകയും ചെയ്യുന്നു. ശ്രീ. ടി.എൻ. പ്രതാപൻ എം.എൽ.എ. യെ മർദ്ദിച്ചവർക്കെതിരെ നടപിടിയെടുക്കാതെ അതിന് നേതൃത്വം കൊടുത്ത ഉദ്യോഗസ്ഥരെ പൂർണ്ണമായി സംരക്ഷിച്ചുകൊണ്ട് ആഭ്യന്തര വകുപ്പുമന്ത്രി ഇന്നലെ നിയമസഭയിൽ നടത്തിയ പ്രസംഗമാണ് വിദ്യാർത്ഥികളുടെ നേരെ വീണ്ടും ആക്രമണമുണ്ടാകാൻ കാരണമായത്. ഗവൺമെന്റിന്റെ ഈ കിരാതനയം അവസാനിപ്പിച്ച് ശ്രീ. ടി.എൻ. പ്രതാപൻ അടക്കമുള്ള ജനപ്രതിനിധികളേയും മാധ്യമ പ്രതിനിധികളേയും വിദ്യാർത്ഥികളേയും മർദ്ദിക്കുന്നതിന് നേതൃത്വം കൊടുത്ത പോലീസ് ഉദ്യോഗസ്ഥരുടെ പേരിൽ നടപടിയെടുക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ. കോടിയേരി ബാലകൃഷ്ണൻ):</u> കഴിഞ്ഞ കുറച്ചു ദിവസങ്ങളായി കേരളത്തിലെ ചില പ്രതിപക്ഷ വിദ്യാർത്ഥി സംഘടനകളും യുവജനസംഘടനകളും നടത്തിവരുന്ന സമരത്തിന്റെ ഭാഗമായി കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, പാലക്കാട്, കണ്ണൂർ, കാസർഗോഡ് എന്നിവിടങ്ങളിലെ കളക്ടറേറ്റുകളിലേയ്ക്കും വിദ്യാഭ്യാസ ഓഫീസുകളിലേയ്ക്കും മാർച്ചുനടത്തുകയും ഓഫീസുകളിലേയ്ക്ക് തള്ളിക്കയറി സർക്കാർ മുതലുകൾക്ക് നാശനഷ്ടം വരുത്തുന്നതും കല്ലെറിഞ്ഞ് പോലീസിനുനേരെ വ്യാപകമായി അക്രമം കാണിക്കുന്നതും പതിവായിരിക്കുകയാണ്. ആക്രമണത്തിൽ അധ്യാപിക

മാർക്കും പോലീസുകാർക്കും പരിക്കേറ്റിട്ടുണ്ട്. അക്രമാസക്തരായവരെ പിരിച്ചുവിടുന്നിതിന് പോലീസ് ജലപീരങ്കി ഉപയോഗിക്കുകമാത്രമേ ചെയ്തിട്ടുള്ളൂ. പരമാവധി ക്ഷമ കാണിക്കാൻ പോലീസിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഏഴാം ക്ലാസ്സിലെ പാഠപുസ്തകത്തെക്കുറിച്ച് ചർച്ച ചെയ്യാൻ ഗവൺമെന്റ് തയ്യാറാണ്. പോലീസുമായുള്ള ഏറ്റമുട്ടൽ അവസാനിപ്പിക്കാനും പ്രശ്നങ്ങൾ ചർച്ചയിൽക്കൂടി പരിഹരിക്കാനുള്ള അന്തരീക്ഷം സൃഷ്ടിക്കാനും പ്രതിപക്ഷനേതാവ് മുൻകൈയെടുക്കണം.

പ്രതിപക്ഷനേതാവ് <u>(ശ്രീ. ഉമ്മൻ ചാണ്ടി)</u>: പോലീസ് സ്റ്റേഷനുകൾ ആക്രമിക്കുകയോ പ്രതികളെ പോലീസ് സ്റ്റേഷനിൽ നിന്നും ബലമായി മോചിപ്പിക്കുകയോ ചെയ്ത സംഭവങ്ങൾ ഐക്യജനാധിപത്യമുന്നണിയുടെ ഭാഗത്തുനിന്നുണ്ടായിട്ടില്ല. സമാധാന ചർച്ചയ്ക്ക് ഞങ്ങൾ തയ്യാറാണ്. ജനാധിപത്യ രീതിയിൽ സമരം ചെയ്യാനുള്ള പ്രതിപക്ഷത്തിന്റെ അവകാശങ്ങളെ ജനാധിപത്യ വിരുദ്ധ മാർഗ്ഗത്തിലൂടെ അടിച്ചമർത്താൻ ശ്രമിക്കുന്നത് ശരിയല്ല.

(12) <u>ഷഹാനയുടെ കൊലപാതകം</u>

<u>ശ്രീമതി കെ.കെ. ലതിക</u>: മണലൂർ ഗ്രാമപഞ്ചായത്തിൽ ചെരണ്ടത്തൂർ എം.എൽ.പി. സ്കൂൾ വിദ്യാർത്ഥിനിയും ചെരണ്ടത്തൂർ മുള്ളമണ്ണിൽ സാജിദയുടെ മകളുമായ ഷഹാന എന്ന നാലാം ക്ലാസ്സുകാരിയുടെ ക്രൂരമായ കൊലപാതകത്തിനുത്തരവാദിയായവരെ മാതൃകാപരമായി ശിക്ഷിക്കുകയും കുട്ടിയുടെ കുടുംബത്തിന് നഷ്ടപരിഹാരം നൽകുകയും ചെയ്യണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ. കോടിയേരി ബാലകൃഷ്ണൻ)</u>: കോഴിക്കോട് പയ്യോളി പോലീസ് സ്റ്റേഷൻ അതിർത്തിയിൽപ്പെട്ട ചെരണ്ടത്തൂർ എം.എൽ.പി. സ്കൂളിലെ നാലാം ക്ലാസ്സ് വിദ്യാർത്ഥിനിയും ചെരണ്ടത്തൂർ മുള്ളമണ്ണിൽ സാജിദയുടെ മകളുമായ

ഷഹാനയുടെ കൊലപാതകത്തിനുത്തരവാദി എന്നു സംശയിക്കുന്ന മായൻകുട്ടിയുടെ പേരിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നു വരുന്നു. കുറ്റവാളികൾക്ക് പരമാവധി ശിക്ഷ കിട്ടത്തക്ക വിധത്തിലുള്ള നടപടി സ്വീകരിക്കുകയും സംസ്ഥാനത്തിനുതന്നെ അപമാനകരമായ ഇത്തരം സംഭവങ്ങൾ മേലിൽ ആവർത്തിക്കാതിരിക്കാനാവശ്യമായ മുൻകരുതലുകൾ എടുക്കുകയും ചെയ്യുന്നതാണ്.

**മേശപ്പുറത്തു വച്ച കടലാസ്സുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസു കൾ മേശപ്പുറത്തു വച്ചു.

**ചെയർമാൻമാരുടെ പാനൽ**

സർവ്വശ്രീ പി. വിശ്വൻ, ടി.യു. കുരുവിള, എം. മുരളി എന്നീ ബഹുമാനപ്പെട്ട അംഗങ്ങളെ പന്ത്രണ്ടാം കേരള നിയമസഭയുടെ എട്ടാം സമ്മേളന കാലത്തെ ചെയർമാൻമാരുടെ പാനലിലേയ്ക്കു നാമനിർദ്ദേശം ചെയ്തു.

**അടിയന്തിര പ്രമേയ ചർച്ച**

പുതിയ പാഠപുസ്തകത്തിലെ ചില പാഠഭാഗങ്ങളെ സംബന്ധിച്ച്

ശ്രീ. കെ. എം. മാണി: ഗവൺമെന്റ് ഇക്കൊല്ലം നടത്തിയ പാഠ്യപദ്ധതി പരിഷ്ക്കാരത്തെ സംബന്ധിച്ച് സംസ്ഥാന വ്യാപകമായി പ്രതിഷേധം ഉയർന്നു വന്നിരിക്കുകയാണ്. 7-ാം സ്റ്റാൻഡേർഡിലെ പാഠപുസ്തകത്തിൽ ഈശ്വരചിന്തയും മതവിശ്വാസവും നശിപ്പിക്കുന്ന വിധത്തിൽ കമ്മ്യൂണിസ്റ്റ് ആശയങ്ങൾ കുത്തി നിറയ്ക്കുന്നതിനുവേണ്ടിയുള്ള ശ്രമങ്ങളാണ് നടന്നിരിക്കുന്നത്. ദേശീയ കാഴ്ചപ്പാട് കുട്ടികളിൽ ഇല്ലാതാക്കുന്ന പ്രതിപാദ്യവിഷയങ്ങളാണ് അതിലടങ്ങിയിട്ടുള്ളത്. ഇടതുപക്ഷ മനോഭാവ സംഘടനകളുടെ നേതൃത്വത്തിൽ കരുപ്പിടിപ്പിച്ച പാഠപുസ്തകമാണത്. ഈശ്വര ചിന്തയിലധി

ഷ്ഠിതമായ ഒരു സംസ്ക്കാരമാണ് നമ്മുടേത്. മതം വേണ്ടെന്ന് പറയുമ്പോൾ ഈശ്വര വിശ്വാസവും മതവിശ്വാസവുമാണ് ഇവിടെ നിഷേധിക്കപ്പെടുന്നത്. മതംവേണ്ടെന്നുള്ള ഗവൺമെന്റ് സമീപനം കുട്ടികളിൽ മതവിദ്വേഷവും കമ്മ്യൂണിസ്റ്റ് വിശ്വാസവും വളർത്താനും അവരെ ഈശ്വരനിഷേധിയാക്കാനു മിടയാക്കും. നിയമസഭയിൽ ചർച്ച അവസാനിപ്പിക്കുന്നതിനുമുമ്പ് ഈ പാഠ പുസ്തകം പിൻവലിക്കാൻ ഗവൺമെന്റ് തയ്യാറാകണം. കമ്മ്യൂണിസ്റ്റ് ആശയ ങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടി കമ്മ്യൂണിസ്റ്റ് എഴുത്തുകാരുടെ പുസ്തകങ്ങൾ വായിക്കാൻ കുട്ടികളെ ഗവൺമെന്റ് പ്രേരിപ്പിക്കുകയാണ്. ഈ പുസ്തകത്തി ലൂടെ ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന്റെ പ്രാധാന്യത്തെ ചെറുതാക്കിക്കാണി ക്കുകയും കരിവള്ളൂർ സമരത്തിന്റെ പ്രാധാന്യത്തെ പെരുപ്പിച്ചു കാണിക്കുക യുമാണ് ചെയ്തിരിക്കുന്നത്. ദേശീയ പ്രസ്ഥാനങ്ങളേയും നേതാക്കളേയും സാമൂഹ്യ പരിഷ്ക്കർത്താക്കളേയും ഈ പുസ്തകത്തിൽ തമസ്ക്കരിച്ചിരിക്കുകയാണ്. ഡോ. വി.ആർ. അംബേദ്കറെപ്പറ്റി തെറ്റായ വിവരണമാണ് കൊടുത്തിട്ടുള്ളത്. അദ്ദേഹം ഭരണഘടനാ ശിൽപ്പിയാണെന്ന് പരാമർശിക്കാതിരുന്നത് വേദനാജനകമാണ്. അദ്ധ്യാപകർക്കുവേണ്ടി തയ്യാറാക്കിയ കൈ പുസ്തകത്തിൽ 1957 ഏപ്രിൽ മാസത്തെ സംഭവങ്ങൾ ശേഖരിച്ച് കുട്ടികളെ പഠിപ്പിക്കണമെന്നാണ് പറഞ്ഞിരിക്കുന്നത്. 1957–ലെ സർക്കാരാണ് ജന്മിത്വം അവസാനിപ്പിച്ചതെന്ന വിവാദ പുസ്തകത്തിലെ പരാമർശം ചരിത്രത്തെ വളച്ചൊടിക്കലാണ്. 1964–ൽ പാസ്സാക്കിയ ഭൂപരിഷ്ക്കരണ നിയമത്തെക്കുറിച്ച് ഒരു പരാമർശവും ഇതിൽ നടത്തിയിട്ടില്ല. വിശ്വവിഖ്യാത കവികളുടെ കാവ്യങ്ങൾ പരാമർശിക്കാതെ ഇടതുപക്ഷ ആശയങ്ങൾ ഉൾക്കൊണ്ട കാവ്യങ്ങൾക്കാണ് പ്രാധാന്യം നൽകിയിരിക്കുന്നത്. പുസ്തകത്തിൽ ആകമാനം കുട്ടികളിൽ ഇടതുപക്ഷ

ചിന്താഗതി വളർത്തിയെടുക്കുന്ന പാഠ ഭാഗങ്ങളാണുള്ളത്. കുട്ടികളിൽ മതവിദ്വേഷം വളർത്തുന്ന നെഗറ്റീവ് ചിന്താഗതി വളർത്തുന്ന പ്രവണത ശരിയല്ല. ബുദ്ധിപരമായി കമ്മ്യൂണിസ്റ്റ് ചിന്താഗതി കുട്ടികളിലേയ്ക്ക് പകർത്തി കലാപകാരികളായി വളർത്തിയെടുക്കുക എന്ന ഉദ്ദേശത്തോടു കൂടിയാണ് ഈ പുസ്തകം തയ്യാറാക്കിയിട്ടുള്ളത്. ഈശ്വരവിശ്വാസം നശിപ്പിക്കുന്ന വിധത്തിലുള്ള പാഠപുസ്തകം പിൻവലിക്കണം.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ : ഏഴാം ക്ളാസ്സിലെ വിവാദപരമായ പാഠപുസ്തകം 2008 ഫെബ്രുവരി മാസം 25-ന് ചേർന്ന സ്റ്റിയറിംഗ് കമ്മിറ്റി യോഗത്തിൽ അംഗീകരിച്ചതാണ്. രാഷ്ട്രീയത്തിനകത്ത് മതം ഒരു കാരണവശാലും ഉൾപ്പെടാൻ പാടില്ലെന്നുള്ള നിലപാടാണ് എടുത്തിട്ടുള്ളത്. മതവിരോധം പ്രകടിപ്പിക്കുന്ന ഒരു വാക്കോ കമ്മ്യൂണിസ്റ്റ് പക്ഷപാതം കാണിക്കുന്ന ഒരു വാചകമോ ഈ പുസ്തകത്തിൽ ഉൾക്കൊള്ളിച്ചിട്ടില്ല. ക്വിറ്റ് ഇന്ത്യാ സമരം, ഉപ്പുസത്യാഗ്രഹം, ഒന്നാം സ്വാതന്ത്ര്യ സമരം, ജാലിയൻ വാലാ ബാഗ് തുടങ്ങി സ്വാതന്ത്ര്യ സമരവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും പരാമർശിച്ചിട്ടുണ്ട്. ദേശീയ പാഠ്യപദ്ധതി ചട്ടങ്ങൾക്കനുസരിച്ചാണ് പാഠപുസ്തകങ്ങൾ തയ്യാറാക്കിയിട്ടുള്ളത്. നെഹ്രുവിന്റെ ആദർശങ്ങൾ കുട്ടികൾക്ക് പഠിക്കാനുള്ള അവസരമൊരുക്കിയിട്ടുണ്ട്. മനുഷ്യ നൻമ ലക്ഷ്യമാക്കി സഹിഷ്ണതയോടെ ജിവിക്കാൻ പ്രേരിപ്പിക്കുന്ന മതസൗഹാർദ്ദത്തെക്കുറിച്ച് പ്രതിപാദിച്ചിട്ടുണ്ട്. പുരാണ പുസ്തകങ്ങളിലെ ഉദ്ധരണികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. എല്ലാ കുട്ടികളേയും ശാസ്ത്രീയമായി സഹായിക്കുന്ന ഈ പുസ്തകം സംരക്ഷിക്കേണ്ടത് കേരളത്തിന്റെ കടമയാണ്.

ശ്രീ. പി.സി. വിഷ്ണുനാഥ് : ചരിത്രത്തെ വളച്ചൊടിക്കുന്നതോടൊപ്പം മതനിഷേധാത്മക പ്രത്യയശാസ്ത്ര പ്രചരണം നടത്തുന്ന കൗശലം ഈ പാഠപുസ്തകത്തിൽ അവലംബിച്ചിട്ടുണ്ട്. ഈ പുസ്തകത്തെ എതിർക്കുന്ന തിന് പ്രധാന കാരണം അതിന്റെ ഗുണനിലവാരത്തകർച്ചയാണ്. ഈ പുസ്തകം പഠിക്കുന്ന കുട്ടികൾ മൽസര പരീക്ഷകളിൽ നിന്നും പിൻതള്ളപ്പെട്ട് നിലവാരത്തകർച്ചയിലെത്തുമെന്നുള്ളതിൽ യാതൊരു തർക്ക വുമില്ല. ജവഹർലാൽ നെഹ്രു സെക്യുലറിസത്തെക്കുറിച്ച് പറഞ്ഞിട്ടുള്ളത് സൂചിപ്പിക്കാതെ അദ്ദേഹത്തിന്റെ വ്യക്തിപരമായ അഭിപ്രായമാണ് പുസ്തകത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. വൈക്കം സത്യാഗ്രഹം ആര് നയിച്ചുവെന്ന് പോലും പറഞ്ഞിട്ടില്ല. നിലവാരമില്ലാത്ത ഈ പാഠപുസ്തകം ഒരുകാരണവശാലും അംഗീകരിക്കാൻ കഴിയില്ല. പ്രത്യയശാസ്ത്ര താല്പര്യം കുത്തിനിറയ്ക്കുന്നതിനുള്ള നിഗൂഢ ശ്രമമാണ് ഇതിലൂടെ നടന്നിരിക്കുന്നത്. അതുകൊണ്ട് അടിയന്തിരമായി ഈ പാഠപുസ്തകം പിൻവലിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

ശ്രീ.വി.എസ്. സുനിൽകുമാർ : ഇത്തരത്തിൽ ഒരു ചർച്ച സംഘടിപ്പിച്ച ഗവൺമെന്റിനെ അഭിനന്ദിക്കുകയാണ്. ഏഴാം ക്ളാസ്സിലെ പാഠപുസ്തകവുമായി ബന്ധപ്പെട്ട് യു.ഡി.എഫ്. നടത്തിക്കൊണ്ടിരിക്കുന്ന സമരത്തിന് ആധാരമായ കാര്യങ്ങൾ സ്ഥാപിച്ചെടുക്കാൻ കഴിഞ്ഞിട്ടില്ല. കമ്മ്യൂണിസം കുത്തിനിറയ്ക്കുന്ന തരത്തിലുള്ള പരാമർശമോ ഈശ്വരനിഷേധമോ ഈ പുസ്തകത്തിൽ ഒരിടത്തുമില്ല. കമ്മ്യൂണിസ്റ്റ് പാർട്ടിയെക്കുറിച്ചോ കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ പ്രഗത്ഭരെക്കുറിച്ചോ ഇതിനകത്ത് ഒന്നും പരാമർശിക്കുന്നില്ല. മതേതര പാരമ്പര്യമൂല്യങ്ങൾ തകർക്കാൻവേണ്ടി ചില മതപ്രസ്ഥാനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന

സമരങ്ങളെ രാഷ്ട്രീയമായി മുതലെടുക്കാൻവേണ്ടിയാണ് യു.ഡി.എഫ്. ഏറ്റുപിടിച്ചിരിക്കുന്നത്. അസംബന്ധമായ സമരമാണ് യു.ഡി.എഫ്-ന്റെ നേതൃത്വത്തിൽ കേരളത്തിൽ നടത്തിക്കൊണ്ടിരിക്കുന്നത്. ഇല്ലാത്ത കാര്യങ്ങൾ ഊതിവീർപ്പിച്ച് രാജ്യത്തെ അപകടകരമായ സ്ഥിതിയിലേയ്ക്ക് കൊണ്ടുപോകുകയാണ്. വർഗ്ഗീയവാദികളുമായി കൂട്ടുചേർന്ന് യു.ഡി.എഫ്. നടത്തിവരുന്ന രണ്ടാം വിമോചന സമരത്തെ ശക്തിയുക്തം എതിർക്കേണ്ടതാണ്. ഈ സമരം അടിയന്തിരമായി പിൻവലിക്കണം.

<u>ശ്രീ.സി.ടി. അഹമ്മദ് അലി</u> : ഏഴാം ക്ലാസ്സിലെ സാമൂഹ്യശാസ്ത്ര പാഠപുസ്തകം പിൻവലിക്കണമെന്നും വികലമായ പരിഷ്കരണ നടപടികൾ നിർത്തിവയ്ക്കണമെന്നും ആവശ്യപ്പെടുന്നത് വിശദമായ പഠനം നടത്തിയതിനുശേഷമാണ്. ഈ പുസ്തകത്തെ പാഠപുസ്തകത്തിന്റെ ഗണത്തിൽപ്പെടുത്താൻപോലും പറ്റുകയില്ല. ഓരോരുത്തർക്കും അവരവരുടെ മതവിശ്വാസം പ്രചരിപ്പിക്കാനും പഠിപ്പിക്കാനും അവകാശമുണ്ട്. പക്ഷേ മതവിശ്വാസം ഗവൺമെന്റ് സ്കൂളുകളിലൂടെ പ്രചരിപ്പിക്കാൻ ശ്രമിക്കുന്നത് അപലപനീയമാണ്. സംസ്ഥാനത്ത് നിരീശ്വരവാദം പ്രചരിപ്പിക്കുന്ന ഏഴാം ക്ലാസ്സിലെ സാമൂഹ്യശാസ്ത്ര പാഠപുസ്തകം പിൻവലിക്കണമെന്ന ആവശ്യവുമായി മുസ്ലീംലീഗ് ഉൾപ്പെടെ സംസ്ഥാനത്തെ 12 മുസ്ലീം സംഘടനകൾ മുഖ്യമന്ത്രിക്കും വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കും നിവേദനം നൽകിയിരിക്കുകയാണ്. ഈ പാഠപുസ്തകം നൽകുന്ന സിദ്ധാന്തം മതരഹിത സമൂഹത്തെ സൃഷ്ടിക്കുമെന്നതിൽ തർക്കമില്ല. മിശ്രവിവാഹിതരുടെ മക്കൾ ഏത് മതമാണ് സ്വീകരിക്കേണ്ടത് എന്നതു സംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചാൽ മതിയാകും. എല്ലാ വിഭാഗങ്ങളിലുംപെട്ട വിദഗ്ദ്ധരേയും പണ്ഡിതന്മാരേയും ഉൾപ്പെടുത്തി സംസ്ഥാന കരിക്കുലം കമ്മിറ്റി

പുന:സംഘടിപ്പിക്കണം. ലോകമൊട്ടാകെ ഈശ്വര വിശ്വാസം വർദ്ധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ കുരുന്നു ഹൃദയങ്ങളിൽ സ്കൂളുകളിലൂടെ നിരീശ്വര വിശ്വാസം പഠിപ്പിക്കാൻ മുതിരുകയാണെങ്കിൽ കേരളത്തിലെ എല്ലാ ജനാധിപത്യ മതവിശ്വാസികളും ഒന്നിച്ചുനിന്ന് ശക്തിയായി എതിർക്കും. ഭൂരിപക്ഷം ഉപയോഗിച്ച് എന്തും നടപ്പിലാക്കാമെന്ന വ്യാമോഹം വൃഥാവിലാണ്. ജനവികാരം മനസ്സിലാക്കി തെറ്റുകൾ തിരുത്താൻ ഈ ഗവൺമെന്റ് തയ്യാറാകണം. ഈ വിവാദ പാഠപുസ്തകം പൂർണ്ണമായി പിൻവലിക്കണം.

ശ്രീ.കെ.പി. മോഹനൻ : ഇത്തരത്തിൽ ഒരു ചർച്ച നടത്താൻ തയ്യാറായ ഗവൺമെന്റിനെ അഭിനന്ദിക്കുകയാണ്. അന്ധമായ മതവിശ്വാസത്തിലൂടെ ഉണ്ടായിട്ടുള്ള അധ:പതനാവസ്ഥ ലഘൂകരിക്കുന്നതിനും മതേതരത്വ കാഴ്ചപ്പാട് ഉണ്ടാക്കുന്നതിനും ശ്രമിക്കുമ്പോൾ അതിനെ നഖശിഖാന്തം എതിർത്തുകൊണ്ട് ഇവിടെ മോശമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്. യു.ഡി.എഫ്. കപട ആത്മീയനേതാക്കൻമാരേയും മതാചാര്യൻമാരേയും കൂട്ടുപിടിച്ച് പാഠപുസ്തകം പിൻവലിക്കണമെന്ന് പറയുന്നത് ശരിയല്ല. തെറ്റ് സംഭവിച്ചിട്ടുണ്ടെങ്കിൽ തിരുത്താൻ ഗവൺമെന്റ് തയ്യാറാണ്. 7-ാം ക്ലാസ്സിലെ സാമൂഹ്യശാസ്ത്രം പുസ്തകത്തിൽ ദൈവനിഷേധമായി ഒന്നും പറയുന്നില്ല. ആയതിനാൽ ഈ പുസ്തകം പിൻവലിക്കേണ്ട യാതൊരു ആവശ്യവുമില്ല..

ശ്രീ. പി.ജെ. ജോസഫ്: കേരളത്തിലെ കൃഷിഭൂമിയുടെ വിനിയോഗത്തിൽ വന്ന മാറ്റങ്ങളും ഭൂവിനിയോഗവും ഭക്ഷ്യസുരക്ഷയും എന്ന സെമിനാർ സംഘടിപ്പിച്ച് അഭിപ്രായങ്ങൾ പങ്കുവയ്ക്കുക തുടങ്ങിയ നല്ല കാര്യങ്ങളും വിവാദ പാഠപുസ്തകത്തിൽ പ്രതിപാദിക്കുന്നുണ്ട്. പാഠപുസ്തക വിവാദം സംബന്ധിച്ച് ഗവൺമെന്റ് നല്ല നിലപാടാണ് സ്വീകരിച്ചിരി

ക്കുന്നത്. 7-ാം ക്ലാസ്സിലെ പാഠപുസ്തകത്തിൽ മതനിരാസമുണ്ടോയെന്നും ചരിത്രപരമായിട്ടുള്ള എന്തെങ്കിലും വിഷയങ്ങൾ വളച്ചൊടിച്ചിട്ടുണ്ടോയെന്നും അക്കാഡമിക്കലി കോംപീറ്റന്റായ ചെറിയ ഒരു സമിതി ഏതാനും ദിവസംകൊണ്ട് പരിശോധിക്കണം. അതിൽ ഇതുമായി ബന്ധപ്പെട്ട എല്ലാ വർക്കും അഭിപ്രായം പറയാം. ഏതെങ്കിലും പാഠ്യഭാഗങ്ങൾ സ്വീകാര്യമല്ലെന്ന് ബോധ്യപ്പെടുത്തിയാൽ അത് പിൻവലിക്കാമെന്ന് മന്ത്രിതന്നെ പറഞ്ഞിട്ടുള്ള താണ്. എക്കാലത്തും പാഠപുസ്തക വിവാദമുണ്ടാകാറുണ്ട്. ഒരു അക്കാഡ മിക് ഇയറിലെ പാഠപുസ്തകം പിൻവലിക്കണമെന്ന് പറയുന്നതിനോട് യോജി ക്കാൻ കഴിയില്ല. ദേശീയ പാഠ്യപദ്ധതിയുടെ ഭാഗമായി കേരള പാഠ്യപദ്ധതിയും പരിഷ്ക്കരിക്കേണ്ടി വന്നിട്ടുണ്ട്. തർക്കവിഷയമായ പ്രത്യേക ഭാഗങ്ങളു ണ്ടെങ്കിൽ അത് ചർച്ച ചെയ്ത് തിരുത്താവുന്നതാണ്. സമിതി നിശ്ചിത ദിവസ ത്തിനുള്ളിൽ ഇക്കാര്യം പരിശോധിച്ച് ന്യൂനതയുണ്ടെങ്കിൽ അത് പരിഹരിച്ച് പ്രസ്തുത വിഷയത്തെ സംബന്ധിച്ചുള്ള വിവാദം അവസാനിപ്പിക്കണം.

<u>ശ്രീ. എ.എ. അസീസ്:</u> 7-ാം ക്ലാസ്സിലെ സാമൂഹ്യ പാഠപുസ്തകം പിൻവലിക്കേണ്ടതില്ല. ജാതിയും മതവും രാഷ്ട്രീയവും വളർത്താൻ വർഗ്ഗീയ ഫാസിസ്റ്റ് സംഘടനകൾ പ്രവർത്തിക്കുന്ന കാലഘട്ടത്തിൽ കോൺഗ്രസ്സിന്റെ വിലകുറഞ്ഞ വാദഗതി പരിതാപകരമാണ്. ഇന്ത്യൻ രാഷ്ട്രീയ രംഗത്ത് ജാതി-മത സംഘടനകൾ വളർന്നുവരികയും ആരാധനാലയങ്ങൾ ആക്രമിക്ക പ്പെടുകയും ചെയ്യുന്ന സ്ഥിതിവിശേഷം നിലനിൽക്കുകയാണ്. ഭിന്നജാതിയിലു ള്ളവർ മിശ്രവിവാഹം കഴിക്കുന്ന അവസരത്തിൽ അവർക്ക് സാമ്പത്തിക സഹായം ലഭിക്കുന്നുമുണ്ട്.

<u>ശ്രീ. പി. സി. ജോർജ്:</u> ശ്രീ. പി. സി. വിഷ്ണുനാഥിന്റെ അഭിപ്രായത്തോട് യോജിക്കുകയാണ്. പാവപ്പെട്ട കുട്ടികളെ ഇത്തര

ത്തിലുള്ള പാഠപുസ്തകങ്ങൾ പഠിപ്പിച്ച് നശിപ്പിക്കുകയാണ് ചെയ്യുന്നത്. കേരളത്തിലുള്ള എല്ലാവരും പ്രസ്തുത പാഠപുസ്തകത്തെ എതിർക്കുന്ന സാഹചര്യത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടി ചർച്ച ചെയ്ത് പ്രശ്നപരിഹാരം കാണാനുള്ള നടപടികൾ സ്വീകരിക്കണം.

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ: പാഠപുസ്തകവിവാദത്തിന്മേൽ ഒരു ചർച്ച നടത്താൻ സാഹചര്യമുണ്ടായത് നല്ല കാര്യമാണ്. സമൂഹത്തിൽ നിലനിൽക്കുന്ന അന്ധവിശ്വാസങ്ങൾ ദൂരീകരിച്ചാൽ മാത്രമേ സ്വതന്ത്ര ഇൻഡ്യ വിഭാവനം ചെയ്യുന്ന മതേതരത്വവും ജനാധിപത്യവും സംരക്ഷിക്കാൻ സാധിക്കുകയുള്ളൂ. പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ചെയ്തിട്ടുള്ള നല്ല കാര്യങ്ങൾ ഇൻഡ്യയിലെ ജനാധിപത്യ പ്രസ്ഥാനങ്ങളും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനവും അംഗീകരിച്ചിട്ടുണ്ട്. സ്വതന്ത്ര ഇൻഡ്യയെ ഒരു പുതിയ ശാസ്ത്ര സമൂഹമാക്കി മാറ്റാൻ ജനങ്ങളിൽ ശാസ്ത്രബോധം പ്രചരിപ്പിക്കണമെന്ന് നെഹ്റു ഇൻഡ്യൻ ശാസ്ത്രജ്ഞരോട് ആവശ്യപ്പെട്ടിരുന്നു. എൻ.സി.ഇ.ആർ.ടി. പ്രകാരമുള്ള പാഠപുസ്തകത്തിൽ നെഹ്റുവിന്റെ അഭിപ്രായം വ്യക്തമാക്കിയിട്ടുണ്ട്. കേരളത്തിലും ഇൻഡ്യയിൽ തന്നെയും വളർന്നുവരുന്ന മതത്തിന്റെ ഇൻസ്റ്റിറ്റ്യൂഷണലൈസ്ഡ് ഡോമിനേഷനെ തകർക്കുക എന്നത് സെക്യൂലറിസം കൊണ്ടു മാത്രമേ സാധിക്കൂ. അതാണ് പ്രസ്തുത പാഠപുസ്തകത്തിലൂടെ പഠിപ്പിക്കാൻ ഉദ്ദേശിക്കുന്നതും. മനുഷ്യന്റെ ദുർബലതയിൽ നിന്നാണ് മതത്തിന്റേയും ഈശ്വരന്റേയും ആവിർഭാവം. എങ്കിലും കടുത്ത അന്ധവിശ്വാസത്തിൽ സമൂഹത്തെ കൊണ്ടുചെന്നെത്തിക്കരുത്. കേരളത്തിന്റെ സെക്യൂലറിസത്തെ ഗുണകരമായി ബാധിക്കുന്ന കാര്യമാണ് 7-ാം സ്റ്റാന്റേർഡിലെ സാമൂഹ്യ പാഠപുസ്തക

ത്തിലുള്ളത്. പൂർണ്ണമായ മതേതരത്വവും ജനാധിപത്യവും അടങ്ങിയിട്ടുള്ള പ്രസ്തുത പാഠപുസ്തകം പിൻവലിക്കരുത്.

ശ്രീ. പി. എം. എ. സലാം : പ്രതിപക്ഷം മതത്തിന്റെയും ജാതിയുടേയും പേര് പറഞ്ഞ് പുസ്തകവിവാദം കലുഷിതമാക്കാൻ ശ്രമിക്കുകയാണ്. പുസ്തകം പിൻവലിക്കണമെന്ന് ആവശ്യപ്പെടുന്നവർക്ക് അതിന്റെ കാരണങ്ങൾ ബോദ്ധ്യപ്പെടുത്താൻ സാധിക്കുന്നില്ല. മതവിരോധം പ്രകടിപ്പിക്കുന്ന ഒരു വാക്കോ കമ്മ്യൂണിസ്റ്റ് പക്ഷപാതം കാണിക്കുന്ന ഒരു വാചകമോ പാഠപുസ്തകത്തിൽ ഉൾക്കൊള്ളിച്ചിട്ടില്ല. മുസ്ലീം സ്ത്രീകളുടെ വസ്ത്രധാരണത്തെക്കുറിച്ച് യാതൊന്നും തെറ്റായി പരാമർശിച്ചിട്ടില്ല. പാഠപുസ്തക വിവാദത്തെ സംബന്ധിച്ച് ആവശ്യമായ ചർച്ചകൾ നടത്തി ആശങ്കകൾ അകറ്റി പ്രശ്നം പരിഹരിക്കാനുള്ള അന്തരീക്ഷം സൃഷ്ടിക്കണം.

ശ്രീ. കെ. ബി. ഗണേഷ് കുമാർ : ദൈവവിശ്വാസം പഠിപ്പിക്കേണ്ടത് പാഠപുസ്തകത്തിലൂടെയല്ല. ആർക്കും ഏത് മതത്തിലും വിശ്വസിക്കാമെന്ന് ഇൻഡ്യൻ ഭരണഘടനയിൽ പറഞ്ഞിട്ടുണ്ട്. 7-ാം ക്ലാസ്സിലെ സാമൂഹ്യ പാഠപുസ്തകത്തിൽ പറഞ്ഞിട്ടുള്ളതനുസരിച്ച് പട്ടികജാതി-പട്ടിക വർഗ്ഗത്തിൽപ്പെട്ട മിശ്രവിവാഹിതർക്ക് ഭരണഘടന അനുശാസിക്കുന്ന സംവരണം ലഭിക്കുകയില്ല. അവർക്ക് അർഹതപ്പെട്ട സംവരണം നിഷേധിക്കാൻ ഇടവരരുത്. വർഷങ്ങൾക്കുമുമ്പ് പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കുവേണ്ടി പടപൊരുതിയ അയ്യങ്കാളിയെയും മഹാത്മാഗാന്ധിയെയും പോലുള്ള മഹാരഥന്മാരെ വിസ്മരിച്ചുകൊണ്ട് അച്ചടിച്ചിരിക്കുന്ന പുസ്തകം നിലവാരം കുറഞ്ഞ സമൂഹത്തെ സൃഷ്ടിക്കും. സമൂഹത്തിൽ നിലനിൽക്കുന്ന അന്ധവിശ്വാസങ്ങൾ ദൂരീകരിച്ചാൽ മാത്രമേ സ്വതന്ത്ര ഇൻഡ്യ വിഭാവനം ചെയ്യുന്ന മതേതരത്വവും ജനാധിപത്യവും സംരക്ഷിക്കാൻ സാധിക്കുകയുള്ളൂ. നെഹ്റു

വിന്റെ നല്ല ആശയങ്ങൾ ഇൻഡ്യയിലെ ജനാധിപത്യ പ്രസ്ഥാനങ്ങളും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളും അംഗീകരിച്ചിട്ടുണ്ട്. കുട്ടികളിൽ ഇടതുപക്ഷ ചിന്താഗതിയും മതവിദ്വേഷവും വളർത്തിയെടുക്കുന്ന പാഠങ്ങൾ പുസ്തകത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു എന്നുമാത്രമല്ല, വളർന്നുവരുന്ന തലമുറയ്ക്ക് അറിവ് പകർന്നുകൊടുക്കുന്ന യാതൊന്നുംതന്നെ കാണുന്നുമില്ല. എൻ. സി. ഇ. ആർ. ടി. യുടെ പുസ്തകവുമായി യാതൊരു താരതമ്യവുമില്ല. അതുകൊണ്ട് നിലവാരമുള്ള പാഠപുസ്തകം അച്ചടിച്ച് കുട്ടികളെ പഠിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ശ്രീ.കെ.ടി. ജലീൽ: വളരെ വൈകാരികമായിട്ടുള്ള ഒരു പ്രശ്നമാണ് സഭയിൽ ചർച്ച ചെയ്യുന്നത്. അവധാനതയോടുകൂടി ഈ വിഷയത്തെ നോക്കിക്കാണുന്നതിന് പകരം ഉപരിപ്ലവമായി കാണാൻ പല അംഗങ്ങളും ശ്രമിക്കുന്നത് സമൂഹത്തിൽ വർഗ്ഗീയ ധ്രുവീകരണം ശക്തിപ്പെടുത്തുന്നതിന് മാത്രമേ ഉപകരിക്കുകയുള്ളൂ. തികച്ചും നിക്ഷിപ്ത താൽപര്യത്തോടുകൂടി സർക്കാരിനെ കരിവാരിത്തേയ്ക്കുക എന്നുള്ളതാണ് ലക്ഷ്യം. പാഠപുസ്തകം പൂർണ്ണമായി പിൻവലിക്കണമെന്ന് മതപണ്ഡിതൻമാർ മുഴുവൻ ആവശ്യപ്പെട്ടു എന്നുള്ള പരാമർശം ശരിയല്ല. രാജ്യത്തെ ചരിത്ര പരാമർശങ്ങൾ പഠിക്കാൻ കുട്ടികൾക്ക് അവസരം നൽകുന്നത് തെറ്റല്ല. വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനാണ് സർക്കാർ ശ്രമിച്ചിട്ടുള്ളത്. പാഠപുസ്തകത്തിലെ ഏതെങ്കിലും ഭാഗത്ത് മതവിശ്വാസികൾ ഉയർത്തിയിട്ടുള്ള മതനിരാസം ഉണ്ടെങ്കിൽ അവയെ സംബന്ധിച്ച് പഠിക്കാൻ ഒരു ഉന്നതാധികാര സമിതിയെ ഗവൺമെന്റ് നിയോഗിക്കുകയും ആ സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്ത് ചെയ്യണമെന്ന് തീരുമാനമെടുക്കുകയും ചെയ്യണം.

ശ്രീ. എ.എം. ആരിഫ്: 2007-ലെ ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട് അനുസരിച്ചാണ് പാഠപുസ്തകങ്ങൾ തയ്യാറാക്കിയിട്ടുള്ളത്. എൻ. സി. ഇ. ആർ. ടി. പാഠപുസ്തകം പോലെ സംസ്ഥാനത്തെ എസ്. സി. ഇ. ആർ. ടി. പ്രസിദ്ധീകരിച്ച പുസ്തകത്തിലും സമാനതകൾ വരാൻ കാരണം എൻ. സി. ആർ. ടി. പ്രസിദ്ധീകരണത്തിൽ ഏറിയ പങ്കും നെഹ്റുവിന്റെ വീക്ഷണങ്ങൾക്ക് പ്രാമുഖ്യം കൊടുത്തിട്ടുള്ളതുകൊണ്ടാണ്. അതിന്റെ അടിസ്ഥാനത്തിൽ ഈ പുസ്തകത്തിൽ ഗാന്ധിജിയെ പരാമർശിച്ചിട്ടില്ല എന്ന തരത്തിൽ വ്യാഖ്യാനിക്കുന്നതിൽ യാതൊരു അർത്ഥവുമില്ല. ഇത്തരത്തിലുള്ള പരാമർശങ്ങൾ നടത്തുന്നവർക്കെതിരെ ജനകീയ അഭിപ്രായം സ്വരൂപിക്കണം. പാഠ്യപദ്ധതി എന്നു പറയുന്നത് ഒന്നിന്റെ തുടർച്ചയാണ്. സൗഹാർദ്ദത്തിനും സാഹോദര്യത്തിനും ഊന്നൽ നൽകിക്കൊണ്ടാണ് മറ്റു മതങ്ങളെ ആദരിക്കേണ്ടത്. അക്കാഡമിക് ഇന്ററസ്റ്റിൽ ചർച്ച ചെയ്താൽ ഭാരതീയ തത്വശാസ്ത്രത്തിൽ രണ്ടു തരത്തിലുള്ള ആശയങ്ങളുണ്ട്; ആത്മീയ വാദവും ഭൗതിക വാദവും. ഏതാണ് ശരിയെന്ന് കുട്ടികൾ തീരുമാനിക്കും. വിശ്വാസവും വിശ്വാസ രാഹിത്യവും സമൂഹം അംഗീകരിച്ചിട്ടുണ്ട്. കുട്ടികൾ അതു പഠിക്കണം. പുസ്തകത്തിലെ പരാമർശങ്ങൾ കുട്ടികളെ നന്നായി പഠിപ്പിക്കണം. സൗഹാർദ്ദവും സ്നേഹവും സാഹോദര്യത്വവും മതങ്ങളുടെ മഹിമയും പഠിപ്പിക്കാൻ കഴിയുന്ന പാഠ്യ പദ്ധതിയുമായി മുന്നോട്ടു പോകണം.

ശ്രീ. സി.എഫ്. തോമസ്: കമ്മ്യൂണിസ്റ്റ് പ്രത്യയ ശാസ്ത്രം പാഠപുസ്തകത്തിൽ ഉൾക്കൊള്ളിക്കുന്ന രീതി ഉപേക്ഷിക്കണം. ബഹുമാനപ്പെട്ട മന്ത്രി കേരള ജനതയുടെ ചിന്ത എന്താണെന്ന് ഉൾക്കൊള്ളണം. മതങ്ങളെ ഫാഷനായിട്ട് കൊണ്ടുനടക്കാൻ

അനുവദിക്കരുത്. മിശ്രവിവാഹിതരെ ആരും എതിർക്കുന്നില്ല. കുട്ടികളെ 1-ാം ക്ലാസിൽ ചേർക്കുമ്പോൾ മതമില്ല എന്ന് പറഞ്ഞ് ഒരു രക്ഷിതാവും എഴുതാറില്ല. മതം വേണ്ട എന്ന ആശയം പ്രചരിപ്പിക്കരുത്. ഇളം മനസ്സുകളിൽ മത നിഷേധത്തിന്റെ ആശയം കൊണ്ടുവരരുത്. ഈശ്വരനും മനുഷ്യനും തമ്മിലുള്ള ബന്ധത്തിന്റെ വിശദീകരണമാണ് മതം. മതം വേണ്ട എന്ന് പറയുന്നത് ഈശ്വര വിശ്വാസത്തെ നിഷേധിക്കുന്നതാണ്. സ്വാതന്ത്ര്യസമരം നയിച്ച രാഷ്ട്ര പിതാവായ മഹാത്മജിയുടെ പേര് തന്നെ ഈ പുസ്തകത്തിൽ പറഞ്ഞിരിക്കുന്നത് അപ്രധാനമായ ഭാഗത്താണ്. ഇൻഡ്യൻ ദേശീയ സമരത്തേയും ദേശീയ നേതാക്കന്മാരേയും വിലകുറച്ചു കാണിക്കുന്ന ഈ പുസ്തകം കേരളത്തിൽ പഠിപ്പിക്കാൻ സാദ്ധ്യമല്ല. ഈ പുസ്തകം പിൻവലിക്കും വരെ യു.ഡി.എഫ് സമരം ചെയ്യും. കേരളത്തിലെ ജനങ്ങളുടെ സന്തുലിതമായ വികാരം മാറ്റിമറിക്കുന്ന ഈ പാഠപുസ്തകം പിൻവലിക്കണം.

<u>ശ്രീ. രാജു എബ്രഹാം</u>: ഈ പുസ്തകത്തിലെ മുഴുവൻ ഭാഗങ്ങളും യു.ഡി.എഫ്. നന്നായി വായിക്കണം. സ്വാതന്ത്ര്യ സമരത്തെക്കുറിച്ച് 7 പേജുകളിലാണ് പറഞ്ഞിരിക്കുന്നത്. മതസൗഹാർദ്ദവും മതസ്നേഹവും ഇത്രയും വലിയ ഒരു സന്ദേശമായി പാഠപുസ്തകത്തിൽ ഉൾപ്പെടുത്തിയ വിദ്യാഭ്യാസവും സാസ്ക്കാരികകാര്യവും വകുപ്പു മന്ത്രിയെ അഭിനന്ദിക്കുന്നു. അയ്യങ്കാളിയും ചട്ടമ്പിസ്വാമിയും കേരളത്തിന്റെ സാമൂഹ്യ പരിഷ്ക്കർത്താക്കളല്ലെന്ന വാദം ശരിയല്ല. സാമൂഹ്യ പരിഷ്ക്കർത്താക്കളുടെ കൂട്ടത്തിൽ കമ്മ്യൂണിസ്റ്റുകാരുണ്ട്. മതത്തെപ്പറിയും ഇൻഡ്യൻ സ്വാതന്ത്ര്യ സമരത്തപ്പറ്റിയും ബൈബിളിനെപ്പറ്റിയും നബിവചനത്തെപ്പറ്റിയും

പരാമർശിച്ചിരിക്കുന്ന ഈ പുസ്തകം പിൻവലിക്കണമെന്ന് പറയുന്നത് അപഹാസ്യമാണ്. പാഠപുസ്തകം പിൻവലിക്കേണ്ട കാര്യമില്ല. ഈ പാഠപുസ്തകം പഠിപ്പിക്കണം, ഇവിടെ മതനിരപേക്ഷമായിട്ടുള്ള പാഠ്യഭാഗങ്ങളുണ്ടാകണം. ഇതിൽ ക്രിസ്ത്യൻ-മുസ്ലീം-ഹൈന്ദവ ഐക്യത്തിന്റെയും മതസൗഹാർദ്ദത്തിന്റെയും നിർദ്ദേശങ്ങളുണ്ട്, സ്വാതന്ത്ര്യസമരമടക്കമുള്ള ഭാരതത്തിന്റെ പ്രതീക്ഷകളെപ്പറ്റിയുള്ള സന്ദേശങ്ങളുണ്ട്. അതിനാൽ ഈ പാഠപുസ്തകം പിൻവലിക്കേണ്ടതില്ലെന്നുള്ള അഭിപ്രായത്തിൽ ഉറച്ചുനിൽക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻചാണ്ടി): അടിയന്തിരപ്രമേയ ചർച്ചയ്ക്ക് അവസരം ഉണ്ടാക്കിയ വിദ്യാഭ്യാസവും സാസ്ക്കാരികകാര്യവും വകുപ്പുമന്ത്രിയുടെ നിലപാടിനെ സ്വാഗതം ചെയ്യുന്നു. പന്ത്രണ്ടാം കേരള നിയമസഭയിൽ ആദ്യമായിട്ടാണ് ഒരു അടിയന്തിര പ്രമേയത്തിന് ചർച്ച വരുന്നത്. ഇവിടെ നടന്ന അടിയന്തിരപ്രമേയ ചർച്ചയുടെ സ്പിരിറ്റ് ഉൾക്കൊണ്ടുകൊണ്ട് ഈ പുസ്തകം പിൻവലിക്കുന്നുവെന്ന് ഗവൺമെന്റ് പ്രഖ്യാപിക്കണം. പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ മതേതരത്വം മത വിരോധമായിരുന്നില്ല. അത് നിങ്ങൾ തമസ്കരിച്ചതിനാലാണ് ഈ പുസ്തകത്തെ എതിർക്കുന്നത്. മതവുമായി ബന്ധപ്പെട്ട് നിരീശ്വരവാദി എന്നതിനേക്കാൾ ഒരു മതേതരത്വവാദിയെന്ന നിലയിലാണ് അദ്ദേഹം ലോകം മുഴുവൻ അറിയപ്പെടുന്നത്. ഇൻഡ്യൻ ഭരണഘടനയിൽ മതേതരത്വത്തിന്റെ സന്ദേശം ഉൾക്കൊണ്ടുകൊണ്ട് മതന്യൂനപക്ഷങ്ങൾക്ക് പൂർണ്ണ സംരക്ഷണം നൽകുന്ന കാര്യത്തിൽ തീരുമാനമുണ്ടാക്കുന്നതിന് നേതൃത്വം നൽകിയിട്ടുള്ളത് നിരീശ്വരവാദിയായ പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവാണ്. സാമൂഹ്യ ശാസ്ത്രവും അതിന്റെ അധ്യാപക സഹായിയും

കൂടി കൂട്ടിവായിക്കുമ്പോഴാണ് ഇതിന്റെ അപകടം മനസ്സിലാകുന്നത്. ജനുവരി മാസം 6–ാം തീയതി വിളിച്ചു കൂട്ടിയ കോൺഫറൻസിൽ മുസ്ലീം സംഘടനകൾക്ക് നൽകിയ ഉറപ്പുകളെല്ലാം സർക്കാർ ലംഘിച്ചു. ഇക്കാര്യത്തിൽ സർക്കാരിന് ഒരു പൂർണ്ണ മനസ്സ് ഉണ്ടാകാത്തത് എന്തുകൊണ്ടാണെന്ന് മനസ്സിലാകുന്നില്ല. 32 പേർ അടങ്ങിയ ഒരു കരിക്കുലം കമ്മിറ്റിയുണ്ടാക്കി. അതിൽ 30 പ്രതിനിധികളും ഒരേ വീക്ഷണമുള്ള ഇടതുപക്ഷ ചിന്താഗതിക്കാരാണ്. അതിലെ രണ്ട് പ്രതിനിധികൾ 1,3,5,7 എന്നീ നാല് ക്ളാസ്സുകളിലെ പാഠപുസ്തകങ്ങൾ മാറ്റണമെന്നുള്ള തീരുമാനത്തിലാണ് ഒപ്പിട്ടത്. അതിനുശേഷം സബ് കമ്മിറ്റിക്കാണ് ഇത് പരിഷ്ക്കരിക്കാൻ വേണ്ട തീരുമാനം വിട്ടുകൊടുത്തത്. ആ കമ്മിറ്റികളിലൊന്നും ഇവരെ വിളിച്ചില്ല. സുതാര്യമായി ചെയ്യേണ്ട കാര്യം ഒളിച്ചുവച്ച് ഏകപക്ഷീയമായി ഒരു കമ്മിറ്റി ഉണ്ടാക്കി തീരുമാനമെടുത്തത് എന്തുകൊണ്ടാണെന്ന് മനസ്സിലാകുന്നില്ല. ഈ പാഠപുസ്തകങ്ങളുടെ ഗുണനിലവാരം നമ്മുടെ വിദ്യാർത്ഥികളുടെ സ്റ്റാൻഡേർഡ് വച്ചു നോക്കുമ്പോൾ ഒരിക്കലും മേന്മയുള്ളതല്ല. ഈ പുസ്തകത്തിൽ മത നിഷേധമുണ്ട്. സ്വാതന്ത്ര്യ സമര പ്രസ്ഥാനങ്ങളെയും നേതാക്കളേയും നവോത്ഥാന ശിൽപ്പികളേയും അവഗണിച്ചിട്ടുണ്ട്. കമ്മ്യൂണിസ്റ്റ് ആശയങ്ങൾ കുഞ്ഞ് ഹൃദയങ്ങളിലേയ്ക്ക് കുത്തിവയ്ക്കാനുള്ള ശ്രമങ്ങളുണ്ട്. ഈ പാഠപുസ്തകങ്ങൾ പഠിക്കുന്ന കുട്ടികൾക്ക് 10–ഉം 12–ഉം ക്ളാസ് കഴിഞ്ഞ് സി.ബി.എസ്.ഇ. സിലബസ് പഠിക്കുന്ന കുട്ടികളുമായി മത്സരിക്കേണ്ടിവരും. ആ സാഹചര്യത്തിൽ ഉയർന്ന നിലവാരത്തിലേയ്ക്ക് ഒത്തുപോകാൻ പറ്റാത്ത രണ്ടാംതര പൗരൻമാരായി അവർ മാറും. കുട്ടികൾക്ക് മികച്ച

നിലവാരത്തിലുള്ള പുസ്തകം എത്തിച്ചു കൊടുക്കാനുള്ള ഉത്തരവാദിത്വം നമുക്കുണ്ട്. അറിവിന്റെ കാര്യത്തിൽ കഴിഞ്ഞ വർഷത്തെ പാഠപുസ്തകം ഇപ്പോൾ നമ്മൾ പിൻവലിക്കാൻ പോകുന്ന പുസ്തകത്തേക്കാൾ മുന്നിലാണ്. സംസ്ഥാനത്തെ സ്റ്റേറ്റ് സിലബസ്സിലും സി.ബി.എസ്.ഇ. സിലബസ്സിലും പഠിക്കുന്ന കുട്ടികളുടെ സ്റ്റാൻഡേർഡുകൾ തമ്മിലുള്ള അന്തരം കുറയ്ക്കാൻ ശ്രമിക്കുന്നതിനു പകരം കൂട്ടാനാണ് ശ്രമം നടന്നിട്ടുള്ളത്. സംസ്ഥാനത്തെ പാവപ്പെട്ട രക്ഷകർത്താക്കളുടെ കുട്ടികളുടെ ഭാവിയെക്കുറിച്ച് ചിന്തിച്ചുകൊണ്ട് ഈ വിഷയം വസ്തുനിഷ്ഠമായ ഒരു പരിശോധനയ്ക്ക് വിധേയമാക്കണം. മതസൗഹാർദ്ദം നമ്മുടെ നാടിന്റെ മുഖമുദ്രയാണ്. അതിന് സഹായകരമാകുന്ന രീതിയിലുള്ള പഠനത്തെ സ്വാഗതം ചെയ്യുന്നു. പുസ്തകത്തിൽ മിശ്രവിവാഹിതരായ ദമ്പതികളുടെ കുട്ടികളെ സ്കൂളിൽ ചേർക്കുമ്പോൾ ജാതിയോ മതമോ വേണ്ടെന്ന് പറഞ്ഞതിനുശേഷം പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ മരണാനന്തര ക്രിയകൾ മതപരമായ രീതിൽ നടത്തേണ്ട എന്ന ഒരു വാചകം ചേർത്തത് ശരിയായില്ല. രണ്ട് കാര്യങ്ങളും കൂടി കൂട്ടി വായിക്കുമ്പോൾ മിശ്രവിവാഹിതരുടെ കുട്ടിയെ സ്കൂളിൽ ചേർക്കുമ്പോൾ ജാതി വേണ്ട എന്നാണ് മനസ്സിലാകുന്നത്. മതസൗഹാർദ്ദം വിദ്യാർത്ഥികളിലേയ്ക്ക് പകർന്നുകൊടുക്കാൻ കൂട്ടായി ശ്രമിക്കണം. മതനിഷേധത്തിന് സഹായകരമായ നിലപാട് സ്വീകരിക്കരുത്. ബ്രിട്ടീഷ് ഭരണത്തെ അനുകൂലിച്ചുകൊണ്ടുള്ള ഒരു സന്ദേശമാണ് സ്വാതന്ത്ര്യ ലബ്ധിയ്ക്കുശേഷം 48 വർഷം കഴിഞ്ഞ് ജനിച്ചിരിക്കുന്ന പുതിയ തലമുറകളിലേയ്ക്ക് എത്തിക്കുന്നത്. അധ്യാപക സഹായിയിലും

പ്രതിഫലിക്കുന്നത് മത നിഷേധമാണ്. ഈ പാഠ പുസ്തകത്തിൽ രാഷ്ട്രീയം കുത്തികലർത്താൻ അനുവദിക്കുകയില്ല. ഇത് പിൻവലിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി): ശ്രീ. കെ. എം. മാണിയുടെ നേതൃത്വത്തിൽ നടന്ന ചർച്ചയിൽ 17 ബഹുമാനപ്പെട്ട അംഗങ്ങൾ പങ്കെടുക്കുകയും അത് വളരെ പ്രയോജനപ്രദമാക്കുകയും ചെയ്തു. അടിയന്തിരപ്രമേയം എന്നുള്ള നിലയ്ക്ക് മറ്റ് സഭാനടപടികൾ നിറുത്തിവച്ച് ഇത്തരം ഒരു ചർച്ചയ്ക്ക് അവസരമുണ്ടാക്കിത്തന്ന സ്പീക്കർക്ക് നന്ദി രേഖപ്പെടുത്തുന്നു. ഈ ചർച്ചയിലൂടെ കേരള സമൂഹത്തിൽ വിവാദമുണ്ടാക്കിയ പാഠ പുസ്തകത്തെക്കുറിച്ചുള്ള വസ്തുതകൾ മനസ്സിലാക്കാൻ അവസരമുണ്ടാക്കിയെന്നുള്ളതാണ് ഏറ്റവും വലിയ നേട്ടം. ഈ പാഠപുസ്തകവുമായി ബന്ധപ്പെട്ട ചർച്ച ഒട്ടേറെ കാര്യങ്ങളിലേയ്ക്ക് വെളിച്ചം വീശി എന്നുള്ളത് ശ്രദ്ധേയമാണ്. വസ്തുതകളെ വളച്ചൊടിച്ച് തങ്ങളുടെ വാദമുഖങ്ങളെ സാധൂകരിക്കാൻവേണ്ടിയുള്ള ശ്രമങ്ങളും ചില അംഗങ്ങളുടെ ഭാഗത്തുനിന്നുമുണ്ടായി. സംസ്ഥാനത്ത് പാഠ്യപദ്ധതിയുടെ ഗൗരവപൂർണ്ണമായ പരിഷ്ക്കരണം ആരംഭിച്ചത് 1997-ലാണ്. പാഠപുസ്തകങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഒരു നൈരന്തര്യം കുറേക്കാലമായി നിലനിൽക്കുന്നുണ്ട്. അക്കാര്യത്തിൽ മാറ്റം വരാറില്ല. മതേതര ജനാധിപത്യ പുരോഗമന വീക്ഷണത്തിൽ നിന്നുകൊണ്ടാണ് ദേശീയ തലത്തിലും സംസ്ഥാന തലത്തിലും പാഠപുസ്തകങ്ങൾ തയ്യാറാക്കുന്നത്. പുസ്തകത്തിന്റെ ഉള്ളടക്കത്തെക്കുറിച്ചും ദേശീയ പാഠ്യ പദ്ധതിയുടെ ചട്ടക്കൂടിനെക്കുറിച്ചുമെല്ലാം പരാമർശം വന്നു. ഒന്നാം ക്ലാസ്സിലെ കുട്ടികളെ

അക്ഷരം പഠിപ്പിക്കുന്നില്ല എന്ന വിമർശനമുണ്ടായി. ബോധന രീതികളെക്കുറിച്ചുള്ള മാറ്റങ്ങൾ എല്ലാവരും മനസ്സിലാക്കിയിരിക്കണം. കുട്ടികളെ എങ്ങനെ പഠിപ്പിക്കണമെന്നത് സംബന്ധിച്ച് ഒരു കാഴ്ചപ്പാടുണ്ട്. ഇപ്പോഴത്തെ കുട്ടികൾക്ക് ഗ്രഹണശേഷി കൂടുതലാണ്. ലോകവ്യാപകമായി സ്വീകരിച്ചിരിക്കുന്ന രീതിയനുസരിച്ച് ആശയങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള ബോധന ശാസ്ത്രമാണ് ഇന്നുള്ളത്. സ്റ്റേറ്റ് സിലബസ്സിൽ പഠിക്കുന്ന കുട്ടികളുടെ ഇംഗ്ലീഷ്, കണക്ക്, ഹിന്ദി എന്നീ വിഷയങ്ങളിലുള്ള പ്രാവീണ്യം എസ്.എസ്.എ. നടത്തുന്ന നൂറിൽ നൂറ് എന്ന പ്രോഗ്രാമിന്റെ ഭാഗമായി പരിശോധിച്ചതിന്റെ വസ്തുനിഷ്ഠമായ പഠന റിപ്പോർട്ട് ലഭ്യമാണ്. സ്റ്റേറ്റ് സിലബസ്സ് അനുസരിച്ച് പഠിച്ച കുട്ടികൾ സി.ബി.എസ്.ഇ. സിലബസ്സിൽ പഠിച്ച കുട്ടികളേക്കാൾ മികച്ച രീതിയിൽ കാര്യങ്ങൾ ചെയ്തിട്ടുണ്ടെന്ന് മനസ്സിലാക്കാൻ കഴിയും. ഇപ്പോൾ പ്രസിദ്ധീകരിച്ചിട്ടുള്ള പുസ്തകം നിലവിലിരുന്ന പുസ്തകത്തേക്കാൾ പുറകിലാണെന്ന് പറഞ്ഞത് ശരിയല്ല. നിലവിലുണ്ടായിരുന്ന പുസ്തകത്തിന് 103 പേജുകളുണ്ടായിരുന്നപ്പോൾ രണ്ട് ഭാഗങ്ങളായി പ്രസിദ്ധീകരിച്ചിരിക്കുന്ന പുതിയ പുസ്തകത്തിന് 128 പേജുകളാണുള്ളത്. ഇരുപത് പേജിന്റെ വർദ്ധനവ് ചൂണ്ടിക്കാണിക്കുന്നത് ഉള്ളടക്കത്തിലുണ്ടായിരിക്കുന്ന വർദ്ധന മനസ്സിലാക്കാനുള്ള ഒരു അളവുകോലാണ്. ഡോ. അംബേദ്ക്കറുടെ ജന്മസ്ഥലത്തെക്കുറിച്ച് ഇംഗ്ലീഷ് പുസ്തകത്തിൽ പറഞ്ഞത് ശരിയല്ലെന്ന വിമർശനമുണ്ടായി. പ്രാഥമികാന്വേഷണത്തിൽ മധ്യപ്രദേശിലെ ഇൻഡോർ ജില്ലയിലെ മഹോർ എന്ന സ്ഥലത്താണ് അദ്ദേഹം ജനിച്ചതെന്നും ആ സ്ഥലം ഇപ്പോൾ അംബേദ്ക്കർ നഗർ എന്നാണ് അറിയപ്പെടുന്നതെന്നുമാണ്

അറിയാൻ കഴിഞ്ഞത്. ഈ പുസ്തകത്തിൽ വസ്തുതാപരമായ തെറ്റുകൾ വന്നിട്ടുണ്ടെങ്കിൽ അത് തിരുത്താവുന്നതാണ്. പണ്ഡിറ്റ് ജവഹർലാൽ നെഹ്റു പറഞ്ഞത് അതുപോലെ പുസ്തകത്തിൽ പറഞ്ഞിട്ടുണ്ടെന്നല്ലാതെ അദ്ദേഹത്തെ മതവിരുദ്ധനായി ചിത്രീകരിച്ചിട്ടില്ല. മതത്തെക്കുറിച്ച് ഈ പുസ്തകത്തിന്റെ ഉള്ളടക്കത്തിൽ പറഞ്ഞതൊന്നും മതവിരുദ്ധമല്ല. എല്ലാ മതങ്ങളും മനുഷ്യനന്മയെ ലക്ഷ്യമാക്കുന്നു എന്നാണ് പറഞ്ഞിട്ടുള്ളത്. എന്നാൽ എൻ.സി.ഇ.ആർ.ടി.യുടെ 11-ാം ക്ലാസ്സിലെ ടെക്സ്റ്റിന്റെ ഉള്ളടക്കത്തിൽ മതവിമർശനമാണുള്ളത്. അതിൽ മോത്തിലാൽ നെഹ്റു മതങ്ങൾ സ്ത്രീകളേയും പുരുഷന്മാരേയും വേർതിരിച്ച് കാണിക്കുന്നുവെന്ന വിമർശനം ഉന്നയിച്ചിരിക്കുന്നു. സ്ത്രീകൾക്ക് മാറുമറയ്ക്കാനുള്ള അവകാശമുൾപ്പെടെയില്ലാതിരുന്ന കേരളത്തിന്റെ അവസ്ഥയെക്കുറിച്ച് കേരളത്തിലെ പുസ്തകത്തിൽ പരാമർശിക്കുമ്പോൾ എൻ.സി.ഇ..ആർ.ടി.യുടെ പുസ്തകത്തിൽ ലോകപ്രശസ്ത ടെന്നീസ് താരം സാനിയ മിർസയ്ക്കെതിരെ മതവിലക്കുകൾ പുറപ്പെടുവിച്ചതിനെക്കുറിച്ചാണ് പറയുന്നത്. മതത്തെക്കുറിച്ച് നല്ലതല്ലാത്ത ഒന്നുംതന്നെ കേരളത്തിലെ പുസ്തകത്തിൽ പരാമർശിച്ചിട്ടില്ല. അദ്ധ്യാപക സഹായിയിൽ നിരീശ്വരവാദമില്ല. 7-ാം ക്ലാസ്സിലെ സാമൂഹ്യശാസ്ത്ര പുസ്തകത്തിൽ ‘അടുക്കളയിൽ നിന്ന് അരങ്ങത്തേയ്ക്ക്’ എന്ന തലക്കെട്ടിൽ ക്രിസ്തുമതാചാരപ്രകാരവും ഹിന്ദുമതാചാരപ്രകാരവും ഇസ്ലാംമതാചാര പ്രകാരവുമുള്ള വിവാഹങ്ങളുടെ 3 ചിത്രങ്ങൾ കൊടുത്തിട്ട് മതപരമായ ചടങ്ങില്ലാത്ത രജിസ്റ്റർ വിവാഹത്തെക്കുറിച്ച് പറയുന്നു. യു.ഡി.എഫ്. ഭരണകാലത്തെ അപേക്ഷിച്ച് പുരോഗമനപരമോ മതവുമായി ബന്ധപ്പെട്ട

വിമർശനപരമോ ആയ യാതൊരു ഉള്ളടക്കവും ഇതിലില്ല. അതുകൊണ്ട് യാതൊരു യുക്തി ഭദ്രതയും ന്യായീകരണവുമില്ലാതെ ഈ പുസ്തകം പിൻവലിക്കണമെന്ന പ്രതിപക്ഷത്തിന്റെ ആവശ്യം പിൻവലിക്കണം. ഇപ്പോഴുള്ള പുസ്തകത്തെക്കുറിച്ച് പ്രതിപക്ഷത്തിനോ കേരളത്തിലെ ഏതെങ്കിലും സംഘടനകൾക്കോ എന്തെങ്കിലും വിമർശനങ്ങളുണ്ടെങ്കിൽ അവ തുറന്ന മനസ്സോടുകൂടി ചർച്ച ചെയ്യാനും അവർ ആരോപിക്കപ്പെടുന്ന പോരായ്മകളും വിമർശനങ്ങളും പരിശോധിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ആലോചിച്ച് ഒരു വിദഗ്ദ്ധ സമിതിയെ നിർദ്ദേശിക്കാനും ഗവൺമെന്റ് തയ്യാറാണ്. എന്നാൽ ഈ പുസ്തകങ്ങൾ പഠിപ്പിക്കാൻ പറ്റില്ലെന്ന് ഏതെങ്കിലും മാനേജുമെന്റുകൾക്ക് തീരുമാനിക്കാൻ അധികാരമില്ല. പഠിക്കേണ്ട പുസ്തകം തീരുമാനിക്കുന്നത് ഗവൺമെന്റാണ്, അത് പിൻവലിക്കാൻ തയ്യാറല്ലെന്നാണ് വ്യക്തമാക്കാനുള്ളത്.

പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി): ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി പറഞ്ഞ കാര്യങ്ങളോട് ഒരുവിധത്തിലും യോജിക്കാൻ നിവർത്തിയില്ല. 31 അംഗ കമ്മിറ്റിയിൽ ഇടതുപക്ഷത്തെ ആളുകളെയാണ് കുത്തിനിറച്ചിരിക്കുന്നത്. ഗവൺമെന്റിന്റെ ഉറപ്പു പാലിച്ച് സമരരംഗത്തുനിന്നും പിന്മാറിയ മുസ്ലീം സംഘടനകളെ മുഴുവൻ വഞ്ചിച്ചുകൊണ്ട് രഹസ്യ അജണ്ടയുണ്ടാക്കി ഇതിൽ കുഴപ്പമില്ലെന്ന് സമർത്ഥിക്കാൻ ശ്രമിച്ചാൽ കേരള സമൂഹം അത് അംഗീകരിക്കില്ല. അത് അടിച്ചേല്പിക്കാൻ ശ്രമിച്ചാൽ അതിനെ സർവ്വശക്തിയുമെടുത്ത് എതിർക്കുമെന്ന് പറഞ്ഞുകൊണ്ട് ഗവൺമെന്റിന്റെ ഈ നിലപാടിൽ പ്രതിഷേധിച്ച് വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭയിൽ നിന്ന് പുറത്തുപോവുകയും അല്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

**ധനകാര്യം**

2008-2009 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ II - സംസ്ഥാന ഭരണതലവന്മാർ, മന്ത്രിമാർ,
ആസ്ഥാന ഉദ്യോഗസ്ഥന്മാർ (148,89,64,000 രൂപ)

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II -ാം നമ്പർ ധനാഭ്യർത്ഥനയെ സംബന്ധിക്കുന്ന ചട്ടം 236 (3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

(സർവ്വശ്രീ ടി.എൻ. പ്രതാപൻ, തിരുവഞ്ചൂർ രാധാകൃഷ്ണൻ, ജി.കാർത്തികേയൻ, എ.പി. അനിൽ കുമാർ, കെ.സി. ജോസഫ്, കെ.സി. വേണുഗോപാൽ, എം. മുരളി, എം.എ. വാഹീദ്, കെ.ബാബു, കെ..ശിവദാസൻ നായർ, ബി. ബാബു പ്രസാദ്, കെ.കെ. ഷാജു, സി.ടി. അഹമ്മദ് അലി, പ്രൊഫ. കെ.വി. തോമസ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.)

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> ധനാഭ്യർത്ഥനയെ എതിർക്കുന്നു. നൂറു ശതമാനവും ജനവിരുദ്ധവും ജനങ്ങളുടെ വികാരങ്ങളെ മാനിക്കാത്തതുമായ ഒരു ഗവൺമെന്റിന് ഏറെ നാൾ മുന്നോട്ടു പോകാൻ സാധിക്കില്ല. മർദ്ദന ഭരണമാണ് ഇവിടെ നടക്കുന്നത്. ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെട്ട മന്ത്രിമാർ സമൂഹത്തിൽ ഇന്നു എന്താണ് നടക്കുന്നതെന്ന് അന്വേഷിക്കണം. ജനവിരുദ്ധ പ്രവർത്തനങ്ങളും. പോലീസ് രാജുമാണ് കേരളത്തിൽ നടക്കുന്നത്. ഇലക്ട്രിസിറ്റി ചാർജ്, ബസ്സ് ചാർജ്, വാട്ടർ ചാർജ് ഇവയൊക്കെ വർദ്ധിപ്പിച്ച് ജനങ്ങളുടെമേൽ അധികഭാരം അടിച്ചേൽപിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. ഐക്യ ജനാധിപത്യ മുന്നണി ഗവൺമെന്റ് കൊടുത്തിരുന്ന പല സൗജന്യങ്ങളും ഈ ഗവൺമെന്റ് പിൻവലിച്ചു. കെട്ടിടങ്ങളെ സോണുകളായി തിരിച്ച് നികുതിപിരിക്കാൻ തീരുമാനമെടുത്തതുവഴി ജനജീവിതം കൂടുതൽ ദുസ്സഹമാക്കുകയാണ്. വിധവാ പെൻഷനും കർഷകത്തൊഴിലാളി പെൻഷനും വർദ്ധിപ്പിച്ചു എന്നവകാശപ്പെടുന്ന ഗവൺമെന്റ് അരിയുടെ വിലക്കയറ്റത്തിൽ നിന്നും ജനങ്ങളെ രക്ഷിക്കാനുതകുന്ന ഒരു നടപടിയും ഇതുവരെ സ്വീകരിക്കുകയുണ്ടായില്ല. മദ്യമാഫിയകളേയും ഭൂമി മാഫിയകളേയും അടിച്ചമർത്താൻ ഒരു നടപടിയും സ്വീകരിച്ചില്ല. രവീന്ദ്രൻ പട്ടയത്തിലൂടെ ലഭിച്ച നാല് സെന്റ് ഭൂമിയുടെ പട്ടയം റദ്ദാക്കിക്കൊണ്ട് ജനങ്ങളുടെ കണ്ണിൽ പൊടിയിടാനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. എച്ച്.എം.ടി. കുംഭകോണത്തിൽ സംസ്ഥാനത്തിന് ഭീമമായ തുക നഷ്ടമുണ്ടാക്കി. ഗോൾഫ് ക്ലബ്ബ് ഏറ്റെടുക്കൽ നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ ഗവൺമെന്റിന് കഴിഞ്ഞില്ല. ഭക്ഷ്യസുരക്ഷാ പദ്ധതി നടപ്പാക്കുന്നതിനാവശ്യമായ തുക മാറ്റി വച്ചില്ല. ഗാന്ധിജിക്കു പകരം തവളയുടെ ചിത്രം വരച്ച് മഹാത്മാഗാന്ധിയെ അപമാനിച്ചതിന് ഇന്ത്യൻ ജനത മാപ്പു തരില്ല.

<u>ശ്രീ. ആനത്തലവട്ടം ആനന്ദൻ:</u> ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. സംസ്ഥാനത്തിനും ജനങ്ങൾക്കും അഭിവൃദ്ധി ഉണ്ടാകുന്ന ഒട്ടേറെ കാര്യങ്ങൾ ഗവൺമെന്റ് ചെയ്യുകയുണ്ടായി. ഭക്ഷ്യ ദൗർലഭ്യവും വിലക്കയറ്റവും പിടിച്ചു നിർത്താൻ നടപടികൾ സ്വീകരിച്ചു. കൃഷിക്കാരെ സഹായിക്കാൻ വേണ്ടി നെല്ലിനു കിലോഗ്രാമിനു മൂന്നു രൂപ വീതം വർദ്ധിപ്പിച്ചു. ആലപ്പുഴയിൽ 1840 കോടി രൂപയുടെ ഒരു പാക്കേജ് പദ്ധതിക്ക് അനുവാദം ലഭിച്ചു. ഇടുക്കി ജില്ലയിൽ അടഞ്ഞു കിടന്ന തോട്ടങ്ങൾ തുറന്നു പ്രവർത്തിപ്പിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചു. പൊതു വിതരണ സമ്പ്രദായം ശക്തിപ്പെടുത്തി. നിത്യോപയോഗ സാധനങ്ങളുടെ വില കുറച്ചു കൊണ്ടുവരാൻ സാധിച്ചു. 15,000 ഏക്കറോളം വരുന്ന അനധികൃത ഭൂമി ഏറ്റെടുക്കാൻ ഗവൺമെന്റിനു കഴിഞ്ഞു. ഐ.ടി. മേഖലയിൽ ഒരു കുതിച്ചു ചാട്ടം നടത്താൻ കഴിഞ്ഞു. ഇൻഫോ പാർക്ക്, സ്മാർട്ട്സിറ്റി പദ്ധതികളിലൂടെ ലക്ഷക്കണക്കിന് ആളുകൾക്ക് തൊഴിൽ ലഭ്യമാക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചു. അടഞ്ഞു കിടന്നിരുന്ന വ്യവസായ സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിപ്പിക്കാനും കേരളത്തിന്റെ വ്യാവസായിക വളർച്ചാനിരക്ക് 2005-ൽ 6.5 ശതമാനമായിരുന്നത് 2006-ൽ 8.2 ശതമാനമായി ഉയർത്തിക്കൊണ്ടു വരാനും സാധിച്ചു. പരമ്പരാഗത അസംഘടിത മേഖലകളെ സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ചെറുകിട തോട്ടം തൊഴിലാളികൾക്ക് ക്ഷേമപദ്ധതി നടപ്പാക്കി. ക്രമസമാധാന രംഗത്ത് സ്തുത്യർഹമായ നേട്ടം കൈവരിക്കാൻ കഴിഞ്ഞു. കേരളത്തിലെ ക്രമസമാധാനം തകർക്കാൻ വേണ്ടി കെ.എസ്.യു. വിന്റെ നേതൃത്വത്തിൽ നടത്തുന്ന വിദ്യാർത്ഥി സമരം കേരളത്തിലെ ജനങ്ങൾ തള്ളിക്കളയുമെന്ന കാര്യത്തിൽ സംശയമില്ല. രാജ്യത്തിന്റെ പരമാധികാരത്തെ അടിമപ്പെടുത്തുന്ന ആണ

വോർജ്ജ കരാർ ഒരു കാരണവശാലും ഗവൺമെന്റ് അനുവദിക്കുകയില്ല. സുലഭമായി ലഭിക്കുന്ന തോറിയം ഉപയോഗിച്ച് രാജ്യത്തിനാവശ്യമായ വൈദ്യുതി ഉല്പാദിപ്പിക്കാൻ ശ്രമിക്കണം. കേന്ദ്ര ഗവൺമെന്റിന്റെ തെറ്റായ നയങ്ങളുടെ ഫലമായി ഭക്ഷ്യക്ഷാമം രൂക്ഷമാകുകയും ജനസംഖ്യയുടെ 77 ശതമാനം വരുന്ന ജനങ്ങൾ ദരിദ്രരായി മാറുകയും ചെയ്തുകൊണ്ടിരിക്കുകയാണ്. . ആത്മഹത്യയുടെ പട്ടികയിൽ നിന്നും കേരളത്തിലെ കർഷകരെ രക്ഷിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. കേന്ദ്ര ഗവൺമെന്റിന്റെ ആഗോള നയത്തിന്റെ ഫലമായി കേരളത്തിലെ കൃഷിക്കാർ തകർച്ചയിലാണ്. ആഗോളവൽക്കരണ നയത്തിനനുകൂലമായ നിലപാടാണ് കോൺഗ്രസ് സ്വീകരിച്ചിട്ടുള്ളത്. രാജ്യവും ജനങ്ങളും നേരിടുന്ന ജീവൽ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും ജനദ്രോഹ നയങ്ങൾ തിരുത്തിക്കാനും വേണ്ടിയുള്ള പ്രക്ഷോഭങ്ങളിൽ കോൺഗ്രസ്സുകാർ മുന്നോട്ടു വരണം.

<u>ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :</u> ധനാഭ്യർത്ഥനയെ എതിർക്കുന്നു. കൂട്ടുത്തരവാദിത്തമില്ലാത്ത ഈ ഗവൺമെന്റിന് ജനങ്ങൾക്ക് വേണ്ടി ഒന്നും ചെയ്യാൻ കഴിയുന്നില്ല. വികസനവും പുരോഗതിയും വാക്കുകളിൽ ഒതുങ്ങി നിൽക്കുകയാണ്. സാധാരണക്കാരന്റെ താൽപര്യങ്ങൾക്കനുസൃതമായ ഒരു നടപടിയും എടുക്കാൻ കഴിയുന്നില്ല. ജനാധിപത്യ വ്യവസ്ഥിതിയിൽ ഭരണ സംവിധാനത്തിന്റെ ആണിക്കല്ലെന്നു പറയുന്നത് മന്ത്രിസഭയാണ്. ഭരണത്തിന് ദിശാബോധം നൽകുന്നതും ഉദ്യോഗസ്ഥർക്ക് വേണ്ട നിർദ്ദേശങ്ങൾ കൊടുക്കുന്നതും മന്ത്രിസഭയാണ്. എന്നാൽ ഇവിടെ വകുപ്പു മന്ത്രിമാർ തമ്മിലുള്ള പോരാണ് നടക്കുന്നത്. ഭക്ഷ്യ സുരക്ഷാ പദ്ധതി ഘടകകക്ഷികൾ തമ്മിലുള്ള തർക്കത്തിന്റെ പേരിൽ മുടങ്ങിക്കിടക്കുകയാണ്. മൂലമ്പിള്ളിയിൽ പാവപ്പെട്ട ആളുകളെ പോലീസിനേയും പട്ടാളത്തേയും

ഉപയോഗിച്ച് വീടുകളിൽ നിന്ന് ആട്ടിയിറക്കുകയാണ്. ഗോൾഫ് ക്ലബിന്റെ പേരിൽ മന്ത്രിമാർ തമ്മിലുള്ള തർക്കം നിലനിൽക്കുകയാണ്. ഈ ഗവൺമെന്റിന്റെ ഭരണം കൊണ്ട് ജനങ്ങൾക്ക് യാതൊരു ഗുണവുമില്ല. ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് യാതൊരു നടപടിയും സ്വീകരിക്കുന്നില്ല.

ശ്രീ. എൻ. അനിരുദ്ധൻ : ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. കേരളത്തിന്റെ വികസന ചരിത്രത്തിൽ അവിസ്മരണീയങ്ങളായ രണ്ട് വർഷങ്ങളാണ് കടന്നുപോയത്, ആഗോളവൽക്കരണ നയത്തിന്റെ ദുരന്ത ഫലമാണ് ഇന്ന് അനുഭവിച്ചുകൊണ്ടിരിക്കുന്നത്. കേന്ദ്ര ഗവൺമെന്റിന്റെ ആഗോളവൽക്കരണ സാമ്പത്തിക നയങ്ങളുടെ ദൂഷ്യ ഫലങ്ങളെക്കുറിച്ച് ഇടതുപക്ഷ ജനാധിപത്യ മുന്നണി മുന്നറിയിപ്പ് നൽകിയിരുന്നു. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഇതിന് ബദലായ ഒരു നയസമീപനം സ്വീകരിക്കുമ്പോൾ അതിനനുസരണമായ സഹായമോ സഹകരണമോ കേന്ദ്ര ഗവൺമെന്റിൽ നിന്നും കിട്ടുന്നില്ല. കാർഷിക - വ്യാവസായിക രംഗങ്ങളെ പുരോഗതിയിലേയ്ക്ക് നയിക്കാനുള്ള നടപടികളാണ് ഈ ഗവൺമെന്റ് എടുക്കുന്നത്. കാർഷിക രംഗത്ത് ഗുണകരമായ മാറ്റങ്ങൾ ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. കഴിഞ്ഞ വേനൽ മഴയിൽ സംസ്ഥാനത്തുണ്ടായ നാശനഷ്ടങ്ങൾക്ക് കേന്ദ്ര സഹായം ലഭിച്ചില്ല. കേന്ദ്ര ഗവൺമെന്റ് റേഷൻ അരി വിഹിതം വെട്ടിക്കുറക്കാനുള്ള നടപടി സ്വീകരിച്ചു. ആതുര ശുശ്രൂഷാ രംഗത്തെ സ്വകാര്യവൽക്കരിക്കുകയാണ് യു.ഡി.എഫ് ഗവൺമെന്റ് ചെയ്തതെങ്കിൽ ധർമ്മാശുപത്രികൾ എന്ന സങ്കൽപ്പം നിലനിറുത്തിക്കൊണ്ട് പാവപ്പെട്ട ആളുകൾക്ക് സൗജന്യ ചികിൽസ നൽകുന്ന നടപടിയാണ് ഈ ഗവൺമെന്റ്

സ്വീകരിച്ചത്. സ്വാശ്രയ വിദ്യാഭ്യാസ നിയമം ഭേദഗതികളോടുകൂടി വീണ്ടും പാസ്സാക്കാനുള്ള നടപടി സ്വീകരിക്കണം. വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിക്കാനും പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളെ പുനരുജ്ജീവിപ്പിക്കാനും പരമ്പരാഗത വ്യവസായ മേഖലയുടെ പുരോഗതിക്കുംവേണ്ടി ബഡ്ജറ്റിൽ തുക നീക്കിവച്ചത് സ്വാഗതാർഹമാണ്. സാമ്പത്തിക രംഗത്ത് 17 ശതമാനം വർദ്ധനവുണ്ടാക്കി. സാമ്പത്തിക അച്ചടക്കം പാലിച്ച് മൂലധനം വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള നയ സമീപനമാണ് ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്.

ശ്രീ.സി.എഫ്. തോമസ് : ധനാഭ്യർത്ഥനയെ എതിർക്കുന്നു. ഈ സംസ്ഥാനത്തെ ജനങ്ങളുടെ താല്പര്യങ്ങൾക്കുവേണ്ടി വാദിക്കുന്നവരാണ് യു.ഡി.എഫ്. ആര് കേന്ദ്രം ഭരിച്ചാലും കേരളത്തിന്റെ അവകാശങ്ങൾ നിഷേധിക്കാൻ പാടില്ല. കേന്ദ്ര ഗവൺമെന്റിന്റെ കുറെ പദ്ധതികൾകൊണ്ടാണ് കഴിഞ്ഞ രണ്ടുകൊല്ലം ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റ് മുന്നോട്ടുപോയത്. എൻ.ആർ.എച്ച്.എം.-ന്റെ പണം ഉപയോഗിച്ചാണ് ഇപ്പോൾ ആരോഗ്യ സുരക്ഷാ പ്രവർത്തനങ്ങൾ നടത്തുന്നത്. കേരളത്തിലെ ദേശീയ തൊഴിലുറപ്പ് പദ്ധതി കേന്ദ്ര ഗവൺമെന്റിന്റേതാണ്. സർവ്വശിക്ഷാ അഭിയാൻ, പ്രധാനമന്ത്രിയുടെ ഗ്രാമീണ സഡക് യോജന, ഹരിയാലി പദ്ധതി, ചേരി നിർമ്മാർജ്ജനം എന്നിവയെല്ലാം കേന്ദ്ര പദ്ധതികളാണ്. വിലക്കയറ്റം പിടിച്ചുനിറുത്താനോ പൊതുവിതരണ മേഖല ശക്തിപ്പെടുത്താനോ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പാവപ്പെട്ട ജനങ്ങൾക്കുവേണ്ടി ഖജനാവിൽനിന്ന് ഒരു പൈസപോലും മുടക്കിയിട്ടില്ല.

കഴിഞ്ഞ രണ്ട് വർഷം ജനങ്ങൾക്കുവേണ്ടി ഒന്നും ചെയ്യാതെ ജനങ്ങളെ വിസ്മരിക്കുകയാണ് ചെയ്തത്.

<u>ശ്രീ.എം. ചന്ദ്രൻ</u> : ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. ഈ ഗവൺമെന്റ് കഴിഞ്ഞ രണ്ട് വർഷമായി ചെയ്തുവരുന്ന ജനോപകാരപ്രദമായ പ്രവർത്തനങ്ങളെ ബോധപൂർവം പ്രതിപക്ഷം മറച്ചുവയ്ക്കുകയാണ്. കഴിഞ്ഞ രണ്ടുവർഷം കേരളത്തിൽ ജനജീവിതവുമായി ബന്ധപ്പെട്ട സമസ്ത മേഖലകളിലും പുരോഗതി ഉണ്ടാക്കിയിട്ടുണ്ട്. ഐ.ടി. മേഖലയിൽ മുന്നേറ്റമുണ്ടാക്കാൻ ഈ ഗവൺമെന്റിന് സാധിച്ചു. പോലീസിനെക്കൊണ്ട് ജനങ്ങളെ ആക്രമിക്കാനല്ല മറിച്ച് ജനങ്ങൾക്ക് സൗകര്യം ചെയ്തുകൊടുക്കാനാണ് ഈ ഗവൺമെന്റ് ശ്രമിക്കുന്നത്. ജനമൈത്രി പോലീസ് സുരക്ഷാ സംവിധാനം സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കണം. സംസ്ഥാനത്തെ കാർഷിക മേഖല തകർന്നതും ഭക്ഷ്യസുരക്ഷ അപകടത്തിലായതും കേന്ദ്ര ഗവൺമെന്റിന്റെ തെറ്റായ നയത്തിന്റെ ഫലമായിട്ടാണ്. വേനൽമഴയെത്തുടർന്ന് കൃഷിനാശം സംഭവിച്ച കർഷകരെ സഹായിക്കുന്നതിന് ഗവൺമെന്റ് നടപടികൾ സ്വീകരിച്ചു. നെല്ല് സംഭരണം ഫലപ്രദമായി നടപ്പാക്കിയതിലൂടെ സംസ്ഥാനത്തെ നെല്ലുല്പാദനത്തിൽ വർദ്ധനവ് ഉണ്ടായി. 22-ഓളം പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കി. ഉല്പാദന മേഖല ശക്തിപ്പെടുത്തി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിച്ച് ജനജീവിതം പുഷ്ടിപ്പെടുത്താൻ കഴിഞ്ഞു. വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കാനുള്ള ദീർഘവീക്ഷണത്തോടുകൂടിയുള്ള പദ്ധതികളുമായി ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്. വൻകിട കുത്തക മുതലാളിമാരുടെ കൈവശമുണ്ടായിരുന്ന സർക്കാർ ഭൂമി പിടിച്ചെടുക്കാനുള്ള ശേഷിയും

കരുത്തും ഈ ഗവൺമെന്റ് പ്രകടിപ്പിച്ചു. അതുകൊണ്ടുതന്നെ ഈ ഗവൺമെന്റിന് ജനപിന്തുണ വർദ്ധിച്ചിരിക്കുകയാണ്.

ശ്രീ.വി. സുരേന്ദ്രൻപിള്ള : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ജനതാല്പര്യം സംരക്ഷിച്ചുകൊണ്ടും എല്ലാ പ്രശ്നങ്ങളും ഘട്ടംഘട്ടമായി പരിഹരിച്ചുകൊണ്ടുമാണ് മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്നത്. ഇന്ന് ഇവിടെ നടന്ന അടിയന്തിരപ്രമേയ ചർച്ചയിലൂടെ യഥാർത്ഥ വസ്തുതകൾ ഇവിടത്തെ ജനങ്ങളെ ബോധ്യപ്പെടുത്താൻ കഴിഞ്ഞു. ഐക്യജനാധിപത്യമുന്നണി സർക്കാരിന്റെ കാലത്ത് എല്ലാ മേഖലകളിലും അരക്ഷിതാവസ്ഥയാണ് നില നിന്നിരുന്നത്. വിവിധ ക്ഷേമപെൻഷനുകളുടേയും നിർമ്മാണമേഖലയിലെ കരാറുകാരുടേയും കുടിശ്ശിക ഒരു പരിധിവരെ ഈ ഗവൺമെന്റ് കൊടുത്തു തീർത്തു. ദാരിദ്ര്യരേഖയ്ക്ക് കീഴിൽ ധാരാളം ക്ഷേമപ്രവർത്തനങ്ങൾ നട ത്താൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. അദ്ധ്യയന വർഷാദ്യം ഉണ്ടായി രുന്ന പാഠപുസ്തകക്ഷാമം ക്ഷാമം പരിഹരിക്കാനും 8-ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് പാഠപുസ്തകങ്ങൾ സൗജന്യമായി എത്തിച്ചുകൊടുക്കാനും സാധിച്ചു.

ശ്രീ. എ.എ. അസീസ്: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. നാണയ പ്പെരുപ്പം മൂലം നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിക്കുമ്പോൾ സംസ്ഥാന ഗവൺമെന്റിനെ പഴിചാരുന്നത് ശരിയല്ല. അരിയുടെ വില ഒരു പരിധിവരെ നിയന്ത്രിക്കാൻ സംസ്ഥാന സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. വിവിധ ക്ഷേമ പെൻഷനുകളുടെ തുക വർദ്ധിപ്പിച്ചിട്ടുണ്ട്. ലോക്സഭാ ഇലക്ഷൻ മുന്നിൽകണ്ടുകൊണ്ടാണ് പ്രതിപക്ഷം സമരങ്ങളൊക്കെ നടത്തുന്നത്. ഇടതു

പക്ഷ പ്രസ്ഥാനങ്ങളുടെ പിൻബലമില്ലാതെ കോൺഗ്രസ്സിന് കേന്ദ്രത്തിൽ ഒറ്റയ്ക്ക് ഭരണം നടത്താൻ സാധിക്കില്ല.

<u>ശ്രീ. പി.സി. ജോർജ്ജ്:</u> ധനാഭ്യർത്ഥനയെ എതിർക്കുന്നു. അധികാരമേൽക്കുമ്പോൾ ചെയ്ത സത്യപ്രതിജ്ഞ പാലിക്കാൻ മുഖ്യമന്ത്രിക്കു സാധിച്ചിട്ടില്ല. മൂന്നാർ ദൗത്യത്തെ സംബന്ധിച്ചിടത്തോളം എല്ലാ തടസ്സങ്ങളും നീക്കി ശക്തമായ നടപടികളുമായി മുന്നോട്ടു പോകണം. എച്ച്.എം.ടി. ഭൂമി ഇടപാടിൽ ചീഫ് സെക്രട്ടറിയുടെ റിപ്പോർട്ടിന് എതിരായി ഹൈക്കോടതിയിൽ അഡ്വക്കേറ്റ് ജനറൽ അഫിഡവിറ്റ് സമർപ്പിച്ചതു സംബന്ധിച്ച സത്യാവസ്ഥ മുഖ്യമന്ത്രി വെളിപ്പെടുത്തണം. ഗോൾഫ് ക്ളബ് ഉൾപ്പെടെയുള്ള സർക്കാർ വക ഭൂമി ഏറ്റെടുക്കാനുള്ള ആർജ്ജവം മുഖ്യമന്ത്രി കാണിക്കണം. ലോട്ടറി മാഫിയയിൽ നിന്ന് നികുതിയിനത്തിൽ എണ്ണായിരം കോടി രൂപയിലധികം ലഭിക്കാനിരിക്കെ ഒരു പൈസ പോലും വാങ്ങിയെടുക്കാൻ സാധിച്ചിട്ടില്ല എന്നത് പരിഹാസ്യമാണ്. കേരളത്തിൽ മാത്രം നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം ആഗോളവൽക്കരണം മൂലമാണെന്ന് പറയുന്നത് യാഥാർത്ഥ്യത്തിനു നിരക്കാത്തതാണ്. എഫ്.സി.ഐ.യുടെ സബ്സിഡിയോടുകൂടി റേഷൻ കടകൾ വഴി കിലോയ്ക്ക് **8.90** രൂപയ്ക്ക് ബി.പി.എൽ. വിഭാഗക്കാർക്ക് വിതരണം ചെയ്തുകൊണ്ടിരുന്ന അരി **16** രൂപയ്ക്ക് എ.പി.എൽ. വിഭാഗക്കാർക്ക് കൊടുക്കുന്നത് സംസ്ഥാനത്തെ ജനങ്ങളോടു ചെയ്യുന്ന അന്യായമാണ്.

<u>ശ്രീ. എം.ജെ. ജേക്കബ്:</u> ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. എല്ലാ മേഖലകളിലും വികസനമുണ്ടാക്കുന്നതിനും ജനങ്ങളുടെ ജീവിത പ്രയാസങ്ങൾ ഒരു പരിധി വരെയെങ്കിലും കുറയ്ക്കുന്നതിനും വേണ്ടിയുള്ള നിരന്തര

മായ പ്രവർത്തനങ്ങളാണ് സംസ്ഥാന സർക്കാർ കാഴ്ച വച്ചിട്ടുള്ളത്. സംസ്ഥാനത്തെ ആരോഗ്യമേഖല, പൊതുവിതരണ സമ്പ്രദായം എന്നിവ മെച്ചപ്പെട്ട നിലയിലായിട്ടുണ്ട്. അധികാരവികേന്ദ്രീകരണം വഴി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഫലപ്രദമായ മാറ്റങ്ങൾ വരുത്താൻ കഴിഞ്ഞു. യു.ഡി. എഫ്.-ന്റെയും കേന്ദ്രഗവൺമെന്റിന്റെയും നയത്തിൽ നിന്നും വ്യത്യസ്തവും വ്യക്തമായ കാഴ്ചപ്പാടോടുംകൂടിയ നയമാണ് സംസ്ഥാന സർക്കാരിന്റേത്. രാജ്യത്ത് സ്ഥായിയായ വികസനം ഉണ്ടാകണം. കെട്ടിടങ്ങളും റോഡുകളു മുണ്ടാകുന്നതോടൊപ്പം ജനങ്ങളുടെ ജീവിതക്ലേശം കുറയ്ക്കുന്നതിനുവേണ്ടി ഒരു ബാലൻസ്ഡ് വികസന നയമുണ്ടാക്കണം. കേന്ദ്രത്തിന്റെ തെറ്റായ നയങ്ങൾ മൂലമാണ് സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങൾക്ക് വിലക്ക യറ്റം ഉണ്ടായിക്കൊണ്ടിരിക്കുന്നത്. സംസ്ഥാനത്ത് സാർവ്വത്രിക വിദ്യാഭ്യാസം നടപ്പിലാക്കാൻ ഈ ഗവൺമെന്റിന് സാധിച്ചു. മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയാകുംവിധം പ്രാദേശിക ഭരണ സംവി ധാനങ്ങളിൽ മാറ്റം വരുത്താൻ കഴിഞ്ഞിട്ടുണ്ട്. അധികാരവികേന്ദ്രീകരണം നല്ല രീതിയിൽ നടപ്പിലാക്കിയ സംസ്ഥാനമാണ് കേരളമെന്ന് കേന്ദ്രമന്ത്രി മാർപോലും അഭിപ്രായപ്പെട്ടിട്ടുണ്ട്. കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ 24 മണിക്കൂറും ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചു. സ്മാർട്ട് സിറ്റി കരാറുകളിലെ അപാകതകൾ പരിഹരിച്ച് നടപ്പിലാക്കാൻ ശ്രമ ങ്ങൾ ആരംഭിച്ചു. വികസനരംഗത്ത് പ്രായോഗിക സമീപനം സ്വീകരിക്കാൻ കഴിഞ്ഞുവെന്നത് ശ്രദ്ധേയമാണ്. ഐ.ടി. രംഗത്ത് ഒരു കുതിച്ചുചാട്ടമാണ് നടത്തിയിരിക്കുന്നത്. വികസനപ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകി ജനങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനുള്ള ശ്രമങ്ങളുമായി ഈ ഗവൺമെന്റ് മുന്നോട്ടുപോവുകയാണ്. സാമ്പത്തിക പരിമിതികൾക്കുള്ളിൽ

നിന്നുകൊണ്ട് ബാലൻസ്ഡായ, ദീർഘവീക്ഷണത്തോടുകൂടിയ നടപടികൾ സ്വീകരിച്ച് 2010 ആകുമ്പോൾ കേരളത്തെ കമ്മിയില്ലാത്ത സംസ്ഥാനമാക്കി മാറ്റാനുള്ള നടപടികളുമായി സഹകരിക്കുകയാണ് വേണ്ടത്. സംസ്ഥാനത്തെ വിവിധ ക്ഷേമ പെൻഷനുകൾ വർദ്ധിപ്പിക്കുകയും ആ ഇനത്തിലുണ്ടായിരുന്ന കുടിശ്ശിക കൊടുത്തുതീർക്കുകയും ചെയ്തു. കെ. എസ്. ടി. പി. വർക്കുകൾ പുനരാരംഭിക്കാൻ കഴിഞ്ഞു. കാസർകോട് മുതൽ തിരുവനന്തപുരം വരെ മുടങ്ങിക്കിടന്ന എൽ. ഐ. സി.യുടെ സഹായത്തോടെയുള്ള ശുദ്ധജല വിതരണ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കാൻ നടപടി സ്വീകരിച്ചുവരുന്നു. പൊതുഭരണ സംവിധാനത്തിൽ ഒരു മാറ്റം വരുത്തി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പൊളിറ്റിക്കൽ പവറും ഫിനാൻസും നൽകിയതുപോലെ ആവശ്യമായ ജീവനക്കാരെയും നൽകി അവയെ ശക്തിപ്പെടുത്താനുള്ള നടപടികൂടി സ്വീകരിക്കണം.

ശ്രീ. പി. എം. എ. സലാം : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേന്ദ്ര ഗവൺമെന്റിന്റെ വികലമായ സാമ്പത്തിക നയങ്ങളാൽ ചരിത്രത്തിലെ ഏറ്റവും വലിയ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന ഘട്ടത്തിലാണ് കേരള ഗവൺമെന്റ് സാധാരണക്കാർക്ക് പ്രാധാന്യം നൽകുന്ന പദ്ധതികളുമായി മുന്നോട്ടുപോകുന്നത്. നാണയപ്പെരുപ്പവും വിലക്കയറ്റവും രൂക്ഷമായിരിക്കുന്നു എന്ന വസ്തുത മനസ്സിലാക്കാതെ വികലമായ സാമ്പത്തിക നയങ്ങളുമായി യു.പി.എ. ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്. കൂടാതെ പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില ക്രമാതീതമായി വർദ്ധിപ്പിച്ച് ജനങ്ങളെ ബുദ്ധിമുട്ടിലാക്കുകയും ചെയ്തിരിക്കുന്നു. ജവഹർലാൽ നെഹ്റുവിന്റെയും ലാൽ ബഹദൂർ ശാസ്ത്രിയുടെയും ഇന്ദിരാഗാന്ധിയുടെയും വിദേശ നയങ്ങൾക്ക് തികച്ചും വിരുദ്ധമായി മുന്നോട്ട്

പോകുന്ന കേന്ദ്ര ഗവൺമെന്റിന്റെ നയവൈകല്യം സാമ്പത്തിക മേഖലയിൽ പ്രതിസന്ധി സൃഷ്ടിച്ചിരിക്കുകയാണ്. അമേരിക്കൻ സാമ്രാജ്യത്വത്തിന് അടിയറവയ്ക്കുന്ന നീക്കങ്ങളാണ് കേന്ദ്രം നടത്തിക്കൊണ്ടിരിക്കുന്നത്. കോടിക്കണക്കിന് രൂപ ചെലവഴിച്ച് അമേരിക്കൻ പാഴ് വസ്തുക്കൾ വാങ്ങിക്കൂട്ടുന്നു. ആണവ കരാറിൽ ഒപ്പിടാൻ പോകുന്ന ഇൻഡ്യാ ഗവൺമെന്റിനെ പിടിച്ചുനിറുത്തുന്നത് ഇടതുപക്ഷകക്ഷികളാണ്. കേന്ദ്ര ത്തിൽ വർഗ്ഗീയ ഫാസിസ്റ്റ് ശക്തികൾ അധികാരത്തിൽ വരരുതെന്നുള്ളതു കൊണ്ടാണ് കോൺഗ്രസ്സുമായുള്ള അഭിപ്രായഭിന്നതകൾ നിലനിറുത്തി ക്കൊണ്ട് ഇടതുപക്ഷജനാധിപത്യ മുന്നണി യു. പി. എ. ഗവൺമെന്റിനെ പിൻതാങ്ങുന്നതെന്ന കാര്യം വിസ്മരിക്കരുത്. ശക്തമായ ഭരണസംവിധാനവുമായി ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റ് കേരളത്തിൽ മുന്നോട്ടുപോകുകയാണ്.

<u>ശ്രീമതി കെ. കെ. ലതിക</u>: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. കഴിഞ്ഞ രണ്ടു വർഷമായി കേരളത്തിൽ ഉണ്ടായിട്ടുള്ള വികസനം ലോകത്താകെയുള്ള മലയാളികൾക്ക് വലിയ അനുഭവം തന്നെയാണ്. വിക സന രംഗത്ത് വലിയ പ്രതീക്ഷകളാണ് ഗവൺമെന്റ് ജനങ്ങൾക്ക് സമ്മാനിക്കുന്നത്. ഗവൺമെന്റിന്റെ ഓരോ വകുപ്പുകളുടേയും പ്രവർത്തന ഫലമായി വളരെയധികം നേട്ടങ്ങളുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. വിദേശ-സ്വദേശ പങ്കാളിത്തത്തോടുകൂടി നിരവധി പ്രവർത്തനങ്ങൾ സംസ്ഥാനത്ത് ആരംഭിച്ചുകഴിഞ്ഞു. പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. അഴിമതിരഹിത നികുതി പിരിവിലൂടെ സംസ്ഥാന ഗവൺമെന്റ് സാമ്പത്തിക പര്യാപ്തത നേടുകയാണ്. സ്മാർട്ട്

സിറ്റി പദ്ധതിയിലൂടെ തൊണ്ണൂറായിരം പേർക്ക് തൊഴിൽ നൽകുന്ന മെഗാ പ്രോജക്ട് യാഥാർത്ഥ്യമാവുകയാണ്. ക്ഷേമ പെൻഷനുകളുടെ കുടിശ്ശിക പൂർണ്ണമായും കൊടുത്തുതീർത്തു. സിവിൽ സപ്ളൈസ് വകുപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കി. വിലക്കയറ്റത്തിന് ഉത്തരവാദി കേരള ഗവൺമെന്റല്ലെന്ന് ജനം മനസ്സിലാക്കിവരുന്നു. കേരളത്തിന് അർഹതപ്പെട്ട അരി വിഹിതം വെട്ടികുറച്ച കേന്ദ്ര ഗവൺമെന്റിന്റെ നിലപാടിനെതിരെ പ്രതിപക്ഷത്തിന് പ്രതികരിക്കാനോ തങ്ങൾക്കുള്ള സ്വാധീനമുപയോഗിച്ച് അത് നേടിയെടുക്കാനോ ശ്രമിച്ചിട്ടില്ല. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ നിന്നു വ്യത്യസ്തമായി വനിതാ വികസന കോർപ്പറേഷനും വനിതാ കമ്മീഷനും സജീവ പ്രവർത്തം കാഴ്ചവച്ചുകൊണ്ടിരിക്കുകയാണ്. കേരളത്തിലെ എല്ലാ വിഭാഗത്തിലുള്ള ആളുകളും സംതൃപ്തരാണ് എന്നുള്ള കാര്യം നിഷേധിക്കാനാവില്ല. ഭക്ഷ്യ സുരക്ഷാ പദ്ധതിയിലൂടെ വലിയ മാറ്റമാണ് കേരളത്തിൽ ഉണ്ടാകാൻ പോകുന്നത്. നെൽ കൃഷി തിരിച്ചുകൊണ്ടുവരാൻ ശക്തമായ ഇടപെടലാണ് ഗവൺമെന്റ് നടത്തുന്നത്. ഇതിലൂടെ ഒരു പരിധി വരെയെങ്കിലും നമുക്ക് ഭക്ഷ്യ സ്വയംപര്യാപ്തത കൈവരിക്കാൻ കഴിയുമെന്നാണ് കരുതുന്നത്. മലബാറിന്റെ നെല്ലറ എന്ന് അറിയപ്പെട്ടിരുന്ന ആവളപ്പാണ്ടി ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ കൃഷി ചെയ്യാനാവശ്യമായ സംവിധാനം കൊണ്ടുവരേണ്ടതുണ്ട്. പെരുവണ്ണാമൂഴി അണക്കെട്ട് തുറന്നുവിടുമ്പോൾ വെള്ളംകയറുന്നതുമൂലം കൃഷി ചെയ്യാൻ സാധിക്കാത്ത അവസ്ഥ പരിഹരിച്ചാൽ ആ ഭാഗത്ത് 4000 ഹെക്ടർ സ്ഥലത്ത് കൃഷിചെയ്യാൻ കഴിയും. മലബാറിനോട് നേരത്തെയുണ്ടായിരുന്ന അവഗണന ഒരു പരിധിവരെയെങ്കിലും കുറയ്ക്കാൻ എൽ.ഡി.എഫ്. ഗവൺമെന്റ് ശ്രമിച്ചിട്ടുണ്ട്. മലബാർ മേഖയിലെ പ്ലസ് ടൂ സ്കൂളുകളിൽ

ആവശ്യമായ സീറ്റുകൾ അനുവദിക്കണം. റെയിൽവേ മേൽപാലങ്ങളുടെ പണി സമയബന്ധിതമായി പൂർത്തീകരിക്കണം. ദേശീയ ജലപാതയുടെ പണി ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. കേരളത്തിലെ വിദ്യാഭ്യാസത്തെക്കുറിച്ച് വളരെ നല്ല ധാരണയാണ് ജനങ്ങൾക്കുള്ളത്. പാവപ്പെട്ടവർക്കുവേണ്ടി നിലകൊള്ളുന്ന ഗവൺമെന്റിനൊപ്പമാണ് സംസ്ഥാനത്തെ ജനങ്ങൾ നിലകൊള്ളുന്നത്.

<u>ശ്രീ. യു.സി. രാമൻ</u>: ധനാഭ്യർത്ഥനയെ എതിർക്കുന്നു. ജനാധിപത്യത്തിന്റെ പരിപാവനമായ രണ്ട് സ്ഥാപനങ്ങളായ മന്ത്രിസഭയും ഭരണത്തലവൻമാരും കൂട്ടായി പ്രവർത്തിക്കുന്നതിനുപകരം പരസ്പരം മത്സരിക്കുകയാണ്. ഒരു വനിതാ ഐ.എ.എസ്. ഓഫീസറേയും നിയമ വകുപ്പു സെക്രട്ടറിയേയും മുന്നിൽ നിറുത്തിക്കൊണ്ട് രണ്ടു വകുപ്പുമന്ത്രിമാർ അങ്കം വെട്ടുകയാണ്. ജനങ്ങൾക്ക് ഒരുപാട് വാഗ്ദാനങ്ങൾ നൽകി അധികാരത്തിൽ വന്ന ഈ ഗവൺമെന്റ് സംസ്ഥാനത്തിന് യാതൊരു നേട്ടവും ഒരു മേഖലയിലും ഉണ്ടാക്കിയിട്ടില്ല. അതുകൊണ്ട് ഈ സർക്കാരിന് കൂടുതൽ പണം അനുവദിക്കുന്നതിനോട് യോജിക്കാൻ കഴിയില്ല. 19 എക്സൈസ് ആഫീസർമാർക്ക് സ്വന്തമായി വാഹനമില്ല. സർക്കാർ ജനവിരുദ്ധ നയങ്ങളാണ് പിൻതുടരുന്നത്. അതുകൊണ്ട് സമൂഹത്തിനിടയിൽ അവരുടെ വിശ്വാസ്യത നഷ്ടപ്പെട്ടിരിക്കുകയാണ്.

<u>ശ്രീ. പി. തിലോത്തമൻ</u>: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. കൃഷി, വ്യവസായം, തൊഴിൽ വിദ്യാഭ്യാസം തുടങ്ങിയ സമസ്ത മേഖലകളിൽ മുൻ ഗവൺമെന്റിനെ അപേക്ഷിച്ച് ഈ ഗവൺമെന്റിന് റെക്കാർഡ് വിജയം

ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. കാർഷിക മേഖലയിൽ ഒട്ടേറെ കാര്യങ്ങൾ ചെയ്തിട്ടുണ്ട്. നെല്ലുൽപ്പാദനം വർദ്ധിപ്പിച്ചു. നഷ്ടത്തിലായിരുന്ന വ്യവസായങ്ങൾ ലാഭത്തിലാക്കി. കർഷകത്തൊഴിലാളി പെൻഷൻ 200 രൂപയായി വർദ്ധിപ്പിക്കുകയും കുടിശ്ശിക കൊടുത്തു തീർക്കുകയും ചെയ്തു. വിലക്കയറ്റം പിടിച്ചുനിർത്താൻ നടപടി സ്വീകരിച്ചു. ചെറുകിട തോട്ടം തൊഴിലാളികൾക്ക് ക്ഷേമനിധി, മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസ നിയമം, മത്സ്യത്തൊഴിലാളി ക്ഷേനിധി പദ്ധതി തുടങ്ങിയ ധാരാളം കാര്യങ്ങൾ ചെയ്തു. ഐ.ടി മേഖലയിൽ ഇൻഫോ പാർക്ക് ഉപേക്ഷിക്കാതെ തന്നെ സ്മാർട്ട് സിറ്റി കൊണ്ടുവന്നു.

<u>ശ്രീ. എം.കെ. പ്രേംനാഥ്</u>: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. വിലക്കയറ്റത്തെ നിയന്ത്രിക്കാൻ സപ്ലൈകോ, കൺസ്യൂമർഫെഡ്, മുതലായവ വഴി നടപടികളെടുക്കാൻ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവണ്മെന്റിന് കഴിഞ്ഞിട്ടുണ്ട്. അരിയുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി ബംഗാളിൽനിന്നും അരി കൊണ്ടു വന്നു. ആരോഗ്യരംഗത്ത് മാറ്റമുണ്ടാക്കി. മരുന്നു വിതരണത്തിലെ അഴിമതി പൂർണ്ണമായും അവസാനിപ്പിക്കുന്നതിനുള്ള നടപടികളാണ് ഇപ്പോൾ നടക്കുന്നത്. ആഭ്യന്തര രംഗത്തുണ്ടായ മാറ്റങ്ങൾ വളരെ വലുതാണ്. കമ്മ്യൂണിറ്റി പോലീസിംഗ് സംവിധാനം നടപ്പിലാക്കി. കർഷക ആത്മഹത്യ ഇല്ലാതാക്കി. മത്സ്യത്തൊഴിലാളി സ്ത്രീകളെ സഹായിക്കുന്നതിന് ഒട്ടനവധി കാര്യങ്ങൾ നടപ്പിലാക്കി. പാവപ്പെട്ട ആളുകളെ സഹായിക്കുന്നതിനായി ഇ.എം.എസ്. പാർപ്പിട പദ്ധതി കൊണ്ടുവന്നു. എല്ലാ വീടുകളിലും വൈദ്യുതി പൂർണ്ണമായും എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

<u>ശ്രീ. എ.സി. മൊയ്തീൻ:</u> ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. ദിശാബോധത്തോടെ കേരളത്തിന്റെ സമഗ്രവികസനത്തിന് ഈ ഗവണ്മെന്റ് അടിയറയൊരുക്കി. കൃഷിക്കാർക്ക് ആശ്വാസം കണ്ടെത്തുന്നതിന് നെല്ലിന്റെ സംഭരണ വില വർദ്ധിപ്പിച്ചു. കൃഷിനാശം സംഭവിച്ച കൃഷിക്കാർക്ക് ഒരു ഹെക്ടറിന് 10,000 രൂപ വച്ച് കൊടുക്കാൻ തീരുമാനിച്ചു. മറ്റു സംസ്ഥാനങ്ങളിൽ നിന്ന് അരി കൊണ്ടുവന്ന് വില നിലവാരം താഴ്ത്താൻ സർക്കാർ ശ്രമിക്കുകയാണ്. കേന്ദ്ര സർക്കാർ പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധിപ്പിച്ചപ്പോൾ അതിന്റെ വിൽപ്പന നികുതി പിൻവലിക്കാൻ ഇടതു പക്ഷ ജനാധ്യപത്യമുന്നണി ഗവൺമെന്റ് തയ്യാറായി. പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധിച്ചാൽ നിത്യോപയോഗ സാധനങ്ങളുടെയും വില വർദ്ധിക്കും. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിനെതിരെ യു.ഡി.എഫും അവരുടെ യുവജന വിദ്യാർത്ഥി സംഘടനകളും സമരത്തിന് ആഹ്വാനം ചെയ്ത് സംസ്ഥാനത്തെ കലാപഭൂമിയാക്കാൻ ശ്രമിക്കുന്നത് രാഷ്ട്രീയ മുതലെടുപ്പിനുവേണ്ടിയാണ്. സർക്കാർ ജീവനക്കാർക്ക് ഡി. എ. കുടിശ്ശിക കൊടുത്തു തീർത്തു. സംസ്ഥാനത്ത് പുതിയ നികുതികൾ അടിച്ചേൽപ്പിക്കാതെയും വികസനപ്രവർത്തനങ്ങളുടെ ചെലവ് വെട്ടിച്ചുരുക്കാതെയും പുതിയ ധനാഗമമാർഗ്ഗങ്ങൾ കണ്ടെത്തി സംസ്ഥാനത്തെ പുരോഗതിയിലേയ്ക്ക് കൊണ്ടുപോകാൻ ശ്രമിക്കുന്ന സർക്കാരിന്റെ ഇച്ഛാ ശക്തി കഴിഞ്ഞ രണ്ടുവർഷത്തെ ഭരണ കാലഘട്ടത്തിൽ കാണാൻ സാധിക്കും.

<u>ശ്രീ. എം. എ. വാഹീദ്</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സംസ്ഥാനത്ത് ഒരു സർക്കാരില്ലാത്ത അവസ്ഥയാണുള്ളത്. മന്ത്രിസഭയ്ക്ക് ഉത്തരവാദിത്വമില്ല. ചീഫ് സെക്രട്ടറിയ്ക്കുവരെ രാജിവച്ച് പുറത്തുപോകേണ്ട

ഒരു സാചര്യം ഈ ഗവൺമെന്റിന്റെ കാലത്ത് ഉണ്ടായി. ഐ.എ.എസ്., ഐ.പി.എസ്., ഐ.എഫ്.എസ്. ഉദ്യോഗസ്ഥർ കേരളം വിട്ട് കേന്ദ്ര സർവ്വീസിലേയ്ക്ക് ചേക്കേറിക്കൊണ്ടിരിക്കുകയാണ്. ഗോൾഫ് ക്ലബ്ബ് പ്രശ്നത്തിൽ നിയമ വകുപ്പും റവന്യൂ വകുപ്പും രണ്ട് ധ്രുവങ്ങളിലാണ്. ഭക്ഷ്യസുരക്ഷാ പദ്ധതി സി.പി.ഐ.(എം) -സി.പി.ഐ. തർക്കത്തിന്റെ പേരിൽ നടപ്പിലാക്കാൻ സാധിക്കുന്നില്ല. ഇന്ന് പ്രവർത്തികമാക്കിക്കൊണ്ടിരിക്കുന്ന വികസന പദ്ധതികൾക്കെല്ലാം തുടക്കം കുറിച്ചത് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണ്. ആരോഗ്യ മേഖലയിലും ഗ്രാമ വികസന മേഖലയിലും കാർഷിക മേഖലയിലും പട്ടികജാതി-പട്ടികവർഗ്ഗ വികസന മേഖലയിലുമെല്ലാം കേന്ദ്ര ഗവൺമെന്റ് നൽകുന്ന പണമുപയോഗിച്ചാണ് വികസന പ്രവർത്തനങ്ങൾ നടത്തുന്നത്. പീഡിത വ്യവസായ സ്ഥാപനങ്ങളായ കെൽടെക്, ആട്ടോകാസ്റ്റ് തുടങ്ങിയവ കേന്ദ്ര ഗവൺമെന്റാണ് ഏറ്റെടുത്തത്. ജപ്പാൻ കുടിവെള്ള പദ്ധതി, രാജീവ് ഗാന്ധി റൂറൽ വാട്ടർ സപ്ലൈ സ്കീം തുടങ്ങിയവയെല്ലാം നടപ്പിലാക്കുന്നത് നബാർഡ് പോലുള്ള കേന്ദ്ര ഏജൻസികളുടെ ധനസഹായത്തോടെയാണ്. കർഷക കടാശ്വാസത്തിന് സംസ്ഥാന സർക്കാർ ഒരു പൈസ പോലും ചെലവഴിച്ചിട്ടില്ല. വിഴിഞ്ഞം തുറമുഖ പദ്ധതി, വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ, സ്മാർട്ട് സിറ്റി, ടെക്നോ സിറ്റി തുടങ്ങിയ പദ്ധതികൾക്കെല്ലാം ഭൂമി ഏറ്റെടുത്തത് കഴിഞ്ഞ ഗവൺമെന്റാണ്.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ :സർ, ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. കേരളത്തിന് അർഹതപ്പെട്ട കേന്ദ്ര വിഹിതം ഉപയോഗിച്ചാണ് വികസന പ്രവർത്തനങ്ങൾ നടത്തുന്നത്. കഴിഞ്ഞ ഗവൺമെന്റ് കുടിശ്ശിക വരുത്തിയ 26 മാസത്തെ കർഷകത്തൊഴിലാളി പെൻഷൻ ഉൾപ്പെടെ 686 കോടി രൂപയുടെ

വിവിധ ക്ഷേമ പെൻഷൻ കുടിശ്ശികകളാണ് ഈ ഗവൺമെന്റ് കൊടുത്തു തീർത്തത്. ക്ഷേമ പെൻഷൻ തുകകൾ വർദ്ധിപ്പിക്കാൻ തയ്യാറായതും ഈ ഗവൺമെന്റിന്റെ കാലത്താണ്. രണ്ട് കൊല്ലം പിന്നിട്ട ഈ ഗവൺമെന്റിലെ ഒരു മന്ത്രിക്കെതിരെപ്പോലും അഴിമതി ആരോപണമുണ്ടായിട്ടില്ല. കർഷക കടാശ്വാസ നിയമം കൊണ്ടുവന്നതും കാർഷിക കടംമൂലം ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബാംഗങ്ങൾക്ക് നഷ്ടപരിഹാരം നൽകിയതും ഈ ഗവൺമെന്റാണ്. കിലോയ്ക്ക് 10 രൂപ നിരക്കിൽ സംസ്ഥാന സർക്കാർ നെല്ല് സംഭരിച്ചു. അവശ്യ സാധനങ്ങളുടെ വിലക്കയറ്റം സംസ്ഥാന സർക്കാരിന്റെ സമയബന്ധിതമായ ഇടപെടൽമൂലം നിയന്ത്രിക്കാൻ സാധിച്ചു. സഞ്ചരിക്കുന്ന മാവേലി/നീതി സ്റ്റോറുകൾ തുടങ്ങിയത് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്താണ്. ചരിത്രത്തിലാദ്യമായി 28 ലക്ഷം കുട്ടികൾക്ക് 15 കിലോ അരി വീതം നൽകിയതും ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരാണ്. കഴിഞ്ഞ സർക്കാർ 5 വർഷം കൊണ്ട് 177 കോടി രൂപ സിവിൽ സപ്ലൈസ് കോർപ്പറേഷന് കൊടുത്ത സ്ഥാനത്ത് രണ്ടര വർഷംകൊണ്ട് 311 കോടി രൂപ സിവിൽ സ്പ്ലൈസ് കോർപ്പറേഷന് ഈ ഗവൺമെന്റ് കൊടുത്തു. എൽ.ഡി. എഫ് സർക്കാർ കഴിഞ്ഞ രണ്ടുകൊല്ലം കൊണ്ട് 18,000 ഏക്കർ സർക്കാർ ഭൂമി കയ്യേറ്റക്കാരിൽനിന്ന് തിരിച്ചുപിടിച്ചു. കേരളത്തിന്റെ സമീപകാല ചരിത്രത്തിലാദ്യമായി 2000-ത്തിലേറെ ആദിവാസികൾക്ക് ഒരേക്കർ വീതം ഭൂമികൊടുത്ത ഗവൺമെന്റാണിത്. യു.ഡി. എഫ്. ഭരണകാലത്ത് പൊതുമേഖലാ സ്ഥാപനങ്ങൾ 90 കോടി രൂപ നഷ്ടത്തിലായിരുന്നുവെങ്കിൽ ഇപ്പോൾ 20 കോടി രൂപ ലാഭത്തിലാണ്. 24 പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭകരമായി പ്രവർത്തിക്കുന്നു. അടച്ചുപൂട്ടിയ 11 പൊതുമേഖലാ സ്ഥാപനങ്ങൾ തുറക്കാൻ കഴിഞ്ഞു. ചരിത്രത്തി

ലാദ്യമായി കേരള വാട്ടർ അതോറിറ്റിയുടെ 1006 കോടി രൂപയുടെ കടം എഴുതിത്തള്ളാൻ തീരുമാനിച്ചു. യു.ഡി.എഫ്. ഗവൺമെന്റ് 5 കൊല്ലംകൊണ്ട് കെ.എസ്.ആർ.ടി.സി.ക്ക് 225 കോടി രൂപ കൊടുത്തുവെങ്കിൽ എൽ.ഡി.എഫ്. ഗവൺമെന്റ് കഴിഞ്ഞ 2 കൊല്ലംകൊണ്ട് 166 കോടി രൂപ കൊടുത്തു. വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ, സ്മാർട്ട് സിറ്റി, വിഴിഞ്ഞം തുറമുഖം, ദേശീയ ജലപാത, കൊച്ചി മെട്രോ റെയിൽവേ, കണ്ണൂർ വിമാനത്താവളം, അഴീക്കൽ തുറമുഖം തുടങ്ങി കേരളം വികസനത്തിന്റെ കാര്യത്തിൽ മിന്നൽവേഗത്തിലാണ് മുന്നേറുന്നത് ഭരണഘടനാപരമായി സംസ്ഥാനങ്ങൾക്ക് ലഭിക്കേണ്ട ഗ്രാന്റ് കുറയ്ക്കാനുള്ള നടപടികളാണ് കേന്ദ്ര ഗവണ്മന്റ് സ്വീകരിക്കുന്നത്. സംസ്ഥാനങ്ങൾക്ക് ധനസഹായം നൽകുന്നതിനുള്ള സംഖ്യ കേന്ദ്രാവിഷ്കൃത പദ്ധതിയായി കൊടുത്തുകൊണ്ടിരിക്കുന്നു. വായ്പാ പരിധി കർശനമാക്കിയും ബി.പി.എൽ. എണ്ണം വെട്ടിക്കുറച്ചും കേന്ദ്ര ഭക്ഷ്യ വിതരണത്തിൽ കുറവു വരുത്തിയും കേന്ദ്ര വൈദ്യുതി വിഹിതം വെട്ടിക്കുറച്ചും കേരളത്തെ ശ്വാസം മുട്ടിക്കുന്ന നടപടികളാണ് കേന്ദ്രം സ്വീകരിച്ചുവരുന്നത്. മലപ്പുറത്ത് പുസ്തകങ്ങൾ കത്തിച്ച് അക്രമ സമരം സംഘടിപ്പിച്ച് കേരളത്തെയാകെ ഒരു കലാപഭൂമിയാക്കിമാറ്റാനാണ് യു.ഡി.എഫ്-ഉം കോൺഗ്രസ്സും ശ്രമിക്കുന്നത്. യു.ഡി.എഫ്. ഭരണകാലത്ത് പതിനായിരക്കണക്കിന് ഇടതുപക്ഷ പ്രവർത്തകരെ കൽത്തുറങ്കിലടയ്ക്കുകയും ആയിരക്കണക്കിന് ആളുകൾ ലാത്തിച്ചാർജ്ജിനിരയാവുകയും അവർക്കെതിരെ കള്ളക്കേസുകൾ എടുക്കുകയും ചെയ്തിട്ടുണ്ട്. ജനപ്രതിനിധികളെ ഒരു കാരണവശാലും തല്ലാൻ പാടില്ല. യു.ഡി.എഫ്. ഭരണകാലത്ത് മന്ത്രിമാരേയും എം.എൽ.എ.മാരേയും എം.പി. മാരേയും വിദ്യാർത്ഥികളേയും മർദ്ദിച്ച നിരവധി സംഭവങ്ങളുണ്ടായിട്ടുണ്ട്.

എ.കെ.ജി. സെന്ററിനുനേരെ ആക്രമണമുണ്ടായിട്ടുണ്ട്. യു.ഡി.എഫ്. ഭരണ കാലത്താണ് ഇലക്ട്രിക് ബാറ്റൺ, ജലപീരങ്കി, ഗ്രനേഡ് എന്നിവ കൊണ്ടു വന്നത്.

പ്രതിപക്ഷ നേതാവ് <u>(ശ്രീ. ഉമ്മൻ ചാണ്ടി)</u> : ധനാഭ്യർത്ഥനയെ എതിർക്കുന്നു. ഇങ്ങനെയൊരു ധനാഭ്യർത്ഥന അവതരിപ്പിക്കാൻ ഈ ഗവൺമെന്റിന് ധാർമ്മികമായ അവകാശമില്ല. ഭരണപരമായ അധികാര ങ്ങളും അവകാശങ്ങളും വിനിയോഗിക്കാൻ മുഖ്യമന്ത്രിക്ക് കഴിയുന്നില്ല. ഈ ഗവൺമെന്റിന്റെ കൂട്ടുത്തരവാദിത്വം നഷ്ടപ്പെട്ടിരിക്കുന്നു. ഇന്ത്യയിൽ മറ്റ് എല്ലാ സംസ്ഥാനങ്ങളും ഭക്ഷ്യ സുരക്ഷാ പദ്ധതി നടപ്പി ലാക്കിയശേഷമാണ് കേരളത്തിന് നടപ്പിലാക്കുന്നതിനുള്ള ഗ്രീൻ സിഗ്നൽ ലഭിച്ചത്. ഗോൾഫ് ക്ലബ് വിവാദത്തിൽ ഗവൺമെന്റിനുവേണ്ടി രണ്ട് സത്യവാ ങ്മൂലങ്ങളാണ് നൽകിയിട്ടുള്ളത്. കൂട്ടുത്തരവാദിത്വം നഷ്ടപ്പെട്ടിരിക്കുന്ന ഈ ഗവൺമെന്റിന് ഇങ്ങനെയൊരു ധനാഭ്യർത്ഥന കൊണ്ടുവരാൻ അവകാശ മില്ല. പ്ലാൻ എക്സ്പെന്റിച്ചർ നോക്കിയിട്ടാണ് ഗവൺമെന്റിന്റെ പെർഫോർമൻസ് വിലയിരുത്തുന്നത്. 2006-07-ലെ പ്ലാൻ എക്സ്പെന്റി ച്ചറായി 6680.87 കോടി രൂപയുടെ പദ്ധതി അംഗീകരിച്ചുവെങ്കിലും ചെലവഴിച്ചത് 4785.31 കോടി രൂപയാണ്. 2007-08-ൽ 6950 കോടി രൂപയുടെ പ്ലാൻ എക്സ്പെന്റിച്ചർ ഉണ്ടായിരുന്നുവെങ്കിലും ചെലവഴിച്ചത് 5065 കോടി രൂപയാണ്. പ്ലാൻ എക്സ്പെന്റിച്ചർ യഥാസമയം ചെലവഴിക്കാനോ അതിനാ വശ്യമായ റിസോഴ്സസ് ഉണ്ടാക്കാനോ കഴിയാത്ത സ്ഥിതിയുണ്ടായിരി ക്കുന്നു. റിസോഴ്സസ് കണ്ടെത്താൻ കഴിയുന്നില്ലെങ്കിൽ പ്രയോറിറ്റി കുറഞ്ഞവയ്ക്ക് പ്ലാൻ കട്ട് ഏർപ്പെടുത്തുകയാണ് ശരിയായ ഫിനാൻസ് മാനേജുമെന്റ്. ത്രിതല പഞ്ചായത്തുകൾക്കും കൃഷിവകുപ്പിനും ജലസേചന

വകുപ്പിനും അനുവദിച്ച തുക ലാപ്സായത് ഗവൺമെന്റിന്റെ തെറ്റായ സമീപനം മൂലമാണ്. ഇന്നത്തെ മുഖ്യമന്ത്രി പ്രതിപക്ഷനേതാവായിരുന്നപ്പോൾ പറഞ്ഞ ഒരു കാര്യംപോലും ഭരണത്തിൽ വന്ന് രണ്ടുവർഷമായിട്ടും നിറവേറ്റാൻ കഴിഞ്ഞിട്ടില്ല. ദേശാഭിമാനിക്കുവേണ്ടി വാങ്ങിയ 2 കോടി രൂപ, ലിസ്സിൽ നിന്നുള്ള ഒരു കോടി രൂപ ഇതെല്ലാം ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ അഴിമിതി ഭരണത്തിനുദാഹരണങ്ങളാണ്. ഭൂപരിഷ്ക്കരണ നിയമം നിലനിൽക്കുമ്പോൾ തന്നെ നിയമവിരുദ്ധമായി എച്ച്.എം.ടി.യുടെ 70 ഏക്കർ സ്ഥലം ബ്ലൂ സ്റ്റാർ കമ്പനിയുടെ കൈയിലിരിക്കുന്നത് ഏറ്റെടുക്കാനുള്ള നടപടി സ്വീകരിക്കുന്നില്ല. മെർക്കിസ്റ്റൺ എസ്റ്റേറ്റ് ഐ.എസ്. ആർ.ഒ.ക്ക് കൈമാറിയിട്ടില്ല. കർഷക കടാശ്വാസ കമ്മീഷന് പ്രവർത്തിക്കാനാവശ്യമായ സ്റ്റാഫിനെ കൊടുത്തിട്ടില്ല. കർഷകർക്ക് ആശ്വാസം നൽകുന്നതിന് 2007-08-ൽ 50 കോടി രൂപ ബഡ്ജറ്റിലുണ്ടായിരുന്നെങ്കിലും അത് ലാപ്സായി. വയനാട് ജില്ലയൊഴികെ മറ്റൊരു ജില്ലയിലേയും പരാതികളിൽ കടാശ്വാസ കമ്മീഷൻ തീരുമാനമെടുത്തിട്ടില്ല. സംസ്ഥാന ഗവൺമെന്റിന് പ്രഖ്യാപനം മാത്രമേയുള്ളൂ. കേരളത്തിൽ നെല്ലു സംഭരിച്ചയിനത്തിൽ 59 കോടി രൂപയുടെ കുടിശ്ശികയുണ്ട്. കുട്ടനാട്ടിൽ നെല്ല് സംഭരണത്തിന്റെ ഭാഗമായി കർഷകർക്ക് ലഭിക്കാനുള്ള 48 കോടി രൂപ എത്രയും വേഗം കൊടുക്കാനുള്ള നടപടികൾ സ്വീകരിക്കണം. മൂന്നാർ ദൗത്യത്തെ തുടർന്ന് അനധികൃതമായി കൈവശം വച്ചിരുന്ന 15,000 ഏക്കർ ഭൂമി പിടിച്ചെടുത്തതായി ഗവൺമെന്റ് അവകാശപ്പെടുന്നു. അതു ആരുടെയൊക്കെ കൈകളിൽ നിന്നാണ് പിടിച്ചെടുത്തതെന്നുള്ളതിന്റെ വിശദാംശം വെളിപ്പെടുത്തണം. കുട്ടനാട്ടിൽ മുരുക്കന്റെ കയ്യിൽ നിന്നും പിടിച്ചെടുത്ത് ഭൂരഹിതരായ കർഷകത്തൊഴിലാളികൾക്ക് വിതരണം ചെയ്ത

217 ഏക്കർ മിച്ചഭൂമി ഭൂമി മാഫിയകൾ കൈവശപ്പെടുത്തിയിരിക്കുകയാണ്. അതു തിരിച്ചു പിടിക്കണം. ഭൂമി മാഫിയകൾ പാവപ്പെട്ട കർഷകരുടെ ഭൂമികൾ തട്ടിയെടുക്കാതിരിക്കുന്നതിനാവശ്യമായ നടപടികളുണ്ടാകണം. ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ് കൊണ്ടുവന്ന ജനക്ഷേമകരങ്ങളായ പദ്ധതികളെല്ലാം ഈ ഗവൺമെന്റ് സ്തംഭിപ്പിച്ചിരിക്കുകയാണ്. ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ ആരോഗ്യ സുരക്ഷാ ഇൻഷ്വറൻസ് പദ്ധതി ഈ ഗവൺമെന്റ് മറ്റൊരു രൂപത്തിൽ കൊണ്ടുവരുമ്പോൾ മുൻ പദ്ധതിയിൽ പറഞ്ഞിട്ടുള്ള എല്ലാ ആനുകൂല്യങ്ങളും നൽകാൻ സാധിക്കണം. കേന്ദ്രഗവൺമെന്റിന്റെ നിർദ്ദേശാനുസരണം ഇന്ത്യയിലൊട്ടാകെ നടപ്പാക്കിയ "ആശ്രയ പദ്ധതി" കേരളത്തിലെ മുഴുവൻ പ്രദേശങ്ങളിലും വ്യാപിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. കണ്ണൂർ എയർപോർട്ടിന്റെ കാര്യം ഒഴിച്ച് ഐക്യജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്ത് തുടങ്ങി വച്ച കെ.എസ്.ടി.പി. പദ്ധതിയടക്കം എല്ലാ വികസനപരിപാടികളും ഈ ഗവൺമെന്റ് സ്തംഭിപ്പിച്ചിരിക്കുകയാണ്. ഐക്യജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്ത് സാങ്കേതികത്വത്തിന്റെ പേരിൽ സ്മാർട്ട് സിറ്റി, ഇൻഫോ പാർക്ക് തുടങ്ങിയ പദ്ധതികൾക്ക് തുരങ്കം വച്ചവർ അധികാരമേറ്റശേഷം കോടിക്കണക്കിനു രൂപ നഷ്ടപ്പെടുത്തിക്കൊണ്ട് ആ പദ്ധതികൾ പുനരാരംഭിക്കാൻ അനുവാദം കൊടുത്തിരിക്കുകയാണ്. വികസന പ്രവർത്തനങ്ങളിലും സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളിലും ലക്ഷ്യബോധമില്ലാതെയാണ് ഗവൺമെന്റ് നീങ്ങുന്നത്. ഐക്യജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്തു തുടങ്ങി വച്ച ലക്ഷം വീട് പദ്ധതി എത്രയും വേഗം പൂർത്തിയാക്കണം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നിയമന നിരോധനമുണ്ടായിരുന്നതായി ആക്ഷേപിച്ചവർ അധികാര

ത്തിൽ വന്നതിനുശേഷം ഇതുവരെ എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ട് എന്ന ചോദ്യത്തിനു മറുപടി നൽകിയിട്ടില്ല. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ആദിവാസികൾക്കുവേണ്ടി അക്വയർ ചെയ്തിരുന്ന ഭൂമി വിതരണം ചെയ്യാനാവശ്യമായ നടപടികൾ സ്വീകരിക്കണം.

<u>മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ):</u> ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പി.എസ്.സി. വഴി 50,900 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. എച്ച്.എം.ടി. ഭൂമിയെ സംബന്ധിച്ച് ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ മാത്രമേ തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ. ബ്ലൂസ്റ്റാർ റിയൽസ്റ്റേറ്റ് പ്രശ്നത്തിൽ വ്യക്തമായി ഐഡന്റിഫൈ ചെയ്യാതെ തീരുമാനമെടുക്കാൻ കഴിയില്ല. അതു സംബന്ധിച്ച് കേസ് നടന്നുകൊണ്ടിരിക്കുകയാണ്. ഐക്യജനാധിപത്യമുന്നണിയുടെ ഭരണം അഴിമതി നിറഞ്ഞതായിരുന്നു. മതികെട്ടാനിൽ നിന്നും പിടിച്ചെടുത്ത ഭൂമി ദേശീയ പാർക്കായി പ്രഖ്യാപിച്ചു. കേരളത്തിന്റെ പല ഭാഗങ്ങളിലും പ്രമാണിമാരായ ആളുകൾ കയ്യേറിയ ഒരു സെന്റ് ഭൂമി പോലും തിരിച്ചെടുക്കാൻ ഐക്യജനാധിപത്യമുന്നണി ഗവൺമെന്റിന് കഴിഞ്ഞിരുന്നില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം മൂന്നാറിലുൾപ്പെടെ അനധികൃതമായി കയ്യേറിയ ഭൂമികൾ തിരിച്ചു പിടിക്കാൻ കഴിഞ്ഞിട്ടുണ്ട്. കോടതികളിൽ നിലവിലുള്ള കേസ്സുകളിൽ തീർപ്പുകൽപ്പിക്കുന്ന മുറയ്ക്ക് അനധികൃതമായി കയ്യേറിയ എല്ലാ ഭൂമിയും ഗവൺമെന്റ് തിരിച്ചു പിടിക്കും. മൂന്നാറിൽ 15,000 എക്കർ ഭൂമി ആരുടെയൊക്കെ കൈകളിൽ നിന്നാണ് തിരിച്ചു പിടിച്ചത് എന്നതിന്റെ ഡീറ്റെയിൽസ് ഒരു മാസത്തിനകം നൽകുന്നതാണ്. നിയമന നിരോധനം നിലവിലുണ്ടായിരുന്ന ഐക്യജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്ത് നടത്തിയിരുന്ന നിയമനത്തിന്റെ വിശദാംശങ്ങളും പ്രതിപക്ഷനേതാവിനെ അറി

യിക്കുന്നതാണ്. കേരളത്തിൽ അരിയുടെ വിലക്കയറ്റത്തിനുള്ള പ്രധാന ഉത്തരവാദി കേന്ദ്ര ഗവൺമെന്റാണെന്ന് എല്ലാവർക്കും അറിയാവുന്നതാണ്. കേന്ദ്ര ഗവൺമെന്റ് വെട്ടിക്കുറച്ച അരിയുടെ ക്വാട്ട പുന:സ്ഥാപിക്കണമെന്ന് പല പ്രാവശ്യം ആവശ്യപ്പെട്ടിട്ടുണ്ട്. അരി, പാൽ, മുട്ട, പച്ചക്കറി തുടങ്ങിയ നിത്യോപയോഗസാധനങ്ങളുടെ വിലക്കയറ്റം പിടിച്ചു നിറുത്തുന്നതിനാവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിക്കുന്നതാണ്. ആശ്രയപദ്ധതി ഒരു സംസ്ഥാനത്തും ഇതുവരെ നടപ്പിലാക്കിയിട്ടില്ല. സ്മാർട്ട് സിറ്റിക്ക് നിശ്ചയിച്ചിട്ടുള്ള വ്യവസ്ഥകൾ അനുസരിച്ചുതന്നെ ഇൻഫോ പാർക്കും പ്രാവർത്തികമാക്കുന്നതാണ്. കേന്ദ്ര ഗവൺമെന്റ് പൊതുവിതരണ സമ്പ്രദായത്തിൽ സ്വീകരിച്ചിട്ടുള്ള നിലപാടുകളെക്കുറിച്ച് കോൺഗ്രസ്സിന്റെ അഭിപ്രായം വ്യക്തമാക്കണം. സംസ്ഥാനത്ത് അരി വില വർദ്ധിച്ചപ്പോൾ അയൽ സംസ്ഥാനങ്ങളിൽ നിന്ന് അരി വാങ്ങി പൊതുജനങ്ങൾക്ക് എത്തിക്കാനുള്ള നടപടി സ്വീകരിച്ചു. ഐ.ടി. രംഗത്ത് അക്ഷയ പദ്ധതി, മലയാളം കംപ്യൂട്ടിംഗ്, സ്വതന്ത്ര സോഫ്റ്റ് വെയർ ഇവയൊക്കെ സംസ്ഥാനത്തൊട്ടാകെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഇൻഡ്യയുടെ മറ്റ് സംസ്ഥാനങ്ങളിൽ വിദർഭാ പദ്ധതി നടപ്പിലാക്കിയപ്പോൾ കർഷക ആത്മഹത്യ വർദ്ധിച്ചുവെങ്കിൽ കേരളത്തിൽ മൂന്ന് ജില്ലകളിൽ മാത്രം നടപ്പിലാക്കിയ ഈ പദ്ധതികൊണ്ട് ആത്മഹത്യ കുറയ്ക്കാൻ കഴിഞ്ഞുവെന്നുള്ളത് അഭിമാനകരമാണ്. കൊല്ലം-കോട്ടപ്പുറം ജലപാതയിലൂടെ ചരക്ക് ഗതാഗതവും യാത്രാ സൗകര്യവും ഏർപ്പെടുത്താൻ സാധിച്ചു. കോട്ടപ്പുറം-നീലേശ്വരം, കൊല്ലം-കോവളം ദേശീയ ജലപാത രണ്ട് കൊല്ലത്തിനകം നടപ്പിലാക്കാനുള്ള നടപടിയുമായി മുന്നോട്ടു പോകുകയാണ്. ദേശീയ ജലപാതകൾ പ്രാവർത്തികമാകുന്നതോടുകൂടി

റോഡപകടങ്ങൾ കുറയാനും ചരക്ക് കൂലിയും യാത്രാ കൂലിയും കുറയാനും ഇടയാകും. പാഠപുസ്തകത്തിന്റെ പേരിൽ അനുഭാവികളെ ഇളക്കിവിട്ട് ക്രമസമാധാനം തകർക്കുന്നത് കോൺഗ്രസ് അവസാനിപ്പിക്കണം. ജനപ്രതിനിധികളേയോ പാർട്ടി പ്രവർത്തകരേയോ പോലീസ് മർദ്ദിക്കുന്നതിന് ഗവൺമെന്റ് എതിരാണ്. സ്കൂൾ സിലബസ്സിൽ ആക്ഷേപകരമായ എന്തെങ്കിലും കാര്യമുണ്ടെങ്കിൽ അത് എഴുതി തന്നാൽ പരിശോധിച്ച് മാറ്റം വരുത്തുന്നതിന് ഗവൺമെന്റ് തയ്യാറാണ്. കേന്ദ്ര ഗവൺമെന്റ് ഇറക്കുമതി ചുങ്കം ഇളവ് ചെയ്തതുമൂലം സംസ്ഥാനത്തെ കാർഷികോൽപ്പന്നങ്ങളുടെ വില തകർന്നുകൊണ്ടിരിക്കുകയാണ്. ഭൂ-മാഫിയകളെ തടയുന്നതിനു വേണ്ടിയുള്ള നിയമ നിർദ്ദേശങ്ങൾ നൽകുന്നതിന് ഒരു സമിതിക്ക് രൂപം നൽകാൻ ആലോചിച്ചുകൊണ്ടിരിക്കുകയാണ്. പെൺ വാണിഭ കേസുകളെക്കുറിച്ചുള്ള അന്വേഷണങ്ങൾ നടക്കുകയാണ്. കപട സന്യാസികളെ കണ്ടെത്തി ശിക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ നിരാകരിക്കപ്പെട്ടു.

സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥന 31-നെതിരെ 81 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ രാത്രി 8.00 മണിക്ക് പിരിഞ്ഞു.